# ഗിരിദീപം

ജൂലൈ 2023



ജൂലൈ 03

മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ



അഭിവന്ദ്യ പിതാവ് ജർമ്മനിയിലും ഓസ്ട്രിയയിലും ശുശ്രൂഷ
ചെയ്യുന്ന നമ്മുടെ പ്രിയപ്പെട്ട വൈദികരോടൊപ്പം



തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി മൈനർ സെമിനാരിയിൽ
ചേർന്ന ഒന്നാം വർഷ വൈദികവിദ്യാർത്ഥികൾ
റെക്ടർ ബഹു. ജോർജ് കരോട്ടച്ചനോടൊപ്പം

ജൂലൈ 2023

വാല്യം 06
ലക്കം 07

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. ഇടയലേഖനം - ദുക്റാനതിരുനാൾ - സഭാദിനം ................................ 05
2. കെ.സി.ബി.സി. സർക്കുലർ- യുവജനദിനം ........................................ 11
3. സിനഡനന്തര സർക്കുലർ ........................................................ 15
4. കച്ചേരിക്കാര്യം ........................................................................ 19
5. സെമിനാരി വാർത്തകൾ ............................................................ 33
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ............................................ 38
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ....................................................... 45
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........................................................ 50
   തിരുബാലസഖ്യം ....................................................................... 57
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ............................................................ 59
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ......................................................... 65
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ............................................... 68
   നിർമ്മലഗിരി കോളേജ് ............................................................... 71
   സാൻജോസ് അക്കാദമി ................................................................ 75
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........................................ 76
12. ലെ അപ്പൊസ്റ്റൊലേറ്റ് ................................................................ 78
13. ഓവർസീസ് അപ്ഡേറ്റ്സ് ................................................................ 81
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .......................................... 83
   എയ്ഞ്ചൽ ട്രസ്റ്റ് ....................................................................... 85
   ബയോ മൗണ്ടൻ ഫാർമേഴ്സ് ......................................................... 87
15. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........................ 91
16. Engagements - July (Archbishop Mar Joseph Pamplany) .................. 94
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ...................... 95
18. Engagements - July (Archbishop Mar George Njaralakatt) ................ 96
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ....................... 97

Prot. No. 0611/2023

# ഇടയലേഖനം

## ദുക്റാനതിരുനാൾ - സഭാദിനം 2023

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ സഭാദിനമായി മുൻ വർഷങ്ങളിലേതുപോലെതന്നെ ഈ വർഷവും നമ്മൾ ആചരിക്കുകയാണല്ലോ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന മാർതോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവും തുടർന്ന് അദ്ദേഹം നടത്തിയ സുവിശേഷപ്രഘോഷണയാത്രയും താൻ പ്രഘോഷിച്ച വിശ്വാസത്തിനു സാക്ഷ്യം നല്കികൊണ്ടു വരിച്ച രക്ത സാക്ഷിത്വവുമാണ് നമ്മുടെ സഭയുടെയും നാമോരോരുത്തരുടെയും വിശ്വാസം പണിതുയർത്തിയിരിക്കുന്ന മൂലക്കല്ല്. രക്ഷാകരസന്ദേശം ഭാരതത്തിൽ എത്തിക്കാൻ മാർതോമാശ്ലീഹായെ നിയോഗിച്ച ദൈവപരിപാലനയ്ക്കു നന്ദി പറയാനും ശ്ലീഹായുടെ ജീവിതസാക്ഷ്യ ത്തിൽനിന്ന് ഊർജം സ്വീകരിച്ചുകൊണ്ടു ഇന്നത്തെ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ ധീരതയോടെ അഭിമുഖീകരിക്കാനുള്ള വിശ്വാസതീക്ഷ്ണതയ്ക്കുവേണ്ടി പ്രാർഥിക്കാനും ഈ വർഷത്തെ തിരുനാളാഘോഷം ഇടവരുത്തട്ടെ. അതിനുതകുന്ന ഏതാനും കാര്യ ങ്ങൾ ഈ ഇടയലേഖനത്തിലൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

ക്രിസ്തുവർഷം 72-ൽ മദ്രാസിലെ ചിന്നമലയിൽ മാർതോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ 1950-ാം വാർഷികാചരണമായിരുന്നു കഴിഞ്ഞ വർഷത്തെ ദുക്റാന തിരുനാളിന്റെ മുഖ്യപ്രമേയം. സഭയുടെ വിവിധ തലങ്ങളിൽ അതു നമ്മൾ ആഘോഷിച്ചു. സീറോമലബാർ ഹയരാർക്കി 1923-ൽ സ്ഥാപിതമായതിന്റെ ശതാബ്ദിവർഷമെന്ന പ്രത്യേകതയാണ് ഈ വർഷത്തെ ആഘോഷങ്ങൾക്കുള്ളത്. മാർതോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്താൽ ആരംഭിച്ച ഈ സഭ ആദ്യനൂറ്റാണ്ടുകളിൽ തദ്ദേശീയമായ സംവിധാനങ്ങളിലൂടെ വളർച്ചയാരംഭിക്കുകയും പേർഷ്യൻ സഭയുമായുള്ള ബന്ധത്തിലൂടെ

ആരാധനക്രമപരവും ഘടനാപരവുമായ വളർച്ച നേടുകയും ചെയ്തു. പതിനാറാംനൂറ്റാണ്ടിൽ ലത്തീൻ ഭരണസംവിധാനത്തിലായ നമ്മുടെ സഭ, ഉദയംപേരൂർ സൂനഹദോസിലൂടെയുണ്ടായ പ്രതിസന്ധിവഴി കൂനൻ കുരിശുസത്യത്തിലേക്കു നയിക്കപ്പെട്ടു. ഈ സാഹചര്യത്തിലും പരിശുദ്ധ സിംഹാസനത്തോടൊപ്പം നില്ക്കാൻ നമുക്കു കഴിഞ്ഞു. 1887-ൽ ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പയാണ് സുറിയാനി കത്തോലിക്കരെ ലത്തീൻ സഭയിൽനിന്നു വേർതിരിച്ചു കൊണ്ടു സീറോമലബാർ വിശ്വാസികൾക്കുവേണ്ടി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചത്. 1896-ൽ കോട്ടയം, തൃശൂർ വികാരിയാത്തുകളിൽനിന്നു എറണാകുളം വികാരിയാത്തു സ്ഥാപിതമാകുകയും കോട്ടയം വികാരിയാത്തു ചങ്ങനാശ്ശേരി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ മൂന്നു വികാരിയാത്തുകളിലും തദ്ദേശീയമെത്രാന്മാരെ നിയമിക്കുകയും ചെയ്തു. 1911-ൽ ക്നാനായക്കാർക്കായി കോട്ടയം വികാരിയാത്തു സ്ഥാപിതമായി. ഈ ഹയരാർക്കിക്കൽ സംവിധാനങ്ങളുടെ പൂർത്തീകരണമായി 1923 ഡിസംബർ 21-ന് പതിനൊന്നാം പിയൂസ് മാർപാപ്പ എറണാകുളം വികാരിയാത്തിനെ അതിരൂപതയായും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം വികാരിയാത്തുകളെ സാമന്തരൂപതകളായും നിശ്ചയിച്ചുകൊണ്ടു സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു. നമ്മുടെ സഭയുടെ വളർച്ചയിൽ നാഴികക്കല്ലായി മാറിയ ഈ ചരിത്ര സംഭവത്തിന്റെ ശതാബ്ദിയാണ് ഈ വർഷം നമ്മളാചരിക്കുന്നത്.

പിന്നീടുള്ള വർഷങ്ങളിൽ നമ്മുടെ സഭയുടെ വളർച്ച ത്വരിതപ്പെടുത്തുന്ന നടപടികൾ പരി. സിംഹാസനം സ്വീകരിച്ചു. 1956-ൽ ചങ്ങനാശ്ശേരി അതിരൂപതയായി ഉയർത്തപ്പെട്ടു. കേരളത്തിലും കേരളത്തിനു പുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. 1990-ൽ പ്രാബല്യത്തിൽവന്ന പൗരസ്ത്യ കാനൻനിയമസംഹിതയനുസരിച്ച് 1992 ഡിസംബർ 16-ാം തീയതി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സീറോമലബാർസഭയെ മേജർആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. പിന്നീട് 1995-ൽ തൃശ്ശൂർ, തലശ്ശേരി രൂപതകൾ അതിരൂപതകളായി ഉയർത്തപ്പെട്ടു. ഭാരതത്തിലും ഭാരതത്തിനു പുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2017 ഒക്ടോബർ 10-ന് സീറോമലബാർ സഭയുടെ അതിർത്തി ഭാരതം മുഴുവനിലേക്കും വ്യാപിപ്പിക്കുകയും അജപാലനത്തിനും സുവിശേഷവത്ക്കരണത്തിനുമായുള്ള അവകാശം സഭയ്ക്കു നല്കുകയും

ചെയ്തത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ്. 1923-ൽ നിന്നു 2023-ലേക്കുള്ള വളർച്ചയുടെ ഫലമായി സീറോമലബാർ സഭയ്ക്കു ഭാരതത്തിൽ 31 രൂപതകളും ഭാരതത്തിനു പുറത്ത് 4 രൂപതകളും ഒരു അപ്പസ്തോലിക് വിസിറ്റേഷനും ഉൾപ്പെടെ സഭാസംവിധാനങ്ങളുടെ വിപുലീകരണത്തിലും ഇതരമേഖലകളിലും നിർണായകമായ വളർച്ചനേടാൻ സാധിച്ചുവെന്നതിൽ നമുക്കു ദൈവത്തിനു നന്ദിപറയാം.

സഭയുടെ ഹയരാർക്കിക്കൽ വളർച്ചയ്ക്കൊത്തു ആത്മീയതയിലും കൂട്ടായ്മയിലുമുള്ള വളർച്ചയും ഈ കാലയളവിൽ നേടാൻ സാധിച്ചിട്ടുണ്ട് എന്നതു യാഥാർത്ഥ്യമാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണു നമ്മുടെ സഭയ്ക്കു കൈവന്നിരിക്കുന്ന വളർച്ച. 2023 ജൂൺമാസം കൂടിയ മെത്രാൻസിനഡിൽ കൈക്കൊണ്ട തീരുമാനങ്ങൾ സഭയുടെ വളർച്ചയ്ക്കു പുതിയ ദിശാബോധം നല്കുന്നതിനും പ്രേഷിതമേഖലകളെ ശക്തിപ്പെടുത്തുന്നതിനും വിവിധ സഭാശുശ്രൂഷ കളെ ഏകോപിപ്പിക്കുന്നതിനും ഉപകരിക്കുന്നവയാണ്.ഭഈ ലക്ഷ്യത്തോടെയുള്ള സിനഡുതീരുമാനങ്ങൾ പരി. സിംഹാസന ത്തിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുമ്പോൾ നമ്മുടെ സഭയുടെ ചരിത്രം പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിക്കും. ദൈവപരിപാല നയിൽ ആശ്രയമർപ്പിച്ചുകൊണ്ടും നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടും പൗരസ്ത്യസഭയുടേതായ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടും നമുക്ക് ഒരുമിച്ചു മുന്നേറാം.

സാർവത്രികസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തിസഭയായി നാം വളരുമ്പോൾ പരിശുദ്ധ പിതാവിനോടു ചേർന്നു വൈദികമേലധ്യക്ഷ ന്മാരും വൈദികരും സമർപ്പിതരും അല്മായരും വിധേയത്വത്തോടെയും സഹകരണമനോഭാവത്തോടെയും വർത്തിക്കണം. നമ്മുടെ സഭയിൽ സിനഡാത്മകത (synodality) എല്ലാതലങ്ങളിലും പ്രായോഗികമാ ക്കാൻ എല്ലാവരും പരിശ്രമിക്കണം. ഒന്നിച്ചു നടക്കുക എന്നതുകൊണ്ടു പരിശുദ്ധ പിതാവ് ഉദ്ദേശിക്കുന്നത് ഒന്നിച്ചു ചിന്തിക്കുകയും ഒന്നിച്ചു സംവദിക്കുകയും ഒരുമയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ജീവിത ശൈലിയാണ്. ദൈവത്തിന്റെ കൃപയാലും സഭാമക്കളുടെ സ്നേഹ ത്താലും സഹകരണത്താലും നമ്മുടെ സഭാകൂട്ടായ്മയെ ശക്തിപ്പെടു ത്താൻ നമുക്കു പരിശ്രമിക്കാം.

ഈ പശ്ചാത്തലത്തിൽ ഒരു പ്രത്യേക കാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭ കേരളത്തിൽനിന്നു ഭാരതത്തിന്റെ

വിവിധ ഭാഗങ്ങളിലേയ്ക്കും ഭാരതത്തിൽനിന്നു ലോകത്തിന്റെ വിവിധരാജ്യങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽനിന്നു സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനും ജോലിക്കും വേണ്ടി വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ പിന്നീടു അവിടങ്ങളിൽ സ്ഥിരതാമസക്കാരായി മാറുകയും ചെയ്യുന്നു. ഈ കുടുംബങ്ങൾക്കും വ്യക്തികൾക്കും അജപാലനശുശ്രൂഷ നല്കുന്നതിനായാണ് അമേരിക്കയിലും കാനഡയിലും ഗ്രേറ്റ്ബ്രിട്ടനിലും ഓസ്ട്രേലിയയിലും സീറോമലബാർ രൂപതകളും യൂറോപ്പിൽ അപ്പസ്തോലിക് വിസിറ്റേഷനും സ്ഥാപിതമായിരിക്കുന്നത്. മാതൃസഭയിൽനിന്നു വിദേശരാജ്യങ്ങളിൽ എത്തിച്ചേരുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റി ക്കൊടുക്കാനും സഭാകൂട്ടായ്മയിൽ അവരെ ചേർത്തുനിറുത്താനും മാതൃസഭയിലെ രൂപതകളും വിദേശരാജ്യങ്ങളിലെ രൂപതകളുംചേർന്നു സംയുക്ത അജപാലന പദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവർ സീറോമലബാർസഭയിലെ അംഗങ്ങൾ എന്ന അവബോധത്തോടെ തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കാനും ആരാധനക്രമസംബന്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരാനും കുഞ്ഞുങ്ങൾക്കു സഭാകൂട്ടായ്മയിൽ വിശ്വാസപരിശീലനം നൽകാനും ശ്രദ്ധിക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കട്ടെ.

ക്രൈസ്തവവിശ്വാസമനുസരിച്ചുള്ള ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ഇന്നു സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചുകൂടി ഏതാനും ചിന്തകൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ക്രൈസ്തവരും സഭാസമൂഹങ്ങളും സഭാസ്ഥാപനങ്ങളും വിവിധ മേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ. 16:15) എന്ന ദൈവകല്പിതമായ ദൗത്യം നിർവഹിക്കാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു. സുവിശേഷപ്രഘോഷണമില്ലെങ്കിൽ സഭയില്ല എന്ന സത്യം നമ്മൾ മനസിലാക്കണം. പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്താൽ ആകർഷിക്കപ്പെട്ടു ക്രൈസ്തവവിശ്വാസം സ്വീകരിക്കാൻ ഒരു വ്യക്തി ആഗ്രഹിച്ചാൽ അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല. കാരണം അത് കേവലം മാനുഷികമായ ഒരു തീരുമാനം മാത്രമല്ല ദൈവികപദ്ധതികൂടിയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കുന്നതുപോലെ എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ

ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല (6:44). പീഡനങ്ങൾക്കോ ഭീഷണികൾക്കോ ഒരു യഥാർത്ഥവിശ്വാസിയെ തന്റെ ബോധ്യത്തിൽനിന്നു പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു രക്തസാക്ഷികളുടെ ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷത്തിനുവേണ്ടി നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സത്യമാണ് പ്രഘോഷിക്കുന്നത്: എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ, ശക്തികൾക്കോ, ഉയരത്തിനോ, ആഴത്തിനോ, മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്നു എനിക്കു ഉറപ്പുണ്ട് (റോമ 8:38-39). ഐസിസ് തീവ്രവാദികൾ ലിബിയൻ കടൽത്തീരത്തു വച്ചു കഴുത്തറുത്തുകൊന്ന 21 എത്യോപ്യൻ രക്തസാക്ഷികളും ഇതേ തീവ്രവാദികളുടെ പീഡനനങ്ങൾക്കിടയിലും ഈശോയിലുള്ള വിശ്വാസം തള്ളിപ്പറയാതെ മരണംവരിച്ച ഇറാക്കിലെയും സിറിയയിലെയും നൂറുകണക്കിനു വിശ്വാസികളും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും മണിപ്പൂരിലും ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയുംചെയ്ത ക്രൈസ്തവസഹോദരങ്ങളും ഈ ലോകത്തിലുള്ള ഒരു ശക്തിക്കും ഒരു ഭീഷണിക്കും ഒരു യഥാർത്ഥ വിശ്വാസിയെ പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു ഈ കാലഘട്ടത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നു.

സംഘടിതമായ എതിർപ്പുകളുടെയും ന്യായീകരിക്കാനാകാത്ത പ്രകോപനങ്ങളുടെയും തിരഞ്ഞുപിടിച്ചുള്ള ആക്രമണങ്ങളുടെയും പശ്ചാത്തലത്തിലും പൊതുസമൂഹത്തിന്റെ നന്മയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള സഭയുടെ പ്രവർത്തനങ്ങൾ തുടരുന്നതിൽ നമുക്കു മടുപ്പും മനക്ലേശവും ഉണ്ടാകരുത്. ഇത്തരം സാഹചര്യങ്ങളിൽ നഷ്ടധൈര്യരാകാതെ വിശ്വാസം കാത്തുസൂക്ഷിക്കാനും കാരുണ്യത്തോടും സ്നേഹത്തോടുംകൂടെ ക്രൈസ്തവജീവിതം നയിക്കാനും അനുദിനജീവിതസാഹചര്യങ്ങളിൽ അതു സാക്ഷ്യപ്പെടുത്താനും നമുക്കു സാധിക്കണം. നമ്മെ പീഡിപ്പിക്കുന്നവരോടു കാരുണ്യപൂർവം വർത്തിക്കാൻ നമ്മുടെ വിശ്വാസം നമ്മെ നിർബന്ധിക്കുന്നു. അതേസമയം, നമ്മുടെ സ്ഥാപനങ്ങളും സംഘടനകളും വിവിധ സേവന മേഖലകളും ഇനിയും കാര്യക്ഷമമാക്കുകയും കുറവുകളും പോരായ്മകളും പരിഹരിച്ചു കൂടുതൽ ഫലപ്രദമാക്കുകയും എല്ലാ പ്രവർത്തനമേഖലകളിലും ആവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതു കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

തന്റെ ജീവിതത്തിലൂടെയും പ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും നമുക്കു മാതൃകയും പ്രചോദനവുമായ മാർതോമാശ്ലീഹായെ പിൻതുടർന്നു നമ്മുടെ വിശ്വാസജീവിതം ധീരതയോടെ നയിക്കാം. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു (യോഹ. 16:33) എന്ന ഈശോയുടെ വാക്കുകൾ എല്ലാ പ്രതിസന്ധികളിലും നമുക്ക് ഊർജവും ഉണർവും ഉത്തേജനവും നല്കട്ടെ. ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ സഭാമക്കൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ.

*കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ജൂൺ മാസം 25-ാം തീയതി നൽകപ്പെട്ടത്.*

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ ഇടയലേഖനം 2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No. 3879/K 35/OL/KCBC/DS 23.06.2023

# യുവജനദിനം 2023, ജൂലൈ 9, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 9, ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ ആശംസകൾ!

വിശുദ്ധ ജോൺപോൾ പാപ്പാ 1986 ൽ ആരംഭിച്ച ലോകയുവജനദിനാഘോഷത്തിന്റെ 17-ാമത്തെ പതിപ്പിൽ എത്തിനിൽക്കുന്നു. "മേരി എഴുന്നേറ്റു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു" (ലൂക്കാ 1,39) എന്ന വേദവാക്യമാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഈ വർഷത്തെ യുവജനദിനാഘോഷത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. സഭയുടെ ചാലകശക്തികളായ ലക്ഷക്കണക്കിന് യുവജനങ്ങൾ ഒരുമിച്ചുവന്ന് ആഹ്ളാദപൂർവം ദൈവത്തിന് നന്ദിപറയുന്ന അവസരത്തെ സമർപ്പിച്ച് നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയെപ്പോലെ തിടുക്കവും തീക്ഷ്ണതയുമുള്ള ഒരു യുവജനസഭ, കേരളസഭയിലുണ്ടാകാനായി നമുക്ക് പദ്ധതികൾ തയ്യാറാക്കാം.

**തീക്ഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി**

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് 'തീക്ഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി' എന്നതാണ്. കേരളസഭ 2022-25 വർഷങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. 'സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം' എന്ന ആപ്തവാക്യത്തിലൂന്നിയ സഭാ നവീകരണ പ്രവർത്തനങ്ങളിൽ മുഖ്യപങ്കു വഹിക്കേണ്ടത് യുവജനങ്ങളാണ്. കേരളസഭാ നവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാലഘട്ടമായിരുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, വിശ്വാസപരമായ സന്ദേഹങ്ങൾ, ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്. 2023 ഡിസംബർ 1,2,3 തീയതികളിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽവച്ച് 2024 വർഷം യുവജനവർഷമായി പ്രഖ്യാപിക്കപ്പെടുന്നു. കേരളസഭയിലെ യുവജ

നങ്ങൾ സഭയുടെ പ്രേഷിതരായി മാറാൻ 2025 ജൂബിലിവർഷത്തിൽ മിഷൻവർഷമായി ആചരിക്കാനും പദ്ധതിയുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാസഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരതസഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗതസഭകൾ ഒരേ സ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ 'കാറ്റലിസ്റ്റു'കളാകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ ചരിത്രവും സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

### യുവാക്കൾ: ക്രിസ്തുവിന്റെ കരങ്ങൾ

ക്രിസ്തുവിന്റെ അനുകമ്പ അത്ഭുതങ്ങളായി മാറുന്ന കാഴ്ച വേദപുസ്തകത്തിന്റെ താളുകളിൽ നാം കാണുന്നു. ക്രിസ്തുവിന്റെ കരുണയുടെ കരങ്ങളായി മാറുന്ന യുവത്വം സഭയുടെ സ്വപ്നമാണ്. പ്രത്യേകിച്ച് ആരോരുമില്ലാത്തവർ, സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങൾ എന്നിവരിലേക്ക് നീളുന്ന കരുണയുടെ കരങ്ങളായി യുവജനങ്ങൾ മാറേണ്ടതുണ്ട്.

### ലഹരിമുക്ത യൗവ്വനം

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ മുതൽക്കൂട്ടാണ്; സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. യൗവ്വനം: ഒരു തലമുറ ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം; അവർ ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളുമാകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവ്വനത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ

തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ, മൊബൈൽ അഡിക്ഷൻ തുടങ്ങിയവ കോവിഡനന്തര കാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കാൻ വേണ്ട പരിശീലനം നേടുകയും വേണം.

**വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വം**

കേരളത്തിന്റെ സാക്ഷരതയ്ക്ക് ക്രൈസ്തവരുടെ പങ്ക് അനന്യമാണ്. വിദ്യാഭ്യാസ മേഖലയിലെ ആരോഗ്യകരമല്ലാത്ത പ്രവണതകൾ, പാഠപ്പുസ്തക പരിഷ്ക്കരണത്തിലെ രാഷ്ട്രീയ താത്പര്യങ്ങൾ, അനാവശ്യ നിയമനിർമാണങ്ങൾ, ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേരെയുള്ള അക്രമങ്ങൾ, അനാവശ്യസമരങ്ങൾ, വിദ്യാഭ്യാസമേഖലയിലെ ക്രൈസ്തവസംഭാവനകളുടെ തമസ്കരണം തുടങ്ങിയ സമകാലിക യാഥാർത്ഥ്യങ്ങൾ യുവജനങ്ങൾ മനസ്സിലാക്കുകയും സൃഷ്ടിപരമായി പ്രതികരിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശ രാജ്യങ്ങളിലേക്ക് നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികപരവും ആയ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രവാസികളായി വന്ന് ചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുംവിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരഭകരായി മാറാൻ, സർക്കാർ ജോലി നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

**യുവാക്കൾ ക്ഷേമരാഷ്ട്രനിർമ്മിതിക്ക്**

ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ് യുവജനങ്ങൾ. ശുദ്ധരാഷ്ട്രീയത്തിന്റെ വക്താക്കളായി ക്രൈസ്തവയുവത്വം മാറേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ കടപ്പെട്ടവരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയ തീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിയ്ക്കുമെന്നതിന് ചരിത്രം സാക്ഷി.

വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരി ക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോള ഭീകരതയുടെ വേരുകൾ കേരളത്തിലെത്തി നിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗിനായി സ്വർണ്ണ കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ട് വയ്ക്കാൻ യുവാക്കൾക്ക് കഴിയണം. ഇപ്പോൾ മണിപ്പൂരിൽ നടക്കുന്നതുപോലുള്ള തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അതേസമയം തന്നെ ഫ്രാൻസിസ് അസ്സീസിയുടെ പ്രാർത്ഥന പോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ജീവനാണ്; മുത്താണ്. അവർ ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യുവാവായ ദൈവം പകരുന്ന ആദർശമാണ് അവരുടെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും അവരെ അനുധാവനം ചെയ്യുന്ന വൈദികർക്കും സന്യസ്തർക്കും യുവജനദിനത്തിന്റെ ആശംസകൾ.

യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ!

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി – 682 025

---

NB: 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 0597/2023

# സിനഡനന്തര സർക്കുലർ

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ പ്രത്യേക സിനഡുസമ്മേളനം 2023-ാം ആണ്ട് ജൂൺ മാസം 12 മുതൽ 16 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡുപിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർഥിച്ചതിനു ഹൃദയപൂർവ്വം നന്ദി പറയുന്നു.

**എറണാകുളം-അങ്കമാലി അതിരൂപത**

ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികൾക്കു ശാശ്വതമായ പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ യാണു പ്രധാനമായും ഈ സിനഡുസമ്മേളനം വിളിച്ചുചേർത്തത്. നമ്മുടെ സഭയുടെ സ്ഥിരം സിനഡ് അംഗങ്ങൾ വത്തിക്കാനിലെത്തി സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിനും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ ആർച്ചുബിഷപ്പ് ക്ലൗദിയോ ഗുജറോത്തിയുമായി നിലവിലെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ ചർച്ചകൾ നടത്തി. പ്രസ്തുത ചർച്ചയിൽ പ്രശ്നപരിഹാരംലക്ഷ്യമാക്കി ഉരുത്തിരിഞ്ഞ നിർദേശങ്ങളുടെ വെളിച്ചത്തിലാണു സിനനഡിലെ ചർച്ചകൾ നടത്തിയത്. സീറോമലബാർ സഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹികസിംഹാസനം അംഗീകരിച്ചതും പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി യാതൊരു മാറ്റവുമില്ലാതെ തുടരുമെന്നു സിനഡ് ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. ഏതെങ്കിലും ഒരു രൂപതയിൽ ഇതു നടപ്പിലാക്കാൻ പ്രതിസന്ധി നേരിടുന്നു എന്നതു മേല്പറഞ്ഞ തീരുമാനത്തെ യാതൊരു വിധത്തിലും അസ്ഥിരപ്പെടുത്തുകയോ അസാധുവാക്കുകയോ ചെയ്യുന്നില്ല. സഭയിലെ മറ്റെല്ലാ രൂപതകളെയും കൂട്ടായ്മയിലേക്കു നയിച്ച തീരുമാനത്തിൽ മാറ്റംവരുത്തുന്നതു സഭയിൽ അരാജകത്വം സൃഷ്ടിക്കും. ഈ സത്യം മനസിലാക്കി വിയോജിപ്പുള്ളവരും കൂട്ടായ്മയിലേക്കു കടന്നു വരണമെന്നു സിനഡ് ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. എല്ലാ പ്രതിസന്ധികളിലും കത്തോലിക്കാകൂട്ടായ്മയിൽ ഉറച്ചുനിന്ന നമ്മുടെ പൈതൃകം ചില നിക്ഷിപ്തതാല്പര്യങ്ങളുടെപേരിൽ ബലികൊടുക്കാൻ ഇടവരരുത്.

അഭിപ്രായാന്തരങ്ങൾ ചർച്ചകളിലൂടെയാണു പരിഹരിക്കേണ്ടത്. എറണാകുളം-അങ്കമാലി അതിരൂപതയുമായി വിവിധതലങ്ങളിൽ സിനഡിന്റെ പ്രതിനിധികൾ ചർച്ച നടത്തിയിട്ടുണ്ട്. ഈ ചർച്ചകൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് ആവശ്യകമായ സാഹചര്യങ്ങൾ ക്രമീകരിക്കണമെന്നു പരിശുദ്ധ പിതാവിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചർച്ചകൾക്കൊപ്പം സഭാവിരുദ്ധനിലപാടുകളെ തിരുത്തുന്നതിനും സഭാത്മകമായ ഒരുമിച്ചുനടക്കലിന്റെ (Synodality) ആവശ്യകത വിശദമാക്കുന്നതിനും സഹായകമായരീതിയിൽ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള ഒരു പേപ്പൽ ഡെലഗേറ്റിനെയാണു സിനഡ് അഭ്യർത്ഥിച്ചിട്ടുള്ളത്. സിനഡിന്റെ ഈ അഭ്യർത്ഥനയെ അനുഭാവപൂർവ്വം പരിഗണിക്കാമെന്നു പരിശുദ്ധ പിതാവ് ഉറപ്പു നൽകിയിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ടു നിലനില്ക്കുന്ന എല്ലാ പ്രതിസന്ധികളും പുതിയ സംവിധാനത്തിലൂടെ എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ പരിഹരിക്കാനാകുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ദൈവകൃപയാൽ നമ്മുടെ സഭ ആഗോളതലത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വം വർദ്ധമാനമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ, എറണാകുളം-അങ്കമാലിപോലെ അതിവിസ്തൃതമായ ഒരു അതിരൂപതയുടെ ഭരണച്ചുമതലകൂടി മേജർ ആർച്ചുബിഷപ്പു നിർവഹിക്കുന്ന പതിവു തുടർന്നുപോകുന്നത് ശ്രമകരമായിരിക്കുമെന്നു സിനഡു വിലയിരുത്തുന്നു. എന്നാൽ, നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയെ വിഭജിക്കാനോ അതിരൂപതയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ പുനഃക്രമീകരിക്കാനോ സിനഡ് ഉദ്ദേശിക്കുന്നില്ല. ഇതുസംബന്ധിച്ചുള്ള വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു സ്വതന്ത്ര ഭരണച്ചുമതലയുള്ള അതിരൂപതാധ്യക്ഷനെ നിയോഗിക്കണമെന്നാണു സിനഡുപിതാക്കന്മാർ ആഗ്രഹിക്കുന്നത്. ഇതിനു സഹായകമായ ക്രമീകരണങ്ങൾക്കായി ശ്ലൈഹികസിംഹാസനത്തോടു സിനഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

താത്കാലികമായ പ്രശ്നപരിഹാരം എന്നതിലുപരി, എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട സങ്കീർണമായ വിഷയങ്ങൾ അതിരൂപതയുടെകൂടി നന്മയെ ലക്ഷ്യമാക്കി ശാശ്വതമായി പരിഹരിക്കുന്നതിന് ആവശ്യകമായ ഒരു കർമ്മപദ്ധതിയാണു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതിയോടെ നടപ്പിലാക്കാൻ സിനഡു പരിശ്രമിക്കുന്നത്. നിലവിലുള്ള സംവിധാനങ്ങളിൽ മേല്പറഞ്ഞ മാറ്റങ്ങൾ വരുത്തുന്നതിനു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതി ആവശ്യമാണ്. അതിനാലാണു കൃത്യമായ തീരുമാനങ്ങൾ ഇപ്പോൾ പ്രഖ്യാപിക്കാൻ കഴിയാത്തത്. ഏറെ വൈകാതെ നിലവിലുള്ള പ്രതിസന്ധികളെല്ലാം ശാശ്വതമായി പരിഹരിക്കാനാകും എന്ന ഉറച്ച പ്രത്യാശയാണു സിനഡിനുള്ളത്. ഇതിനായി സഭയൊന്നാകെ പ്രാർത്ഥിക്കണമെന്നു സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

**എറണാകുളം ബസിലിക്ക**

മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനദൈവാലയമായ എറണാകുളം സെന്റ് മേരീസ് ബസിലിക്ക ഏതാനും മാസങ്ങളായി അടഞ്ഞുകിടക്കുന്നതു സഭയുടെ മുഴുവൻ ദുഃഖമാണ്. ഏകീകൃത കുർബാനയർപ്പണരീതിയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും തമ്മിലുണ്ടായ സംഘർഷം ക്രമസമാധാനപ്രശ്നമായി വളർന്നപ്പോഴാണ് ആദ്യം ജില്ലാഭരണകൂടവും പിന്നീടു പോലീസും മുൻകൈ എടുത്തു ബസിലിക്ക അടച്ചത്. പൊതുസമൂഹത്തിൽ സഭയുടെ പ്രതിച്ഛായ ഏറെ വികലമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനോടനുബന്ധിച്ചു നടന്നതു നമ്മുടെ സഭയ്ക്കു തീരാകളങ്കമായി.

എറണാകുളം ബസിലിക്കാ ദൈവാലയം തുറക്കാനും വിശുദ്ധ കുർബാനയൊഴികെയുള്ള ആത്മീയകർമങ്ങൾ അനുഷ്ഠിക്കാനും ധാരണയായിട്ടുണ്ട്. കത്തീഡ്രൽ ദൈവാലയം എന്ന നിലയിൽ ശ്ലൈഹികസിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണമല്ലാതെ ജനാഭിമുഖകുർബാന അവിടെ അർപ്പിക്കില്ല എന്നു ബസിലിക്കാ വികാരിയും കൈക്കാരന്മാരും നൽകിയ ഉറപ്പിന്മേലാണു ദൈവാലയം തുറക്കുന്നത്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരേ കാനൻ നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുന്നവരെ അവഗണിച്ചു, പരസ്പരവിശ്വാസവും സ്നേഹവുംവഴി സഭാഗാത്രത്തിലെ മുറിവുകൾ ഉണക്കാൻ എല്ലാവരും ബോധപൂർവം ശ്രമിക്കണം.

**മണിപ്പൂർ കലാപം**

ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ ഭാരതത്തിൽ വർദ്ധിച്ചുവരുന്നതു തികച്ചും ആശങ്കാജനകമാണ്. ഗോത്രസംഘർഷമായി ആരംഭിച്ച മണിപ്പൂർ കലാപം വർഗീയമായി ആളിക്കത്താൻ തുടങ്ങിയിട്ട് ആഴ്ചകളായെങ്കിലും അഗ്നിയണക്കാൻ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നു കാര്യമായ ശ്രമങ്ങളൊന്നും ഉണ്ടാകുന്നില്ല. വർഗീയകലാപമായിമാറിയ സംഘർഷത്തിൽ നൂറുക്കണക്കിനു മനുഷ്യജീവൻ പൊലിഞ്ഞിട്ടും അക്രമങ്ങൾ നിയന്ത്രിക്കാനോ വിധ്വംസകപ്രവർത്തകരെ നിലക്കുനിറുത്താനോ ഭരണകൂടത്തിനു കഴിയുന്നില്ല. മുന്നൂറോളം ക്രൈസ്തവ ദൈവാലയങ്ങൾ തകർക്കപ്പെട്ടിട്ടും ആയിരങ്ങൾ ഭവനരഹിതരായിട്ടും ഇത്തരം പ്രവർത്തനങ്ങളെ അപലപിക്കാനോ കലാപകാരികളെ തള്ളിപറയാനോ ഭരണത്തിന്റെ തലപ്പത്തുള്ളവർ ഇനിയും തയ്യാറായിട്ടില്ല എന്നതു വേദനാജനകമാണ്.

ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടാനും ന്യൂനപക്ഷങ്ങളെ ശ്വാസംമുട്ടിക്കാനുമായി നിയമങ്ങൾതന്നെ നിർമിക്കപ്പെടുന്നു എന്നതു ജനാധിപത്യത്തിനു ഭൂഷണമല്ല. ഭൂരിപക്ഷത്തിന്റെ പിൻബലത്തിൽ ഭരണഘടനാമൂല്യങ്ങൾ അട്ടിമറിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തി ന്യൂനപക്ഷങ്ങളെ സംരക്ഷിക്കേണ്ടത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്. കേരളത്തിലും ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങൾ വർഗീ

യ ലക്ഷ്യങ്ങളോടെ ആക്രമിക്കപ്പെടുന്ന സാഹചര്യം വർദ്ധിച്ചുവരുന്നത് ഏറെ ആശങ്കയുളവാക്കുന്നതാണ്.

**കാർഷിക പ്രശ്നങ്ങൾ**

കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുഭാവപൂർവമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. ബഫർസോൺ വിഷയത്തിൽ സുപ്രീംകോടതിവിധിക്കുശേഷവും കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടാതെ നില്ക്കുന്നു എന്ന സത്യം സംസ്ഥാനസർക്കാർ മനസ്സിലാക്കണം. കൃഷിഭൂമിയിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ കർഷകന്റെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ടും കർഷകനെ സംരക്ഷിക്കുന്ന നയങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നുള്ളതു ദുഃഖകരമാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ മൂലമുള്ള ജീവഹാനി സമീപകാലത്തു വളരെയേറെ വർദ്ധിച്ചിരിക്കുന്നത് കർഷകരെ ആശങ്കയിലാഴ്ത്തുന്നുണ്ട്.

കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച കർഷകകുടുംബങ്ങളെ കടക്കെണിയിലും മുഴുപ്പട്ടിണിയിലുമാക്കിയിരിക്കുന്നു എന്ന സത്യം സർക്കാർ തിരിച്ചറിയണം. കാർഷികോല്പന്നങ്ങൾക്കു ന്യായമായ താങ്ങുവില പ്രഖ്യാപിക്കും എന്ന വാഗ്ദാനം തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ മാത്രമായി ഒതുങ്ങിപോകുന്നില്ല എന്നു സർക്കാർ ഉറപ്പുവരുത്തണം. ഏറ്റെടുത്ത നെല്ലിന്റെ വിലകിട്ടാനായി സമരമുഖത്തായിരിക്കുന്ന നെൽകർഷകരുടെ പ്രശ്നങ്ങളിൽ സത്വരമായി ഇടപെടണമെന്നു സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതിജീവനം അസാധ്യമെന്ന തിരിച്ചറിവിൽ യുവജനങ്ങളിൽ നല്ലൊരു പങ്കു നാടുവിട്ടുപോകാനിടയാകുന്ന സാഹചര്യം ഒരു സർക്കാരിനും ഭൂഷണമല്ലെന്നു മനസിലാക്കണം.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ജൂൺ മാസം 16-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2023 ജൂൺ 25-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

ജൂലൈ 2023

**1. ജൂലൈ 3 ദുക്റാന തിരുനാൾ**

ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ വിശ്വാസത്തിന്റെ പിതാവുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വദിനം സീറോമലബാർ സഭയിൽ സഭാദിനമായാണ് ആചരിക്കുന്നത്. നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദുക്റാന തിരുനാൾ ഉചിതമായി ആചരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

- ♦ സീറോമലബാർസഭയുടെ വി. കുർബാന അർപ്പണത്തിന്റെ ഏറ്റവും ആഘോഷ പൂർവ്വമായ റാസ കുർബാന സാധിക്കുന്ന ഇടവകയിൽ ദുക്റാന തിരുനാളിൽ അർപ്പിക്കുന്നത് ഏറ്റവും ഉചിതമാണ്.
- ♦ മാർതോമാശ്ലീഹായുടെ തിരുസ്വരൂപം എഴുന്നള്ളിച്ചുവച്ച് നൊവേനയും ലദീഞ്ഞും നടത്തുകയും ശ്രാദ്ധമായി ആചരിച്ച് പാച്ചോർ നേർച്ച നടത്തുന്നതും ഉചിതമായിരിക്കും.

**2. പുതിയ നിയമനങ്ങൾ**

- ♦ വെണ്ണക്കല്ല് പള്ളിയുടെ താല്ക്കാലിക വികാരിയായി ബഹു. മാത്യു കുറുമ്പുറത്ത് HGN അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. മാത്യു അച്ചന് തലശ്ശേരി അതിരൂപതയിലേയ്ക്ക് ഹൃദ്യമായ സ്വാഗതവും അനുഗ്രഹീതമായ അജപാലനശുശ്രൂഷയും ആശംസിക്കുന്നു. **Mob: 8590767617.**
- ♦ പുളിങ്ങോം പള്ളിയുടെ അസി. വികാരിയായി ബഹു. കുര്യാക്കോസ് കുറുമുറ്റത്ത് CRM അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. ബഹു. കുര്യാക്കോസ് അച്ചന് തലശ്ശേരി അതിരൂപതയിലേയ്ക്ക് ഹൃദ്യമായ സ്വാഗതവും അനുഗ്രഹീതമായ അജപാലനശുശ്രൂഷയും ആശംസിക്കുന്നു. **Mob: 9986334207.**

♦ ഭീമനടി പള്ളിയുടെ അസി. വികാരിയായി ബഹു. തോമസ് പള്ളിക്കൽ അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. പുലിക്കുരുമ്പ സെൻ്റ് അഗസ്റ്റ്യൻസ് ദൈവാലയത്തിൽ നിന്നാണ് ബഹു. തോമസച്ചൻ ഭീമനടി ക്രിസ്തുരാജാ ഇടവകയിലേയ്ക്ക് സ്ഥലം മാറുന്നത്. തോമസച്ചന് ആശംസകളും പ്രാർത്ഥനകളും.

♦ ചെമ്പേരി ലൂർദ് മാതാ ഫൊറോന പള്ളിയുടെ അസി. വികാരിയായി ബഹു. തോമസ് കുമ്പളന്താനത്ത് അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. ബഹു. തോമസ് അച്ചന് തലശ്ശേരി അതിരൂപതയിലേയ്ക്ക് ഹൃദ്യമായ സ്വാഗതവും അനുഗ്രഹീതമായ അജപാലന ശുശ്രൂഷയും ആശംസിക്കുന്നു.

**3. നന്ദി...**

**റവ. ഫാ. ഫിലിപ്പ് ചേന്നാട്ട് :** വെണ്ണക്കല്ല് സെൻ്റ് ആൻ്റണീസ് ഇടവകയുടെ വികാരിയായിരുന്ന ബഹു. ഫിലിപ്പ് ചേന്നാട്ട് അച്ചൻ വിശ്രമജീവിതത്തിനായി കരുവഞ്ചാൽ ശാന്തിഭവനിൽ എത്തി. ആരോഗ്യപ്രശ്നങ്ങൾ മൂലമാണ് ബഹു. ഫിലിപ്പച്ചൻ വെണ്ണക്കല്ല് ഇടവകയിലെ ശുശ്രൂഷകൾ അവസാനിപ്പിച്ചത്. നമ്മുടെ അതിരൂപതയിൽ സ്തുത്യർഹമായ അജപാലന ശുശ്രൂഷകൾ നിർവ്വഹിച്ച ശേഷമാണ് ബഹു. ഫിലിപ്പച്ചൻ വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. ബഹു. ഫിലിപ്പച്ചൻ്റെ കഠിനാദ്ധ്വാനവും ആത്മാർപ്പണവും തലശ്ശേരി അതിരൂപതക്ക് വിസ്മരിക്കാനാവില്ല. ദൈവാനുഗ്രഹപ്രദവും സന്തോഷകരവുമായ വിശ്രമജീവിതം പ്രിയപ്പെട്ട ഫിലിപ്പച്ചനു നേരുന്നു.

**റവ. ഫാ. ഷിജോമോൻ ജോസഫ് വാഴപ്പിള്ളിൽ HGN** കാലാങ്കി ഇടവകയുടെ വികാരിയായി കഴിഞ്ഞ 3 വർഷമായി ശുശ്രൂഷ ചെയ്തിരുന്ന ബഹു. ഷിജോമോൻ ജോസഫ് വാഴപ്പിള്ളിൽ അച്ചൻ അദ്ദേഹത്തിൻ്റെ സന്യാസസഭയിലേക്ക് തിരികെ പോയി. പ്രിയപ്പെട്ട വാഴപ്പിള്ളിൽ അച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിൻ്റെ നന്ദി അറിയിക്കുകയും പുതിയ ശുശ്രൂഷ മേഖലയിൽ ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു.

**4. സർവ്വേ - വൊക്കേഷൻ കമ്മീഷൻ സീറോ മലബാർ സഭ**

സീറോ മലബാർ സഭയുടെ ആസ്ഥാനമായ മൗണ്ട് സെൻ്റ് തോമസിൽ നിന്ന് - സീറോ മലബാർ കമ്മീഷൻ ഫോർ വൊക്കേഷൻ - നമ്മുടെ ഇടവകകളിൽ നിന്ന് സീറോ മലബാർ സഭയ്ക്കു പുറത്തുള്ള രൂപതകളിലോ സന്യാസസഭകളിലോ (ലത്തീൻ സഭയിലോ, മറ്റ് സ്വയാധികാര സഭകളിലോ, സന്യാസസഭകളിലോ) അംഗങ്ങൾ ആയിരിക്കുന്ന ബഹു. വൈദികരുടെയും സന്യസ്തരുടെയും വിവരങ്ങൾ ശേഖരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ഇടവക

കളിൽ നിന്നും ഇപ്രകാരം സീറോ മലബാർസഭയ്ക്കു പുറത്തുള്ള സന്യസ്ത സമൂഹങ്ങളിലോ, രൂപതകളിലോ, ജോലി ചെയ്യുന്ന വൈദികരുടെയും സന്യസ്തരുടെയും വിവരങ്ങൾ ശേഖരിച്ച് 2023 ജൂലൈ 15 നു മുമ്പായി കൂരിയായിൽ എത്തിക്കുമല്ലോ. വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഫോം ബഹു. വൈദികരുടെ വാട്സ് ആപ്പ് ഗ്രൂപ്പിൽ നല്കിയിട്ടുണ്ട്.

**5. പാരീഷ് കൗൺസിൽ അംഗങ്ങളുടെ ഫൊറോനാതല സംഗമം**

തലശ്ശേരി അതിരൂപതയിലെ പാരീഷ്കൗൺസിൽ അംഗങ്ങളുടെ ഫൊറോനാതല സംഗമം സംഘടിപ്പിക്കുന്നു. ഓരോ ഇടവകയിൽ നിന്നും ബഹു. വികാരിയച്ചൻ, കൊച്ചച്ചൻ, സന്യാസഭവനത്തിലെ സുപ്പീരിയർ, കൈക്കാരൻമാർ, കോ-ഓഡിനേറ്റർ, വിവിധ അപ്പസ്റ്റോലേറ്റുകളുടെ ഇടവകാതല ഭാരവാഹികൾ എന്നിവർ ഉൾപ്പെടെയുള്ള മുഴുവൻ പാരീഷ് കൗൺസിൽ അംഗങ്ങളാണ് ഈ സംഗമത്തിൽ പങ്കെടുക്കേണ്ടത്. അടുത്ത മൂന്നുവർഷത്തേയ്ക്കുള്ള പാരീഷ് കൗൺസിലുകൾ ഇടവകകളിൽ നിലവിൽ വന്നിരിക്കുകയാണല്ലോ. സഭാശുശ്രൂഷയിൽ പാരീഷ്കൗൺസിൽ അംഗങ്ങൾക്ക് ദിശാബോധം നല്കുവാൻ ഉതകുന്ന ക്ലാസ്സുകളും ചർച്ചകളുമാണ് ഈ സംഗമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഭിവന്ദ്യ പിതാവ് ഈ സംഗമത്തിൽ പാരീഷ് കൗൺസിൽ അംഗങ്ങളോട് സംസാരിക്കുന്നതാണ്. ബഹു. അച്ചൻമാർ മുഴുവൻ പാരീഷ്കൗൺസിൽ അംഗങ്ങളെയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കുവാൻ മുൻകൈ എടുക്കുമല്ലോ. ഓരോ ഫൊറോനായിലും സംഗമങ്ങൾ നടക്കുന്ന തീയതിയും സമയക്രമവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂൺ | 27 ചൊവ്വ | : പേരാവൂർ രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 01.00 വരെ |
| | 27 ചൊവ്വ | : എടൂർ ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ |
| ജൂൺ | 28 ബുധൻ | : മണിക്കടവ് രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 01.00 വരെ |
| | 28 ബുധൻ | : പൈസക്കരി ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ |
| ജൂൺ | 29 വ്യാഴം | : വായാട്ടുപറമ്പ് രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 01.00 വരെ |
| | 29 വ്യാഴം | : ആലക്കോട് ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ |
| ജൂൺ | 30 വെള്ളി | : കുന്നോത്ത് ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ |
| ജൂലൈ | 29 ചൊവ്വ | : വെള്ളരിക്കുണ്ട് രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 01.00 വരെ |
| | 29 ചൊവ്വ | : തോമ്മാപുരം ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ |
| ആഗസ്റ്റ് | 7 തിങ്കൾ | : മാലോം രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 01.00 വരെ |
| | 7 തിങ്കൾ | : പനത്തടി ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ |
| ആഗസ്റ്റ് | 17 ചൊവ്വ | : കാസർഗോഡ് രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 01.00 വരെ |

17 ചൊവ്വ : കാഞ്ഞങ്ങാട് ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ
ആഗസ്റ്റ് 18 വെള്ളി : നെല്ലിക്കാംപൊയിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ
ആഗസ്റ്റ് 19 ശനി : തളിപ്പറമ്പ് ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ
സെപ്റ്റം. 14 ചൊവ്വ : ചെമ്പേരി രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 01.00 വരെ
14 ചൊവ്വ : ചെമ്പന്തൊട്ടി ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ
സെപ്റ്റം. 16 ശനി : മേരിഗിരി രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 01.00 വരെ
16 ശനി : ചെറുപുഴ ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ

## 6. P P F അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

നമ്മുടെ വൈദിക കൂട്ടായ്മയിൽ നിന്നും നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ജോൺ വടക്കുംമൂല അച്ചന്റെയും ബഹു. അബ്രാഹം ഒറ്റപ്ലാക്കൽ അച്ചന്റെയും നിയോഗത്തിൽ ദിവ്യബലികൾ അർപ്പിക്കണം.

## 7. ആദരാഞ്ജലികൾ

### 1. റവ. സി. തെരേസ് ഫ്രാൻസിസ് ആറുപറയിൽ SABS



വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് അഡോ റേഷൻ പ്രൊവിൻസിലെ എടാട്ട് ഭവനാംഗമായിരുന്ന ബഹു. സി. തെരേസ് ഫ്രാൻസിസ് 2023 ജൂൺ 18 ന് നിര്യാതയായി. ഗോണികോപാൽ, കാസർഗോഡ്, അരവഞ്ചാൽ, ബൽത്തങ്ങാടി, അങ്ങാടിക്കടവ്, കൽപാത്തൂർ, എടാട്ട് എന്നീ കോൺവെന്റുകളിൽ ശുശ്രൂഷ ചെയ്തു. ദീർഘമായ 38 വർഷങ്ങൾ അധ്യാപികയായി സ്തുത്യർഹമായ ശുശ്രൂഷയാണ് ബഹു. തെരേസ സിസ്റ്റർ നല്കിയത്. മൃതസംസ്കാര ശുശ്രൂഷകൾ 2023 ജൂൺ 20ന് ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ നടന്നു. ബഹു. സി. തെരേസിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

### റവ. സി. ഫ്രാൻസീസ് റെജീസ് FCC



ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. ഫ്രാൻസീസ് റെജീസ് എഫ്.സി.സി. 2023 ജൂൺ 23 ന് നിര്യാതയായി. പാലാ രൂപതയിൽ ഇളംതോട്ടം ഇടവക കിഴക്കേക്കര കുടുംബാംഗമാണ്. കണ്ണാടിയുറുമ്പ്, വെളിച്ചിയാനി, കോടഞ്ചേരി, കുടി

യാന്മല, വേനപ്പാറ, കുന്നോത്ത്, നിർമ്മലഗിരി, ചെമ്പേരി (കരുണാലയം), കോളയാട്, നല്ലതണ്ണി എന്നിവിടങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. അവിഭക്ത തലശ്ശേരി അതിരൂപതയിൽ ഒട്ടനവധി ഇടവകകളിൽ ആത്മാർത്ഥമായി ശുശ്രൂഷ ചെയ്ത തീക്ഷ്ണമതിയായ സന്യാസിനിയായിരുന്നു ബഹു. സി. ഫ്രാൻസീസ് റെജീസ്. മൃതസംസ്ക്കാരശുശ്രൂഷകൾ 2023 ജൂൺ 24 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കുന്നോത്ത് നൊവിഷ്യേറ്റ് ഹൗസിനോടു ചേർന്നുള്ള സിമിത്തേരിയിൽ നടന്നു. ബഹു. സി. ഫ്രാൻസീസ് റെജീസിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

## 8. സ്നേഹസ്മൃതി

1. റവ. ഫാ. മാണി വാഴചാരിയ്ക്കൽ - 02-07-2014
2. റവ. ഫാ. ജോസ് കണിവേലിൽ - 01-07-2017
3. റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ - 05-07-1989
4. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (സീനിയർ) - 07-07-1994
5. റവ. ഫാ. ജോൺ കല്ലുങ്കൽ - 08-07-2012
6. റവ. ഫാ. ജോസഫ് കീച്ചൻകേരി - 11-07-2021
7. റവ. ഫാ. സേവ്യർ പുത്തൻപുരയിൽ - 15-07-1999
8. റവ. ഫാ. അബ്രാഹം മൂക്കനോലിൽ - 16-07-1981
9. റവ. ഫാ. ജേക്കബ് വെള്ളക്കട - 20-07-1970
10. റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി - 26-07-2003
11. റവ. ഫാ. മാത്യു പൊയ്യക്കര - 27-07-2008
12. റവ. ഫാ. ജോൺ കടുകമ്മാക്കൽ - 28-07-2010
13. റവ. ഫാ. ജെയിംസ് മുകളേൽ - 29-07-2009
14. റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ - 30-07-2012

## 9. റിഫ്രഷർ കോഴ്സ്

ഈ വർഷത്തെ റിഫ്രഷർ കോഴ്സ് പതിവുപോലെ രണ്ട് ബാച്ചുകളിലായിട്ടാണ് നടക്കുന്നത്. 2023 ജൂലൈ (04-06, 10-12) തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ചാണ് കോഴ്സുകൾ നടക്കുന്നത്. ഒന്നാം ദിനം രാവിലെ 10 മണിക്ക് ആരംഭിച്ച് മൂന്നാം ദിനം ഉച്ചകഴിഞ്ഞ് 1 മണിക്ക് അവസാനിക്കുംവിധവുമാണ് കോഴ്സിന്റെ സമയം ക്രമീകരിച്ചിരിക്കുന്നത്. വൈദികരുടെ തുടർപരിശീലനത്തിനു സഹായകമായ ആനുകാലിക വിഷയങ്ങളും ചർച്ചകളുമാണ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹു. വൈദികർ കോഴ്സിൽ ആദ്യാവസാനം പങ്കെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ ഇടവകയിലെ ശുശ്രൂഷകൾ ക്രമീകരിക്കുമല്ലോ.

## Batch 1 (July 04 - 06)

### Rev. Fathers

1 Alamkottu Mathew
2 Anacharil Joseph
3 Amakkattu Thomas
4 Ambattu Sebastian
5 Anakkallil James
6 Anakkallil Joseph
7 Anithanam Joseph
8 Anthyamkulam Johnson
9 Arackal Augustin
10 Areekkattu Pious
11 Areeplackal Mathew
12 Attangattil Thomas
13 Attel Emmanuel
14 Chackamkunnel Augustin
15 Chakkananickal Scaria
16 Chakkanikunnel Thomas
17 Chalil George
18 Chanakkattil Antony
19 Chelamaram George
20 Chellamkottu James
21 Chempananickal John
22 Cheriyamkunnel Joseph
23 Cherussery Joseph
24 Cheruvil Thomas
25 Chiranackal Scria
26 Chittett Antony
27 Chooorackal Raphel VC
28 Edathinakath Paul
29 Msgr. Elamthuruthipadavil Mathew
30 Elanjiparambil James
31 Elavumkunnel George (Snr)
32 Eruppakkatt Philip
33 Ezhuparayil Joseph
34 Ikkaraparambil Joseph
35 Kadakkuzhayil Jude
36 Kalarickal Joseph
37 Kalarimuriyil George
38 Kaniyamparambil Thomas Ofm
39 Karakkattu Philip
40 Karikkathadathil George
41 Kayammackal Mathew
42 Kidarathil Thomas
43 Kizhakethalackal Martin
44 Kizhuthara George
45 Kochupurackal Abraham
46 Kolangayil Thomas OFM Cap
47 Koluthappallil Joseph
48 Koonankiyil Emmanuel
49 Koovapparayil John
50 Kottarathil Joseph
51 Kottucherady Mathew
52 Kovoorputhenpurayil John
53 Kudilil Mathew
54 Kudiparambil Chacko
55 Kumblanthanath Thomas
56 Kunnel Mathew
57 Kuttikkattukunnel Jacob
58 Kuthuly Joseph HGN
59 Madappanthottukunnel Joseph
60 Madathimyalil Abraham
61 Malakkaran Joseph
62 Mampuzhackal Ruble Martin SJ
63 Manickathazhe Jose
64 Mangattil Mathew OFM Cap
65 Mannoor John ( Giftin)
66 Marakkassery Sebastian RCJ
67 Marrasseril Thomas
68 Mattappallil Lukose

69 Menachery Louis Mariadas
70 Meprath Justin HGN
71 Mookkilikkattu Sebastian
72 Moonnanapally James
73 Mukkuzhy Mathew (Akhil)
74 Mundackal Jose
75 Mundaplackal Joseph
76 Muttumannil Philip
77 Naduvilekkutt Thomas
78 Nallukunnel Antony OFM Conv.
79 Narimattathil Jospeh CST
80 Nedungattu Jacob
81 Nellithanath Dennis
82 Nirappel Joseph
83 Nooramackal John
84 Odiyathinkal Lawrence SCJ
85 Olickal Mathew
86 Onamkulam John
87 Orathel Joseph
88 Padinjareanisseril George
89 Palakeel Joseph
90 Palamattam Mathew
91 Pallickal Thomas
92 Pallineerackal Jacob
93 Pandiamakel Augustine
94 Panthalanickal Thomas
95 Panthallooparambil Kuriakose
96 Parappalliyath Martin
97 Pattamkulam Thomas
98 Plavunilkumparambil Kuriakose
99 Podimattam Sebastian
100 Ponatt Abraham
101 Pookamala Thomas
102 Poovassery Mathew OFM Cap
103 Poovanpuzha Thomas
104 Poovathinkal Emmanuel
105 Poovathanikunnel Scaria
106 Pottemplackal Mathew
107 Pravarthummalayil Mathew
108 Punchatharappel George
109 Pulickakunnel Jacob
110 Puliyurumbil Johnson
111 Purathemuthukattil Don Bosco
112 Puthennadayil James
113 Puthenpurackal John MCBS
114 Puthenpurackal Xavier (Jnr)
115 Puthenpurackal Xavier (Snr)
116 Puthukulangara Kuriakose
117 Puthussery Abraham
118 Puthussery Joseph
119 Rathappillil Joseph
120 Srambickal Melwin OFM Cap
121 Thadathilputhenveettil Thomas
122 Thayyil Thomas
123 Thekkanal Xavier MCBS
124 Thekkemury Mathew
125 Thekkevayalil George
126 Thenammackal Joseph
127 Thengumpallil Sebastian
128 Thengumpallil Thomas
129 Thottiyil Jomy Joseph
130 Thykunnumpuram George
131 Urumpukattil Augustine
132 Valavanal Mathew
133 Vallattu Paily OFM Cap
134 Valloppilly Paul
135 Varambakath Lazar
136 Varanath Joseph
137 Vayalunkal Joseph
138 Vengakunnel Mathew
139 Venkittayil John OCD
140 Vettickal Jose

# Batch 2 (July 10 - 12)

**Rev. Fathers**

1 Achandiyil George
2 Aikkara Joseph MCBS
3 Anakkallil Antony
4 Arackal Kuriakose
5 Areechira Sebastian OCD
6 Asarikunnel George
7 Asariparambil Mathew
8. Chakkanikkunnel Paul CMI
9 Chakkittamuriyil Thomas
10 Chakyarath Mathew
11 Chalil George CST
12 Chathanattu Joseph
13 Chellamkottu Mathew
14 Chennappally George
15 Chennoth Sebastian
16 CheriampurathVarghese
17 Cheripuram Sebastian
18 Edayadiyil Sebastian
19 Edukkunnel Elias
20 Elavumkunnel George (Roby)
21 Elukkunnel George
22 Enacheril Joseph
23 Ittiyappara Sebastian
24 Kakkaramattathil Joseph
25 Kakkattil Jose
26 Kalappura George
27 Kalapurackal Joseph
28 Kalapurackal Varghese
29 Kalathil Thomas
30 Kalarickal Kuriakose
31 Kallumkal Mathew
32 Kanakkattu Joseph
33 Kandathil Paul
34 Kanjirakkatt George
35 Kanjirathinkal Joseph
36 Karickal Mathew
37 Karottu George
38 Kavanadiyil Joseph
39 Kaviyil Philip
40 Kayamkattil George
41 Keezharathil Thomas
42 Kizhukkarakattu Joji CM
43 Kochukarottu Thomas
44 Kochuveettil Peter
45 Kolakunnel Kuriakose
46 Konickal Mathew
47 Konnayil Thomas
48 Koonanickal Thomas
49 Koottiyanickal Augustine MSJ
50 Kottukapally Thomas
51 Kovattu George
52 Koyipuram Joseph (Edwin)
53 Koyipuram Jospeh (Jibi)
54 Kudumpanthanam Joseph
55 Kulathara Joseph
56 Kunnath Varghese
57 Kurisummoottil Joseph
58 Kurumpurath Mathew HGN
59 Kurumuttath Kuriakose CRM
60 Madassery Lukose
61 Manavath Thomas
62 Manchapillil Joseph
63 Manjakkunnel Michael
64 Manjalamkunnel Antony
65 Manjalamkunnel Joseph
66 Mattakkottil Antony
67 Mattathil Isaac
68 Mattathil Joseph
69 Melvettom Mani

70 MenappattupadickalThomas
71 Mullamangalam Sebastian
72 Mundamattam Thomas
73 Mundankunnel George
74 Munjanatt Antony - Chanda
75 Msgr. Muthukunnel Antony
76 Muttathukunnel Joseph
77 Muttathupara Sebastian
78 Narikuzhy Mathew
79 Neendoor Thomas
80 Nirappel Alex
81 Nirappel Scaria
82 Nooranmackal Joseph
83 Olikarottu Thomas
84 Orathel Kuriakose
85 Msgr. Ottaplackal Joseph
86 Padinjaremuriyil Pious
87 Padinjareyil Jacob
88 Paimpillil Thomas
89 Msgr. Palakuzhy Sebastian
90 Paliathil Mathew OFM
91 Pallikunnel Antony
92 Pampackal Thomas
93 Panamkuzhiyil Thomas
94 Panengadan Renson ISCH
95 Panjikkunnel Jacob
96 Paravarakath Mathew
97 Pariyanickal Mathew
98 Pathickal Thomas
99 Pathiyottil Joseph
100 Pazheparambil George
101 Ponnambel John
102 Poovanatt Antony O.Pream
103 Poovannikkunnel Jose
104 Poovatholil Joseph
105 Poweth Joseph
106 Pulickal George
107 Punnure Antony
108 Puthumana Joseph
109 Rathappillil Francis
110 Sasthampadavil Mathew
111 Souryamthadathil Sebastian OFM Cap
112 Thakidiyel Joseph
113 Thattuparambil Paul Colping
114 Thekkedath Sebastian
115 Thekkel Andrews
116 Thelakkatt Xavier
117 Thykunnumpuram Joseph
118 Vadakemulanjanal Thomas
119 Vadakemuriyil Thomas
120 Vadakkan Augustine
121 Vadakkeparambil Joseph
122 Vadakkettu Thomas MSJ
123 Vadasseril Scaria
124 Valiaparambil Mathew
125 Valiplackal Thomas
126 Vallimala George
127 Varambakath Scaria
128 Varickanickal Martin
129 Vattamkattel Thomas
130 Vazhakatt John
131 Vellaringattu George
132 Velloorputhenpurayil Thomas
133 Vemmenikkattayil Sebastian
134 Vengaparambil Johnson
135 Vennayappillil Jacob
136 Vettiyanickal Antony
137 Vettiyanickal Varghese

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## അനുസ്മരണം



# റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ

തലശ്ശേരി അതിരൂപതാംഗമായ ബഹു. അബ്രാഹം (മനോജ്) ഒറ്റപ്ലാക്കൽ അച്ചൻ 2023 മെയ് 29 ന് പുലർച്ചെ 3 മണിക്ക് ദേശിയപാതയിൽ മാഹിക്ക് അടുത്ത് വച്ചുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടു. തലശ്ശേരി അതിരൂപതയിലെ എടൂർ സെന്റ് മേരീസ് ഫൊറോനാ പള്ളി ഇടവക ഒറ്റപ്ലാക്കൽ പൗലോസിന്റെയും ത്രേസ്യാമ്മയുടെയും നാലുമക്കളിൽ മൂത്ത മകനായി 1985 മാർച്ച് 19 ന് ബഹു. ഒറ്റപ്ലാക്കൽ അച്ചൻ ജനിച്ചു. അച്ചന്റെ സഹോദരൻ സി.എസ്.ടി. സഭാംഗമായ ബഹു. ജോജേഷ് അച്ചൻ ആഫ്രിക്കയിലെ ടാൻസാനിയായിൽ മിഷനറിയായി ജോലി ചെയ്യുന്നു. ജിജേഷും മഞ്ജൂഷയുമാണ് മറ്റ് സഹോദരങ്ങൾ. 2000-മാണ്ടിലാണ് തലശ്ശേരി മൈനർ സെമിനാരിയിൽ മനോജ് അച്ചൻ ചേർന്നത്. തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും ആലുവ മംഗലപ്പുഴ സെമിനാരിയിൽ അച്ചൻ പൂർത്തിയാക്കി. 2011 ഡിസംബർ 27-ാം തീയതി അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽനിന്ന് എടൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. പാണത്തൂർ പള്ളിയിൽ അസി. വികാരിയായി ശുശ്രൂഷ ചെയ്തുകൊണ്ടാണ് മനോജച്ചൻ പൗരോഹിത്യജീവിതം ആരംഭിച്ചത്. തുടർന്ന് പുളിങ്ങോം, കുടിയാൻമല, വെള്ളരിക്കുണ്ട്, പേരാവൂർ എന്നീ ഇടവകകളിൽ അസി. വികാരിയായി ശുശ്രൂഷ ചെയ്തു.

2015 ഓഗസ്റ്റ് മുതൽ 2019 മെയ് വരെ ചെട്ടിയാംപറമ്പ് ഇടവക വികാരിയായി ശുശ്രൂഷ ചെയ്തു. 2019 മെയ് മുതൽ 2023 മെയ് 14 വരെ തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ മാനേജരായി സേവനം ചെയ്തു. അതോടൊപ്പം വാഴമല, ചെറുവാഞ്ചേരി ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. തലശ്ശേരി മൈനർ സെമിനാരി വൈസ് റെക്ടറായി നിയമനം ലഭിച്ച് 2 ആഴ്ച പൂർത്തിയാകുമ്പോഴാണ് മനോജച്ചന്റെ ആകസ്മിക വിയോഗം സംഭവിക്കുന്നത്. തീവ്രമായ ദുഃഖവും നികത്താനാവാത്ത നഷ്ടവുമാണ് ബഹു. മനോജച്ചന്റെ മരണം ഞങ്ങൾക്ക് നല്കിയത്. പുലർച്ച 3 മണിക്ക് പതിവില്ലാതെ വന്ന ഫോൺ സന്ദേശം ഇത്രത്തോളം ആഴമേറിയ ദുരന്തവാർത്തയാണ് നല്കുന്നതെന്ന് കരുതിയില്ല. യൗവ്വനത്തിന്റെ ജ്വലനത്തിൽ 38-ാം വയസ്സിലാണ് ഈ ദീപം അണയുന്നത്. 12 വർഷത്തെ പൗരോഹിത്യജീവിതം മാത്രമാണ് നിത്യപുരോഹിതൻ ബഹു. മനോജച്ചനു

അനുവദിച്ചതെങ്കിലും ഒരായുസ്സിന്റെ സംഭാവനകളും ഓർമ്മകളും നമ്മുടെ അതിരൂപതയ്ക്ക് സമ്മാനിച്ചിട്ടാണ് ബഹു. മനോജ് ഒറ്റപ്ലാക്കലച്ചൻ അരങ്ങ് ഒഴിയുന്നത്.

നമ്മുടെ അതിരൂപത അടുത്തകാലത്തെങ്ങും ഇത്ര തീവ്രമായ ഒരു വേർപാടിന്റെ ദുഃഖം അറിഞ്ഞിട്ടില്ല. ദുഃഖത്തിന്റെ നിലയില്ലാത്ത കയത്തിലാണ് തലശ്ശേരി അതിരൂപതയെ പ്രത്യേകിച്ച് ഇവിടുത്തെ വൈദികസമൂഹത്തെ ഈ ആകസ്മിക വേർപാട് എത്തിച്ചത്. അച്ചൻ നമ്മുടെ അതിരൂപതയുടെ അഭിമാനമായിരുന്നു. നമ്മുടെ അതിരൂപതയുടെ ചരിത്രത്തിൽ ഇത്രത്തോളം പ്രതിഭ ഉണ്ടായിരുന്ന കലാകാരനായ ഒരു വൈദികൻഉണ്ടായിട്ടില്ല. സർവ്വകലകളുടേയും ഉറവിടമായ തമ്പുരാൻ മനോജച്ചന്റെ വിരലുകളിൽ അത്ഭുതസിദ്ധി നിറച്ചിരുന്നു. അച്ചൻ പെൻസിൽ കൈയിൽ എടുത്തു കാൻവാസുകളിൽ സ്പർശിച്ചപ്പോഴൊക്കെ സുന്ദര സൃഷ്ടികളാണ് തെളിഞ്ഞത്. വിശുദ്ധനായ പുരോഹിതനിൽ കലാവാസനകളുുടെ പൂർണ്ണത നിറഞ്ഞപ്പോൾ കല ദൈവികമാണെന്ന സത്യം അനേകം തവണ നമ്മൾ ഓർമ്മിച്ചു. കലാലോകത്ത് സുപരിചിതനായ വ്യക്തിത്വമായിരുന്നു മനോജച്ചൻ. എത്രയോ ചിത്രകലാപ്രദർശനങ്ങൾ മനോജച്ചൻ ഒരുക്കി. സർഗ്ഗഭാവനയുടെ മഹാസാഗരം ഉള്ളിലൊളിപ്പിച്ച മഹാനായ കലാകാരൻ ആയിരുന്നു ബഹു. മനോജച്ചനെന്ന് അദ്ദേഹത്തിന്റെ കലാസൃഷ്ടികൾ തെളിയിക്കുന്നു.

തലശ്ശേരി മൈനർ സെമിനാരി അധ്യാപകൻ, പരിശീലകൻ എന്ന നിലയിൽ വൈദികവിദ്യാർത്ഥികളുടെ ജീവിതത്തിൽ ബോദ്ധ്യങ്ങൾ ആഴത്തിൽ നല്കാൻ മനോജച്ചന് കഴിഞ്ഞു. കലാരംഗത്ത് വൈദികവിദ്യാർത്ഥികൾക്ക് മുൻകാലങ്ങളിൽ ലഭിക്കാത്ത പരിശീലനം ലഭിച്ചു. നമ്മുടെ അതിരൂപതയിലെ ഒട്ടനവധി പൊതുപരിപാടികളുടെ കലാസംവിധായനകനായി മനോജച്ചനല്ലാതെ മറ്റൊരു വ്യക്തി നമുക്കുണ്ടായിരുന്നില്ല. മനോജച്ചൻ മണ്ണുകൊണ്ട് നിർമ്മിച്ച മനോഹരശില്പങ്ങൾ ഓർമ്മയിൽ നിറം മങ്ങാതെ നില്ക്കുകയാണ്.

വാഗ്മി, ഗായകൻ, സംഘാടകൻ, വിശിഷ്ടവ്യക്തിത്വം എന്നിങ്ങനെ ഒരു വൈദികനു ലഭിക്കാവുന്ന സർവ്വസിദ്ധികളും നല്കി ദൈവം മനോജച്ചനെ അനുഗ്രഹിച്ചു. ഇത്രപെട്ടെന്ന് ഞങ്ങളെ പിരിയാൻ ആയിരുന്നോ ഇത്രത്തോളം ഗംഭീരമായ വിരുന്നുകൾ അച്ചാഅങ്ങ് ഞങ്ങൾക്ക് സമ്മാനിച്ചത്. വർണ്ണങ്ങളുടെ ലോകം വാക്കിലും എഴുത്തിലും വരയിലും സൃഷ്ടിക്കാൻ തമ്പുരാൻ അനിതരസാധാരണമായ കൃപ നല്കിയ പുരോഹിതനെയാണ് തലശ്ശേരിക്കു നഷ്ട

മായത്. ഈ ദുഃഖത്തിൽ നിന്നും കരകയറാൻ ഞങ്ങൾ ക്ലേശിക്കുകയാണ്. നിത്യപുരോഹിതന്റെ തിരുമുഖം ദർശിക്കുവാൻ അങ്ങ് ഞങ്ങൾക്കു മുമ്പേ പോകുകയാണല്ലോ. നിത്യജീവിതത്തിന്റെ വർണ്ണലോകത്ത് നാം ഒരുമിക്കും വരെ ഞങ്ങളുടെ ഹൃദയം തകർത്ത് യാത്ര പുറപ്പെട്ട മനോജച്ചാ അങ്ങേയ്ക്കു വിട. നിത്യതയിലേയ്ക്കുള്ള യാത്രയിൽ ഞങ്ങളുടെ പ്രാർത്ഥനകൾ അങ്ങയെ അനുഗമിക്കും. ദീപ്തമായസ്മരണകൾക്കുമുമ്പിൽ പ്രിയപ്പട്ട മനോജച്ചാ ബാഷ്പാഞ്ജലികൾ.

## അനുസ്മരണം



# റവ. ഫാ. ജോൺ വടക്കുംമൂല

തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോൺ വടക്കുംമൂല അച്ചൻ 2023 മെയ് 31 ബുധനാഴ്ച രാവിവെ 8.30 ന് നിര്യാതനായി. വാർദ്ധക്യസഹജമായ രോഗങ്ങളാൽ മംഗലാപുരത്ത് ആശുപത്രിയിൽ ചികിത്സയിലായിരിക്കുമ്പോഴാണ് ബഹു. ജോണച്ചന്റെ വിയോഗം സംഭവിക്കുന്നത്.

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ നിസ്തുലമായ സംഭാവനകൾ നല്കിയ ഒരു ശ്രേഷ്ഠ വൈദികനാണ് വിടപറഞ്ഞിരിക്കുന്നത്. 1939 സെപ്റ്റംബർ 23 ന് വടക്കുംമൂല വർക്കി- ഏലിക്കുട്ടി ദമ്പതികളുടെ മൂത്ത മകനായി പാലാ രൂപതയിലെ കുടുത്തുരുത്തി അടുത്ത് മാന്നാറിൽ ബഹു. ജോണച്ചൻ ജനിച്ചു. മൂന്നു സഹോദരൻമാരും മൂന്നു സഹോദരിമാരുമാണ് ജോണച്ചനുള്ളത്. അഡോറേഷൻ സന്യാസസഭാംഗങ്ങളായ സി. ടെസ്‌ലിറ്റ് (ചുണ്ടത്തുംപൊയിൽ, താമരശ്ശേരി) സി. അനിറ്റ (വിജയവാഡ) എന്നിവരും വി. സിറിയക് (കാലിച്ചാനടുക്കം) ടോം വടക്കുംമൂല (കാലിച്ചാനടുക്കം) ജോസ് വി. ജോർജ് (ന്യൂജഴ്സി), മേരി അബ്രാഹം പള്ളാത്ത് (ന്യൂജഴ്സി) എന്നിവരുമാണ് സാഹോദരങ്ങൾ.

മാന്നാർ ഗവ. എൽ.പി.സ്കൂൾ, സെന്റ് മൈക്കിൾസ് ഇംഗ്ലീഷ് ഹൈസ്കൂൾ കുടുത്തുരുത്തി എന്നിവിടങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1956 ൽ പാലാ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ മംഗലപ്പുഴ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി. 1964 ഡിസംബർ 01 ന് ബോംബെയിൽ വച്ച്

നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സിനിടയിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. 1965 മാർച്ച് മുതൽ 1966 നവംബർ വരെ ബളാൽ, മാലോം, വെള്ളരിക്കുണ്ട് പള്ളികളുടെ വികാരിയായി നിയമിതനായി.

1966 നവംബർ 28 ന് ബഹു.ജോണച്ചൻ നമ്മുടെ അതിരൂപതയുടെ അഭിമാന സ്ഥാപനമായ നിർമ്മലഗിരി കോളേജിലെത്തി. നിർമ്മലഗിരി ഇടവക വികാരി, കോളേജ് ബർസാർ, ഹോസ്റ്റൽ വാർഡൻ എന്നീ ശുശ്രൂഷകൾ 1970 ജൂൺ വരെ ബഹു. ജോണച്ചൻ നിർവ്വഹിച്ചു. 1970 ജൂൺ മുതൽ 1972 ഏപ്രിൽ വരെ ബറോഡ M.S യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തുകയും പൊളിറ്റിക്കൽസയൻസിൽ ബിരുദാനന്തരബിരുദം നേടുകയും ചെയ്തു. പഠനം പൂർത്തിയാക്കി തിരികെയെത്തി 1972 ഏപ്രിൽ മുതൽ തലശ്ശേരി രൂപതയുടെ അസി. കോർപ്പറേറ്റ് മാനേജരായി നിയമിതനായി. 1973 മെയ് മുതൽ വീണ്ടും നിർമ്മലഗിരി കോളേജിൽ ബർസാറായി ചാർജ്ജെടുത്തു. 1973 ജൂലൈ 18 മുതൽ പൊളിറ്റിക്സ് ലക്ചറായി നിയമിക്കപ്പെട്ടു. 1987 ഒക്ടോബർ 26 ന് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പലായി നിയമിതനായി. 1995 മാർച്ച് 31 ന് വിരമിക്കുന്നതുവരെ ബഹു. ജോണച്ചൻ നിർമ്മലഗിരി കോളേജിൽ ശുശ്രൂഷ ചെയ്തു.

നിർമ്മലഗിരി കോളേജിൽനിന്ന് വിരമിച്ച ബഹു. ജോണച്ചൻ 1995 മെയ് മുതൽ 1998 മെയ് വരെ ചെറുപുഴ ഫൊറോനാ വികാരിയായി സേവനം ചെയ്തു. 1998 മെയ് മുതൽ 2001 മാർച്ച് വരെ തലശ്ശേരി കോർപറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മാനേജരായി ശുശ്രൂഷ ചെയ്തു. 2001 മുതൽ ജോണച്ചൻ വിശ്രമജീവിതം നയിക്കുകയായിരുന്നു. വിദ്യാഭ്യാസ രംഗത്താണ് ബഹു. ജോണച്ചൻ പ്രധാനപ്പെട്ട സംഭാവനകൾ നല്കിയത്. ബഹു. ജോണച്ചൻ വൈദികനായ അതേവർഷം തന്നെയാണ് നമ്മുടെ രൂപതയുടെ കീഴിൽ ഒരു കോളേജിന് സർക്കാർ അനുമതി നല്കിയത്. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ഇരിട്ടി, പേരാവൂർ, യാത്രക്കിടയിൽ കണ്ടെത്തിയ കൂത്തുപറമ്പ് ടൗണിനടുത്തുണ്ടായിരുന്ന മൈതാനം (പഴയ കണ്ടംകുന്ന്) കോളേജിനായി തിരഞ്ഞെടുക്കുകയായിരുന്നു. കോളേജ് കെട്ടിടത്തിന്റെ നിർമ്മാണത്തിനും നിർമ്മലഗിരി ഇടവകയുടെ ചുമതലയുമായിട്ടാണ് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് അച്ചനെ നിയമിച്ചത്. 1964 ജൂലൈ 13 ന് നാനൂറ് വിദ്യാർത്ഥികളുമായി കൂത്തുപറമ്പിൽ മെരുവമ്പായി കുന്നിൽ നിർമ്മലഗിരി എന്ന കലാലയം സൃഷ്ടിക്കപ്പെട്ടതിനുശേഷം മാറിമാറി വന്ന പ്രിൻസിപ്പൽമാർ ഈ സ്ഥാപനത്തിന്റെ ഉന്നതിക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്തവരാണ്. അവരിൽ ഏറ്റവും മുൻപന്തിയിലാണ് ബഹു.

ജോണച്ചന്റെ സ്ഥാനം. ശില്പചാതുരിയിൽ ഏറ്റവും മനോഹരമായ ഘടനയാണ് നിർമ്മലഗിരി കോളേജിന്റേത്. കേരളത്തിലെ കോളേജുകളിൽ ഘടനാസൗന്ദര്യത്തിൽ നിർമ്മലഗിരി കോളേജിന് അദ്വിതീയ സ്ഥാനമാണുള്ളത്. ബഹു. ജോണച്ചനായിരുന്നു ഇതിന്റെ ശില്പി. എഞ്ചിനീയർ അച്ചൻ എന്ന പേരിൽ ബഹു. ജോണച്ചൻ അറിയപ്പെട്ടിരുന്നു.

നിർമ്മലഗിരി കോളേജ് ഇന്നത്തെ വളർച്ചയിലേയ്ക്ക് എത്തിയതിൽ ബഹു. ജോണച്ചന്റെ സംഭാവനകൾ വിസ്മരിക്കാനാവാത്തതാണ്. ഉത്തരമലബാറിന്റെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിൽ സുപ്രധാനമായ സാന്നിദ്ധ്യമായി മാറിയ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിനെ ദീർഘകാലം ബഹു. ജോണച്ചൻ മുന്നിൽനിന്ന് നയിച്ചു. വിദ്യാഭ്യാസവിചക്ഷണനും കുട്ടികളെ പ്രചോദിപ്പിച്ച അധ്യാപകനുമായിരുന്നു ബഹു. ജോണച്ചൻ. ഉത്തരമലബാറുകാർക്കായി ഒരു സർവ്വകലാശാല എന്ന ചിന്ത പൊതുസമൂഹത്തിന് നല്കിയവരിൽ പ്രധാനിയായിരുന്നു അദ്ദേഹം. പുതിയ സർവ്വകലാശാല എന്ന ആശയത്തിന് ജനപിന്തുണ ഉറപ്പാക്കുവാൻ അച്ചൻ നടത്തിയ ശ്രമങ്ങൾ വലുതായിരുന്നു. കണ്ണൂർ സർവ്വകലാശാല യാഥാർത്ഥ്യമാക്കുവാൻ ബഹു. ജോണച്ചൻ നല്കിയ നിർദ്ദേശങ്ങൾ നിർണ്ണായകമായിട്ടുണ്ട്.

പ്രിയപ്പെട്ട ജോണച്ചാ അങ്ങയുടെ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടും. വിശ്രമമറിയാത്ത കർമ്മയോഗി, പ്രസാദാത്കമതയുടെ പ്രതിരൂപം, വശ്യമായ പെരുമാറ്റത്തിന്റെ ഉടമ എന്നിങ്ങനെ ഒട്ടനവധി പ്രത്യേകതകൾ ബഹു. ജോണച്ചനുണ്ടായിരുന്നു. സഹപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും ഏറ്റവും പ്രിയപ്പെട്ട അധ്യാപകനായിരുന്നു ബഹു. ജോണച്ചൻ. തനിക്ക് ശരിയെന്നു തോന്നുന്ന കാര്യങ്ങൾ തുറന്നു പറയുവാനും അതിനുവേണ്ടി ഉറച്ചനിലപാട് എടുക്കാനും അച്ചൻ മടികാണിച്ചിരുന്നില്ല.

പ്രിയ ജോണച്ചാ ഒരുപാട് ജ്വലിക്കുന്ന ഓർമ്മകൾ സമ്മാനിച്ചിട്ടാണ് അങ്ങ് ഞങ്ങളോട് വിട പറയുന്നത്. തലശ്ശേരി അതിരൂപതയുടെ വൈദികകൂട്ടായ്മയിൽ ലാളിത്യവും ഗാംഭീര്യവും ഒരുപോലെ സമ്മേളിച്ച പൗരോഹിത്യ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അങ്ങ്. ഊർജ്ജസ്വലത ജോണച്ചന്റെ മുഖമുദ്രയായിരുന്നു. ഏല്പിക്കപ്പെട്ട ദൗത്യം പൂർത്തിയാക്കി ആത്മനിർവൃതിയോടെ നിത്യപുരോഹിതന്റെ തിരുമുഖം ദർശിക്കുവാൻ അങ്ങ് ആരംഭിച്ചിരിക്കുന്ന ഈ യാത്രയ്ക്ക് മംഗളങ്ങൾ. ബഹു. ജോണച്ചന്റെ ദീപ്ത സ്മരണകൾക്കുമുമ്പിൽ തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ബാഷ്പാഞ്ജലികൾ.

# സെമിനാരി വാർത്തകൾ

**ഒന്നാം വർഷ ദൈവശാസ്ത്രം**

റീജൻസി പരിശീലനകാലം വിജയകരമായി പൂർത്തിയാക്കി 17 വൈദികാർത്ഥികൾ ഈ വർഷം ദൈവശാസ്ത്രപഠനം ആരംഭിച്ചു. തങ്ങളുടെ പ്രായോഗിക പരിശീലനകാലഘട്ടത്തിൽ നിസ്വാർത്ഥമായി ശുശ്രൂഷ നിർവഹിച്ച വൈദികവിദ്യാർത്ഥികൾക്ക് നന്ദി പറയുന്നു. നിത്യപുരോഹിതനായ ഈശോയിലേക്ക് കൂടുതൽ വളരാൻ ദൈവശാസ്ത്രപരിശീലനം സഹായിക്കട്ടെയെന്ന് ആശംസിക്കുന്നു. വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം ആരംഭിച്ചിരിക്കുന്ന വൈദികാർത്ഥികൾക്ക് പ്രാർത്ഥനാശംസകൾ.

**FIRST YEAR THEOLOGY 2023 - 2024**

| No | Name | Parish | Theology |
|---|---|---|---|
| 1 | Ananiurumpel Joseph (Alwyn) | Malom | Rome |
| 2 | Anchuplackal Joseph (Albert) | Cheekkad | Germany |
| 3 | Arikuzhuppil Mathew (Justin) | Karunapuram | Germany |
| 4 | Karayattu Thomas (Ajin) | Mampoil | Kunnoth |
| 5 | Karottukunnel Chacko (Ajith) | Adotukayam | Satna |
| 6 | Karuthedathu Joseph (Bibin) | Ottathai | Mangalapuzha |
| 7 | Kollamkunnel Joseph (Jerin) | Pulingome | Rome |
| 8 | Moonupeedika Mathew | Kariapally | Satna |
| 9 | Mudakkalil George (Jinu) | Mattara | Mangalapuzha |
| 10 | Pallivathukkal Abraham(Alby) | Thalassery | Mangalapuzha |
| 11 | Paredom Augustine (Christo) | Paduppu | Vadavathoor |
| 12 | Pazhayaveettil Varghese (Jithin) | Cherupuzha | Vadavathoor |
| 13 | Puthiyaparambil George (Ebin) | Pathanpara | Vadavathoor |
| 14 | Thundathil Francis (Abhijith) | Malome | Kunnoth |
| 15 | Uppukunnel Thomas (Bipin) | Vattiyara | Mangalapuzha |

| | | | |
|---|---|---|---|
| 16 | Varanathu Abraham (Abi) | Bheemanady | Vadavathoor |
| 17 | Vengathadathil Joseph (Godwin) | Pulingome | Kunnoth |

### ഒന്നാം വർഷ തത്വശാസ്ത്രം

മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കി 15 വൈദിക വിദ്യാർത്ഥികൾ ഈ വർഷം വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്ര പഠനം ആരംഭിച്ചു.

**FIRST YEAR PHILOSOPHY 2023-2024**

| No | House Name, Name | Parish | Philosophy |
|---|---|---|---|
| 1 | Alackal Philip (Emil) | Bheemanady | Kunnoth |
| 2 | Chengazhasseril Robert | Thabore | Vadavathoor |
| 3 | Cheruparambil John (Roshin) | Malom | Vadavathoor |
| 4 | Kandathinkara Luka (Shone) | Thomapuram | Vadavathoor |
| 5 | Kanjamala Antony | Paramba | Mangalapuzha |
| 6 | Kannamkulam Mathew (Roony) | Kasaragod | Mangalapuzha |
| 7 | Kuzhumbil Joseph (Basil) | Josemount | Mangalapuzha |
| 8 | Manjamattathil John | Ayannoor | Kunnoth |
| 9 | Marottickal Varghese (Albin) | Peratta | Vadavathoor |
| 10 | Muringathuparambil George | Vellarikundu | Kunnoth |
| 11 | Muriyamkariyil Thomas | Modayaranji | Mangalapuzha |
| 12 | Naduviledathu Antony (Dalwin) | Kalichamaram | Kunnoth |
| 13 | Thakidiyel Christopher | Neduvaloor | Vadavathoor |
| 14 | Thekkeyil Antony (Akhil) | Karikkottakkary | Vadavathoor |
| 15 | Vadakkummuri Sebastian (Jonet) | Cherupuzha | Kunnoth |

### കുഞ്ഞനുജന്മാർക്ക് സ്വാഗതം

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദികാരാകാൻ ആഗ്രഹിച്ച് 28 കുട്ടികളാണ് ഈ വർഷം മൈനർ സെമിനാരിയിൽ ചേർന്നിരിക്കുന്നത്. ഈ കുട്ടികളുടെ ദൈവവിളി കണ്ടെത്തി അവരെ പ്രോത്സാഹിപ്പിച്ച ബഹു. വൈദികർക്കും വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്കും നന്ദി പറയുന്നു. പുത്തൻ പ്രതീക്ഷകളുമായി വൈദികപരിശീലനം ആരംഭിച്ചിരിക്കുന്ന വൈദികവിദ്യാർത്ഥികളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**First Years 2023-2024**

| No | Name | Parish |
|---|---|---|
| 1 | Anthyamkulam George | Konnakkadu |
| 2 | Ayithamattathil Martin | Puncha |
| 3 | Charamthottiyil Thomas (Albin) | Udayagiri |
| 4 | Chathanattu George (Anand) | Thadikadav |

| | | |
|---|---|---|
| 5 | Chudaliyankal Derin | Velimanam |
| 6 | Kalekattil Don | Kanjangad |
| 7 | Kalluprayil Mathew (Jisbin) | Kacherikadav |
| 8 | Kandathil Albert | Mundanoor |
| 9 | Kattikanayil Justin | Anara |
| 10 | Kizhakkethayyil Christo | Arabi |
| 11 | Kottayil George (Alan) | Kavumthala |
| 12 | Kusumalayam Antony | Kanjiradukkam |
| 13 | Maliyeckal Thomas (Alan) | Thaliparamba |
| 14 | Marippurath Thomas (Albin) | Thayyeni |
| 15 | Mekkunnel Tom | Malom |
| 16 | Mudavanattu Aabel | Kanakapally |
| 17 | Muttuchira Joseph (Alfred) | Thaliparamba |
| 18 | Ottaplackal Sebastian (Albin) | Puravayal |
| 19 | Padinjaremuriyil Joseph (Amal) | Karikottakary |
| 20 | Palamkunnel Mathew (Bibin) | Neduvaloor |
| 21 | Poilath Benedict (Arnold) | Badhiyadukka |
| 22 | Puthenpurackal Thomas (Royal) | Karikottakary |
| 23 | Thazhathuruthil George (Abin) | Rajagiry |
| 24 | Thekkekarakattu Peter | Manadukkam |
| 25 | Uppuveettil Thomas (Jobin) | Badhiyadukka |
| 26 | Vallombrayil Christy | Adottukaya |
| 27 | Velikkakath George (Milan) | Vellad |
| 28. | Vadakkemury Alen | Vimalasserry |

**നന്ദി – ഫാ. ജോസഫ് പണ്ടാരപറമ്പിൽ**

കഴിഞ്ഞ 3 വർഷക്കാലം തലശ്ശേരി അതിരൂപതാ വൊക്കേഷൻ പ്രൊമോട്ടറായി അനുഗ്രഹപ്രദമായി ശുശ്രൂഷ നിർവഹിച്ച ബഹു. ജോസഫ് അച്ചനെ നന്ദിയോടെ അനുസ്മരിക്കുന്നു. കോവിഡ് കാലഘട്ടത്തിലെ പ്രതികൂലമായ സാഹചര്യത്തിലും നമ്മുടെ അതിരൂപതയ്ക്കുവേണ്ടി സമർത്ഥരായ വൈദികാർത്ഥികളെ കണ്ടെത്താൻ സാധിച്ചത് അച്ചന്റെ കഠിനാധ്വാനത്താലാണ്. അതിരൂപതയിലെ വൊക്കേഷൻ ബ്യൂറോ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനും മൈനർസെമിനാരിയിലെ ഉപകാരികളുടെ കൂട്ടായ്മയെ സജീവമായി നിലനിർത്താനും അച്ചന്റെ പ്രവർത്തനങ്ങൾ ഏറെ സഹായകരമായിരുന്നു. ഈ കാലയളവിൽ നമ്മുടെ അതിരൂപതയിലെ അൾത്താരശുശ്രൂഷകർക്കായി പ്രത്യേകം രൂപകല്പന ചെയ്ത തിരുവസ്ത്രം തയ്യാറാക്കി വിതരണം ചെയ്തത് അച്ചന്റെ നേതൃത്വ

ത്തിലാണ്. മൈനർ സെമിനാരി സ്റ്റാഫ് അംഗം എന്ന നിലയിൽ പരിശീലന രംഗത്ത് അച്ചൻ പുലർത്തിയ മികവ് നന്ദിയോടെ അനുസ്മരിക്കുന്നു. അയർലൻണ്ടിൽ സേവനത്തിനായി ഒരുങ്ങുന്ന അച്ചന് എല്ലാവിധ നന്മകളും പ്രാർത്ഥനാശംസകളും നേരുന്നു.

## സ്വാഗതം - ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ

അതിരൂപതാ വൊക്കേഷൻ പ്രൊമോട്ടറായും മൈനർ സെമിനാരി സ്റ്റാഫ് അംഗമായും ചുമതല ഏറ്റെടുത്തിരിക്കുന്ന ബഹു. കുര്യാക്കോസ് അച്ചന് സ്നേഹപൂർവം സ്വാഗതം ആശംസിക്കുന്നു. ദൈവവിളി പരിപോഷണ ത്തിനായുള്ള അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

## നന്ദിയോടെ... കടപ്പാടോടെ... റവ. ഫാ. അബ്രാഹം (മനോജ്) ഒറ്റപ്ലാക്കൽ

ഒരുപാട് നല്ല ഓർമ്മകളും അനുഭവങ്ങളും സമ്മാനിച്ച് ദൈവസന്നിധി യിലേക്ക് യാത്രയായ പ്രിയപ്പെട്ട ഒറ്റപ്ലാക്കലച്ചനെ മൈനർ സെമിനാരി സമൂഹം ഏറെ കടപ്പാടോടെ അനുസ്മരിക്കുന്നു. കഴിഞ്ഞ 4 വർഷക്കാലം സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ മാനേജർ എന്നതിനോടൊപ്പം മൈനർ സെമിനാരിയിലെ പരിശീലകനായും മനോജച്ചൻ കൂടെ ഉണ്ടാ യിരുന്നു - ഒപ്പം മൈനർ സെമിനാരി വൈസ് റെക്ടർ എന്ന നിലയിൽ ഏതാനും ആഴ്ചകളും.

മൈനർ സെമിനാരിയിലെ വൈദികരോട് ഏറെ ഇഴയടുപ്പമുള്ള ഹൃദയ ബന്ധം പുലർത്തിയ മനോജച്ചൻ വൈദികപരിശീലനത്തിന് പുതിയ ദിശാബോധം നല്കി. ഉത്തമകലാകാരനായ അച്ചന്റെ സൂക്ഷ്മ നിരീക്ഷണ പാടവവും ഗഹനമായ വിലയിരുത്തലുകളും, ആഴമേറിയ ദർശനങ്ങളും പരിശീലനരംഗത്ത് മുതൽക്കൂട്ടായിരുന്നു. ചിത്രരചന, ശില്പകല, നാടകരചന - സംവിധാനം, അഭിനയം, ഗാനം, സ്പോർട്സ്, ഗെയിംസ് ഈ മേഖലകളിലെല്ലാം അതീവപ്രാഗത്ഭ്യം തെളിയിച്ച മനോജച്ചന്റെ കീഴിൽ പരിശീലനം നേടിയവർ അനുഗ്രഹീതരാണ്.

സമസ്തമേഖലകളിലും കഴിവ് തെളിയിച്ച മനോജച്ചൻ വൈദികാർത്ഥി കൾക്ക് സമഗ്രപരിശീലനം നൽകുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള അച്ചന്റെ അഗാധമായ പാണ്ഡിത്യം അത്ഭുതാവഹമായിരുന്നു. കല, സാഹിത്യം, ദൈവശാസ്ത്രം, തത്വശാസ്ത്രം, പൊളിറ്റിക്സ്, ഈ മേഖലകളിലെല്ലാം പുത്തൻ ചിന്താസരണികളെ കോർത്തിണക്കി കൊണ്ടുള്ള അച്ചന്റെ സംഭാഷണങ്ങളും ക്ലാസുകളും ഏറെ ആകർഷകമായിരുന്നു. വർത്തമാനകാലത്തിന്റെ സ്പന്ദനങ്ങളെ

ഏറ്റവും അടുത്ത് അറിഞ്ഞ ഈ അത്ഭുത പ്രതിഭ കാലികപ്രാധാന്യമുള്ള വിഷയങ്ങളുടെ വിവിധ തലങ്ങളിലൂടെ സഞ്ചരിക്കുന്നത് ആദരവോടും അത്ഭുതത്തോടെയുമാണ് നോക്കി കണ്ടിരുന്നത്. തലശ്ശേരി പട്ടണത്തി ലെയും സമീപ പ്രദേശങ്ങളിലെയും സാമൂഹിക - സാംസ്കാരിക വേദികളി ലെ നിറസാന്നിധ്യമായിരുന്നു പ്രഭാഷണ കലയുടെ മർമ്മം അറിഞ്ഞ ഈ പ്രഗത്ഭ വാഗ്മി.

മനോജച്ചൻ അർപ്പിച്ചിരുന്ന ഭക്തിസാന്ദ്രമായ വി. കുർബ്ബാനയും, ചൊല്ലിയിരുന്ന അക്ഷരസ്ഫുടതയുള്ള പ്രാർത്ഥനകളും, ആലപിച്ചിരുന്ന ഇമ്പമേറിയ ഗാനങ്ങളും, ലളിതവും അർത്ഥസമ്പുഷ്ടവുമായ വചന പ്രഘോഷണങ്ങളും, ഹൃദയത്തെ തൊടുന്ന ദിവ്യകാരുണ്യ ആരാധനകളും ഏവരെയും ദൈവസന്നിധിയിലേയ്ക്ക് കൂടുതൽ അടുപ്പിക്കുന്നവയായിരുന്നു.

വിശുദ്ധനായ വൈദികൻ, അനുകമ്പ നിറഞ്ഞ അജപാലകൻ. നലം തികഞ്ഞ പരിശീലകൻ, ദൈവം കൈയ്യൊപ്പ് ചാർത്തിയ ചിത്രകാരൻ, സുകു മാരകലകളുടെ കറകളഞ്ഞ ഉപാസകൻ, ഉജ്വല വാഗ്മി, അനുഗ്രഹീത ഗായകൻ, മികവുറ്റ സംഘാടകൻ, പ്രഗത്ഭനായ കായികതാരം, നിസ്വാർത്ഥമായ കഠിനാധ്വാനത്തിന്റെ ആൾരൂപം, മണ്ണിനെയും മരങ്ങ ളെയും അഗാധമായി പ്രണയിച്ച പ്രകൃതിസ്നേഹി - സർവോപരി പ്രിയപ്പെട്ട മനോജച്ചാ സർവചരാചരങ്ങളേയും ഋഷിതുല്യം നോക്കിക്കണ്ട കർമയോ ഗിയായിരുന്നു അങ്ങ്.

ആരെയും നോവിക്കാതെ, നോവ് അറിയിക്കാതെ അങ്ങ് കടന്നുപോകു മ്പോൾ അങ്ങയുടെ സഹനജീവിതം ഞങ്ങളുടെ വിശ്വാസജീവിതത്തെ കൂടുതൽ ബലപ്പെടുത്തുന്നു. ഭൂമിയിൽ നന്മകൾ മാത്രം ചെയ്ത് കടന്നു പോയ അങ്ങ് സ്വർഗത്തിലിരുന്ന് കൂടുതൽ അനുഗ്രഹങ്ങൾ വർഷിക്കുമെന്ന് ഞങ്ങൾക്കറിയാം. പ്രിയപ്പെട്ട മനോജച്ചാ, അങ്ങയുടെ ദീപ്ത സ്മരണകൾക്ക് മുമ്പിൽ അങ്ങയുടെ സ്വന്തമായിരുന്ന മൈനർ സെമിനാരി സമൂഹം ആദരവോടെ, നന്ദിയോടെ, കടപ്പാടോടെ നിലകൊള്ളുന്നു.

**ഫാ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

# കാറ്റക്കെറ്റിക്കൽ അപ്പൊസ്സ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

## 1. ദുക്റാന തിരുനാൾ

"കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല". സ്വർഗ്ഗത്തിലേക്കുള്ള വഴി കണ്ടെത്തിയവനാണ് മാർ തോമ്മാശ്ലീഹാ. നമുക്കു വിശ്വാസം പകർന്നുതന്ന മാർ തോമ്മാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടുവാനും ജീവിക്കുവാനും പ്രഘോഷിക്കുവാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാനും നമുക്കു പരിശ്രമിക്കാം. ദുക്റാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

## 2. മതബോധന മണിക്കൂർ

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിക്കുകയാണ്. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനവേദി. കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് വിശ്വാസപരിശീലന സംബന്ധമായ കാര്യങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന സമയമാണ് മതബോധന മണിക്കൂർ. ക്ലാസ് അധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

### 3. സർവ്വേ ഫോം - 2023

2023-2024 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ജൂലൈ 16-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

### 4. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാ പ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 5. എയ്ഞ്ചൽ/ബൈബിൾ നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

### 6. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ

2022-2023 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് വിതരണം ചെയ്തിരുന്നു. സർട്ടിഫിക്കറ്റുകൾ എത്രയും പെട്ടന്നുതന്നെ കുട്ടികൾക്ക് നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### 7. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയന വർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം.

### 8. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഏകദിന സെമിനാർ ജൂലൈ മാസം മുതൽ ആരംഭിക്കുന്നതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. ഓണപരീക്ഷയ്ക്ക് മുൻപായി എല്ലാ ഫൊറോനകളിലും സെമിനാർ നടത്തുന്നതാണ്. സെമിനാർ നയിക്കുന്ന ടീം അംഗങ്ങൾ ആരെന്ന് ഓഫീസിൽ നിന്നും അറിയിക്കുന്നതായിരിക്കും. സെമിനാറിൽ

ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

### 9. ആമുഖസെമിനാർ ജൂലൈ 20-23

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂലൈ 20 മുതൽ 23 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂലൈ മാസം 20-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 23-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400 രൂപയായിരിക്കും.

### 10. മതബോധന കൗൺസിൽ/പി.ടി.എ

എല്ലാ ഇടവകകളിലും കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചു ചേർത്ത് ക്ലാസ് കൊടുക്കേണ്ടതും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

### 11. അതിരൂപതാ സന്ദർശകരുടെ സമ്മേളനം - ജൂലൈ 8

അതിരൂപതാ സന്ദർശകരുടെ പ്രഥമസമ്മേളനം ജൂലൈ 8-ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ സന്ദേശഭവനിൽവച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ. പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ഫൊറോന പ്രസിഡന്റുമാർ ഓഫീസിൽ അറിയിക്കുമല്ലോ.

### 12. ഓർമ്മിക്കേണ്ട തീയതികൾ

2023-2024 അധ്യയനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണപരീക്ഷ:** സെപ്റ്റംബർ 10, **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 10, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** ഏപ്രിൽ 01-04, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 06, **മതാധ്യാപക ദിനം:** നവംബർ 05.

### 13. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയനവർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

### 14. പുതിയ ഹെഡ്മാസ്റ്റർ

പുതിയ ഹെഡ്മാസ്റ്റർമാരെ നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും ബന്ധപ്പെട്ടവർ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.

### 15. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭി

ക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

### 16. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് - നന്ദി

2023 ജൂൺ 10 ശനിയാഴ്ച സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് നടത്തി. മാർ ജോസഫ് പാംപ്ലാനി പിതാവ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയമറ്റം പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ഫിലിപ്പ് കവിയിൽ, ശ്രീ. ജോൺസൺ പൊട്ടയ്ക്കൽ എന്നിവർ ആശംസാ പ്രസംഗം നടത്തി. വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ മീറ്റിംഗിൽ വിതരണം ചെയ്തു. ജോസഫ് പുല്ലാട്ട്, റവ. സി. ജെറോസ് എസ്.എ.ബി.എസ്, അൽഫോൻസ കുഴിപ്പള്ളിൽ, ക്രിസ്റ്റഫ് പിയൂസ് പറേടം എന്നിവർ മറുപടി പ്രസംഗം നടത്തി. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നന്ദിയും പറഞ്ഞു. സി. റോസിലിയ എൻഎസ്, സി. ട്രീസ എഫ്സിസി, സി. പ്രീതിമരിയ സി.എം.സി എന്നിവർ പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. നാനൂറോളം വിശ്വാസപരിശീലകർ കോൺഫറൻസിൽ പങ്കെടുത്തു.

#### a) ജൂബിലി ആഘോഷിക്കുന്നവർ

മതാധ്യാപനരംഗത്ത് 50, 25 വർഷം പൂർത്തിയാക്കിയവരെയും മതാധ്യാപനരംഗത്തുനിന്ന് വിരമിച്ചവരെയും ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ അഭിവന്ദ്യ പിതാവ് ആദരിച്ചു. സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച അധ്യാപകർക്ക് അതിരൂപതാ വിശ്വാസപരിശീലനകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

#### b) സുവർണ്ണജൂബിലി ആഘോഷിക്കുന്നവർ

ശ്രീ. ജോസഫ് പുല്ലാട്ട് (ആനമഞ്ഞൾ), ശ്രീ. മാത്യുക്കുട്ടി പെരുമ്പള്ളിക്കുന്നേൽ (തയ്യേനി), ശ്രീ. ജോസ് ഇളയാനിത്തോട്ടത്തിൽ (ആയന്നൂർ).

#### c) രജതജൂബിലി ആഘോഷിക്കുന്നവർ

ശ്രീ. ഷൈൻ എം. ജോസഫ് മക്കനാൽ (അറബി), റവ. സി. ജോസ്മി അഞ്ചാനിക്കൽ എഫ്.സി.സി (ചെമ്പന്തൊട്ടി), റവ. സി. സോഫി ജോസ് മുക്കുഴി എഫ്.സി.സി (ചെമ്പന്തൊട്ടി), ശ്രീ. ജോസഫ് കാഞ്ഞിരത്തുംമൂട്ടിൽ (വെളിമാനം), ശ്രീമതി മോളി ജോർജ് ഒരപ്പാംക്കുഴിമറ്റത്തിൽ (മുടയരഞ്ഞി), ശ്രീ. ബിജു മാത്യു കൊട്ടാരത്തിൽ (വായാട്ടുപറമ്പ്), ശ്രീമതി ഷൈനി ജോർജ് പേണ്ടാനത്ത് (കാഞ്ഞങ്ങാട്), ശ്രീ. ജോസ് കുമ്മിണിയിൽ (ആര്യ

പ്പറമ്പ്), ശ്രീ. ഷാജി തോമസ് വേഴാമ്പച്ചേരിൽ (കോലുവള്ളി), ശ്രീ. ടോം വെണ്ണായപ്പിള്ളിൽ (കനകപ്പള്ളി), ശ്രീ. തോമസ് താഴത്തേൽ (മണ്ടളം), റവ. സി. ജെറോസ് കൂട്ടുങ്കൽ എസ്.എ.ബി.എസ് (കിളിയന്തറ), റവ. സി. ലില്ലി മരിയ വടക്കൻ എസ്.എ.ബി.എസ് (കിളിയന്തറ), ശ്രീ. ബെന്നി മാത്യു പുത്തൻ നടയിൽ (പാത്ത ൻപാറ), ശ്രീ. സെബാസ്റ്റ്യൻ ചിറ്റേട്ട് (പാത്തൻപാറ), റവ. സി. ഫിലോമിന ജോൺ എം.എസ്.എം.ഐ (മേരിപുരം), ശ്രീ. ജോബി പുറ്റു മണ്ണിൽ (തിരുമേനി), ശ്രീ. സോജൻ ഇരുപ്പക്കാട്ട് (കുടിയാൻമല), ഏലമ്മ മനയാനിക്കൽ (കുടിയാൻമല), ശ്രീ. ജിന്റോ പൊട്ടൻപ്ലാക്കൽ (കുന്നുംകൈ), ശ്രീ. സോണി ചേന്നോത്ത് (ഒറ്റത്തൈ), റവ. സി. റാണി തെരേസ മങ്ങാട്ടു കുന്നേൽ എസ്.കെ.ഡി (കാലാങ്കി), റവ. സി. ലൂസിയ മാത്യു എല്ലുങ്കൽ എസ്.കെ.ഡി (കാലാങ്കി), ശ്രീ. സാബു വട്ടക്കളം (ബിരിക്കുളം), ശ്രീമതി സാലി വർഗ്ഗീസ് മൂഴയിൽ (കോട്ടൂർ), ശ്രീമതി ലില്ലി ജോസ് ഇടശ്ശേരി (കോ ട്ടൂർ), ശ്രീ. ഫിലിപ്പ് ജോൺ പുല്ലംപ്ലാവിൽ (കോട്ടൂർ), ശ്രീ. ജോർജ് നൂറമ്മാ ക്കൽ (പുളിങ്ങോം), ശ്രീമതി സിജി തോമസ് മൈലക്കൽ (പുളിങ്ങോം), റവ. സി. മേരിക്കുട്ടി അടിച്ചമാക്കൽ (ബിരിക്കുളം), ശ്രീമതി ലില്ലി ജോസ് പള്ളൂരത്തിൽ (പടുപ്പ്), ശ്രീ. സണ്ണി മുണ്ടോളിക്കൽ (നെല്ലിക്കാംപൊയിൽ), റവ. സി. ടിന ആലവേലിൽ എസ്.എ.ബി.എസ് (കിളിയന്തറ).

**d) വിരമിച്ച പ്രധാനധ്യാപകർ**

ശ്രീ. വർക്കി പള്ളൂരത്തിൽ (പുറവയൽ), ശ്രീ. ബിജു വെട്ടിക്കാട്ട് (കാ വുംതല), ശ്രീ. ജോൺ കടുപ്പിൽ (നടുവിൽ), ശ്രീ. ജോണി കൈപ്പള്ളിപ്പാറ യിൽ (ചെറുപുഴ), ശ്രീ. ഷിജു മനയാനിക്കൽ (ജയഗിരി), ശ്രീ. ടോമി കരി കര (കനകക്കുന്ന്), ശ്രീ. ജോർജ് മാരാംകുഴക്കൽ (മണിപ്പാറ).

**e) വിരമിച്ച വിശ്വാസപരിശീലകർ**

ശ്രീ. തോമസ് അറക്കൽ (ഇരിട്ടി), ശ്രീ. തോമസ് വടക്കേടം (എടൂർ), ശ്രീ. ജെയിംസ് കരുണക്കൽ (ചൂണ്ടപറമ്പ്), ശ്രീ. ജോസ് മാത്യു കാരംകു ന്നേൽ (ചൂണ്ടപറമ്പ്), ശ്രീ. മാത്യു തെള്ളിയിൽ (കുടിയാൻമല), ശ്രീ. ജോസ് മൂത്തേടത്ത് (ഉരുപ്പുംകുറ്റി), ശ്രീ. മാത്യു കാരക്കാട്ടുകുഴിയിൽ (പൈസക്ക രി), ശ്രീ. സാവിയോ ചക്കാനിക്കുന്നേൽ (പൈസക്കരി), ശ്രീ. തോമസ് കുന്നേൽ (പേരാവൂർ), ശ്രീ. ബേബി പടികര (പുളിങ്ങോം), ശ്രീ. ജോസഫ് തൈക്കൽ (പുളിങ്ങോം), ശ്രീ. അബ്രാഹം വള്ളോംകോട്ടയിൽ (പേരാവൂർ), ശ്രീ. ജോസ് കാനാട്ട് (പുറവയൽ), ശ്രീ. ജോസ് മണലേൽ (എടൂർ).

**f) അധ്യാപകർക്ക് അഭിനന്ദനങ്ങൾ**

പന്ത്രണ്ടു വർഷവും മുടങ്ങാതെ എല്ലാ ഞായറാഴ്ചകളിലും വിശ്വാസം പരിശീലിപ്പിച്ച ശ്രീമതി ഡോളി കേളിമറ്റം (വിളമന), ശ്രീ. ഡെന്നിസ് കൂട്ടു ങ്കൽ (ദീപഗിരി), ശ്രീ. മനു പരപരാകത്ത് (പുറവയൽ), ഏലമ്മ മനയാനി

ക്കൽ (കുടിയാൻമല) എന്നീ അധ്യാപകരെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് സർട്ടിഫിക്കറ്റും മെമെന്റോയും നൽകി ആദരിച്ചു.

**g) കുട്ടികൾക്ക് അഭിനന്ദനങ്ങൾ**

പന്ത്രണ്ടു വർഷവും എല്ലാ ഞായറാഴ്ചകളിലും വിശ്വാസപരിശീലന ക്ലാസ്സുകളിൽ ഹാജരായി പഠനം പൂർത്തിയാക്കിയ ആൻമരിയ മുകളേൽ (വിളക്കന്നൂർ), കുര്യൻ ചൊറിയമ്മാക്കൽ (മാട്ടറ), അൽഫോൻസ കുടകുത്തിയേൽ (എണ്ണപ്പാറ), എയ്ഞ്ചൽ കരിയിലകുളത്ത് (ജയഗിരി), നിർമ്മല കടമ്പനാട്ട് (ചെമ്പേരി), അന്നമ്മ പുതുപ്പറമ്പിൽ (നെല്ലിപ്പാറ), ട്രീസ പാലിയത്തിൽ (കണിച്ചാർ), ജോർജ് വേലനാത്ത് (കുളിനീർ), ആൻമരിയ വീണപ്ലാക്കൽ (വിജയപുരം), ആലിസ് നിരപ്പേൽ (ബിരിക്കുളം), സെബാസ്റ്റ്യൻ കുഞ്ചറാത്ത് (പടുപ്പ്), ക്രിസ്റ്റഫ് പിയൂസ് പറേടം (പടുപ്പ്) എന്നീ കുട്ടികളെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വച്ച് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകി ആദരിച്ചു.

## 17. ആസ്പെക്ട് പരീക്ഷാഫലം

വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം എന്ന വിഷയത്തെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് നടത്തിയ ആസ്പെക്ട് പരീക്ഷയിൽ രണ്ടായിരത്തി മൂന്നൂറോളം വിശ്വാസപരിശീലകർ പങ്കെടുത്തു. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2022 - 2023 | | |
|---|---|---|
| **പേര്, വീട്ടുപേര്** | **ഇടവക** | **റാങ്ക്** |
| 1. മോളി കാരക്കടയിൽ | ജയഗിരി | ഒന്നാം റാങ്ക് |
| 2. ഷിജി കശാവടക്കേതിൽ | മാനടുക്കം | രണ്ടാം റാങ്ക് |
| 3. റെജി മുണ്ടയ്ക്കൽ | പൂപ്പറമ്പ് | മൂന്നാം റാങ്ക് |
| 4. റവ. സി. ഹെലൻ എഫ്.സി.സി | എടക്കോം | മൂന്നാം റാങ്ക് |
| 5. മെർലിൻ സുനിൽ കവളക്കാട്ട് | കണ്ണൂർ | മൂന്നാം റാങ്ക് |
| 6. റവ. സി. സ്റ്റെല്ല എസ്.കെ.ഡി | കാഞ്ഞങ്ങാട് | നാലാം റാങ്ക് |
| 7. അൻസമ്മ ആൻഡ്രൂസ് പുതുപ്പള്ളിൽ | കോടോപ്പള്ളി | നാലാം റാങ്ക് |
| 8. റവ. സി. സൂസ അഗസ്റ്റിൻ എഫ്.സി.സി | വിമലശ്ശേരി | അഞ്ചാം റാങ്ക് |
| 9. എൽബി മുതുപ്ലാക്കൽ | കാഞ്ഞിരടുക്കം | അഞ്ചാം റാങ്ക് |

## 18. വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റ്

വിശ്വാസോത്സവ ദിവസങ്ങളിൽ ദൈവാരാധന എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കായി നടത്തിയ റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റിന് പൈസക്കരി സൺഡേസ്കൂൾ ഒന്നാം സ്ഥാനത്തിനും, മാലോം സൺഡേസ്കൂൾ രണ്ടാം സ്ഥാന

ത്തിനും, പുലിക്കുരുമ്പ, മണിക്കടവ് സൺഡേസ്കൂളുകൾ മൂന്നാംസ്ഥാന ത്തിനും അർഹരായി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

## 19. എൻഡോവ്മെന്റുകൾ

2022-2023 അധ്യയനവർഷത്തിൽ വിജയികളായ അധ്യാപകർക്കും കുട്ടികൾക്കുമായി സൺഡേസ്കൂൾ തലത്തിൽ വിതരണം ചെയ്ത വിവിധ എൻഡോവ്മെന്റുകൾ താഴെകൊടുക്കുന്നു.

1. ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം എപ്പിസ്കോപ്പൽ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
2. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എപ്പിസ്കോപ്പൽ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
3. ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
4. ശ്രീ. ജോസഫ് ഇരുപ്പക്കാട്ട് മെമ്മോറിയൽ എൻഡോവ്മെന്റ്.
5. ചിറമേൽ ജേക്കബ് മറിയം എൻഡോവ്മെന്റ്.
6. റവ. ഡോ. ജോസ് ജേക്കബ് നെടുംതകടി പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
7. റവ. ഡോ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്.
8. റവ. ഫാ. തോമസ് മണ്ണൂരാംപറമ്പിൽ പൗരോഹിത്യ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
9. കൂറ്റാരപ്പള്ളി ശ്രീ. പോത്തൻ ജോസഫ്, അന്നമ്മ ജോസഫ് മെമ്മോറിയൽ എൻഡോവ്മെന്റ്.
10. റവ. ബ്രദർ മാത്യു കാവുങ്കൽ എൻഡോവ്മെന്റ്.
11. റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് പൗരോഹിത്യ സുവർണ ജൂബിലി എൻഡോവ്മെന്റ്.
12. റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്.

## 20. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ മാടത്തിൽ, കിളയന്തറ, ആര്യപ്പറമ്പ്, മാനടുക്കം, കാലാങ്കി എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ തോമാപുരം, കാഞ്ഞങ്ങാട്, ശ്രീക ണ്ഠാപുരം, എടൂർ എന്നീ സൺഡേ സ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### 1. തിയോളജി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ

2023 –24 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.

### തിയോളജി കോഴ്സുകൾ

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/മലയാളം ഭാഷകളിൽ എല്ലാ വിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിൽ Zoom or Google Meet Platform കളിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alpha thalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com, Ph: 9745363277, 8086312826.

**2. ജൂലൈ മാസത്തിലെ ക്ലാസ്സുകൾ**

**BTh**

01. ദൈവശാസ്ത്ര പ്രവേശിക - *ജൂലൈ 8 (മലയാളം)*
02. ദൈവശാസ്ത്ര പ്രവേശിക - *ജൂലൈ 9 (ഇംഗ്ലീഷ്)*
03. വി. ലൂക്കായുടെ സുവിശേഷം - *ജൂലൈ 22 (മലയാളം)*
04. വി. ലൂക്കായുടെ സുവിശേഷം - *ജൂലൈ 30 (ഇംഗ്ലീഷ്)*

**MTh**

01. ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം - *ജൂലൈ 12 (മലയാളം)*
02. ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം - *ജൂലൈ 20 (ഇംഗ്ലീഷ്)*
03. പഴയനിയമ ദൈവശാസ്ത്രം - *ജൂലൈ 26 (ഇംഗ്ലീഷ്)*

**3. തിയോളജി പഠന പുസ്തകങ്ങളുടെ വിതരണം**

തിയോളജി കോഴ്സിന്റെ വരുന്ന സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ ജൂലൈ ആദ്യആഴ്ചയിൽ അതാതു സ്റ്റഡിസെന്ററുകളിലും മതാദ്ധ്യാപകർക്ക് ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചു നൽകുന്നതാണ്. ക്ലാസുകൾ ആരംഭിക്കുന്നതിനു മുമ്പായി എല്ലാ വിദ്യാർത്ഥികളും പുസ്തകങ്ങൾ കൈപ്പറ്റുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**4. തീസിസ് സമർപ്പണം**

അവസാനവർഷ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ ജൂലൈ 30 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 50 മുതൽ 70 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

**5. സെമസ്റ്റർ പരീക്ഷകൾ - ല്യൂമെൻ എക്ലേസിയാ പരീക്ഷകൾ റിസൾട്ട് പ്രസിദ്ധീകരിച്ചു**

ഈ സെമസ്റ്ററിലെ പരീക്ഷകളുടെ റിസൾട്ട് ആൽഫാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിസൾട്ട് കാണുന്നതിനായി www. alpha

thalassery.org എന്ന വെബ്സൈറ്റിൽ സ്റ്റുഡന്റ് ലോഗിൻ എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. ഓരോരുത്തരും അവരവരുടെ രജിസ്റ്റർ നമ്പറും പാസ് വേഡും (alpha) നൽകിയാൽ റിസൾട്ട് ലഭ്യമാകുന്നതാണ്.

ഉദാ : **Username : BT-00000-23**

**Password : alpha**

**6. ബിരുദദാന ചടങ്ങ് ഡിസംബർ 16-ശനിയാഴ്ച**

ഈ വർഷം ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഡിസംബർ 16 ന് നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**7. ലോഗോസ് പഠന സഹായി**

ലോഗോസ് ബൈബിൾ ക്വിസ്സിൽ പങ്കെടുക്കുന്നവർക്ക് സഹായകമാകുന്ന രീതിയിൽ ചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി പഠനസഹായി ബൈബിൾ അപ്പൊസ്റ്റോലേറ്റ് പുറത്തിറക്കുന്നുണ്ട്. ആവശ്യമുള്ളവർക്ക് മുൻകൂട്ടി ഓർഡർ ചെയ്യാവുന്നതാണ്.

**8. ലോഗോസ് ബൈബിൾ ക്വിസ് - 2023**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 23-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും പ്രഖ്യാപിച്ചു.

**പഠനഭാഗങ്ങൾ**

| | |
|---|---|
| **ജോഷ്വ 13-24** | **പ്രഭാഷകൻ 27-33** |
| **വി. ലൂക്കാ 1-8** | **2 കൊറി 1-6** |

**പരീക്ഷാതീയതികൾ**

| | |
|---|---|
| രൂപതാതലം | : 2023 സെപ്റ്റം. 24, 2.00 pm -3.30 pm |
| സംസ്ഥാനതലം | : 2023 നവംബർ 5 |
| മെഗാ ഫൈനൽ | : 2023 നവംബർ 18-19 |
| രജിസ്ട്രേഷൻ | : **2023 ജൂൺ 1 മുതൽ ജൂലൈ 31 വരെ** |

**രജിസ്ട്രേഷനിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

രജീസ്ട്രേഷൻ ഫീസ് 10 രൂപയാണ്. ലോഗോസ് ബൈബിൾ ക്വിസിൽ നമ്മുടെ അതിരൂപത മികച്ച പങ്കാളിത്തം പതിവായി നടത്താറുണ്ട്. ഈ വർഷവും ആ പതിവ് ആവർത്തിക്കണം. എല്ലാ ഇടവകകളിലും പരമാവധി ആളുകളെ പരീക്ഷയ്ക്കായി ഒരുക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ജൂൺ 1 മുതൽ ജൂലായ് 31 വരെ രജിസ്ട്രേഷന് സമയപരിധിയുണ്ട്. ഓൺലൈൻ ആയി രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇടവകാതലത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി ഒരുമിച്ച് രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുക. ഓരോ ഇടവകയ്ക്കുമുള്ള username, password എന്നിവ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. ഇവ രണ്ടും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഓഫീസുമായി ബന്ധപ്പെടേണ്ട നമ്പർ: 8086312826, ഓഫീസ് സമയം : തിങ്കൾ-ശനി 9.30-5.00.

## 9. അഖില കേരള ബൈബിൾ കലോത്സവം

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 29,30 തീയതികളിൽ എറണാകുളം, തേവര സേക്രട്ട് ഹാർട്ട് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

### 1). രചന മത്സരങ്ങൾ

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
2. രചനകളിൽ പേരോ വിലാസമോ എഴുതരുത്. **പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിൽ എഴുതി പിൻ ചെയ്തിരിക്കണം.**
3. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കുന്നതായിരിക്കണം.
4. രചനകൾ അയയ്ക്കുന്ന കവറിൽ അഖിലകേരള ബൈബിൾ കലോത്സവം 2023 എന്ന് എഴുതിയിരിക്കണം.
5. **മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനു മുൻപ് വേറെ കോപ്പി കരുതേണ്ടതാണ്.**
6. രചനകൾ 50 രൂപ രജിസ്ട്രേഷൻ ഫീസിനൊപ്പം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി നമ്പർ 2251, കൊച്ചി-682025 എന്ന വിലാസത്തിൽ 2023 നവംബർ 16 നു മുൻപ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. **ഈ തീയതിക്ക് ശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.**
7. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും.

8. വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

9. ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക.

ഗ്രൂപ്പ് നമ്പർ 1 : അല്മായർ

വിഷയം : **സിനഡാലിറ്റിയും സഭാനവീകരണവും**

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ

വിഷയം : **സിനഡാത്മകതയും സഭാജീവിതവും**

ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ

വിഷയം : **സിനഡാത്മകത ബൈബിളിൽ**

10. അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുന്നത്. മത്സരസമയത്ത് ബൈബിളിൽ നിന്നും നല്കുന്ന വിഷയത്തിനനുസരിച്ചായിരിക്കണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിന് വാട്ടർ കളറാണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

**2) കലാ മത്സരങ്ങൾ**

അഖില കേരള ബൈബിൾ കലോത്സവത്തിന് ഒരുക്കമായുള്ള കലാമത്സരങ്ങൾ ഒക്ടോബർ 22,23 തീയതികളിൽ തലശ്ശേരി അതിരൂപത കലോത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്നു. ബൈബിൾ ഏകാങ്ക നാടക മത്സരം, സങ്കീർത്തനാലാപന മത്സരം, സംഘനൃത്തം എന്നിവയാണ് മത്സര ഇനങ്ങൾ. മത്സരങ്ങളുടെ അവതരണം തികച്ചും വി. ഗ്രന്ഥാധിഷ്ഠിതമായിരിക്കണം. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്തൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

എന്റെ കർത്താവേ എന്റെ ദൈവമേ എന്ന് ധീരതയോടെ ഏറ്റു പറഞ്ഞ് രക്ഷയുടെ സുവിശേഷത്തിന് കാവലായി നിന്ന് വിശ്വാസത്തിന്റെ തിരിനാളം അനേക ഹൃദയങ്ങളിലേക്ക് പകർത്തിയ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെയും ദൈവസ്നേഹത്തിന്റെ നെയ്ത്തിരികൊളുത്തി സഹനമാകുന്ന പുഷ്പങ്ങൾ വാരിയെടുത്ത് സ്വർഗ്ഗീയ കിരീടമണിഞ്ഞ വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഈ പുതിയ പ്രവർത്തനവർഷത്തിൽ **'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്'** എന്ന ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് കൂടുതൽ തീക്ഷ്ണതയോടെ, വിശുദ്ധിയോടെ മുന്നേറുവാൻ നമുക്ക് പരിശ്രമിക്കാം. ഈ വർഷം മിഷൻലീഗ് സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും മിഷൻലീഗ് സംഘടനാ പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദുക്റാന |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ |
| പ്രാർത്ഥനാനിയോഗം | : എല്ലാ മെത്രാന്മാർക്കും വേണ്ടി |
| സുകൃതജപം | : എന്റെ കർത്താവേ എന്റെ ദൈവമെ |
| വചനാമൃതം | : വി. ലൂക്കാ 2 അദ്ധ്യായം |

### 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ശനി : ഡോക്ടേഴ്സ് ഡേ

3 തിങ്കൾ : ദുക്റാന തിരുനാൾ, അംഗത്വ സ്വീകരണം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

6 വ്യാഴം : വി. മരിയാഗൊരേത്തിയുടെ തിരുനാൾ

12 ബുധൻ : വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം.
16 ഞായർ : കർമ്മല മാതാവിന്റെ തിരുനാൾ
26 ബുധൻ : മാർ തോമസ് തറയിൽ ചരമവാർഷികം
28 വെള്ളി : വി. അൽഫോൻസാമ്മയുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം. വൈസ് ഡയറക്ടേഴ്സ് ദിനം, ശാഖാ വൈസ്ഡയറക്ടേഴ്സ് ഓൺലൈൻ സംഗമം, ലോക പ്രകൃതിസംരക്ഷണദിനം, പ്രകൃതി സംരക്ഷണപ്രതിജ്ഞ

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, അൽഫോൻസാ ക്വിസ്സ്, കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം. വി. അൽഫോൻസാമ്മയുടെ തിരുനാൾ - വൈസ്ഡയറക്ടേഴ്സ് ദിനം. മേഖലാ സാഹിത്യ മത്സരങ്ങൾ, ഡോക്ടേഴ്സ് ഡേ, അതിരൂപതാ മാനേജിംഗ് കമ്മറ്റി - ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ, ദുക്റാനതിരുനാൾ,

**3. അംഗത്വസ്വീകരണം :** ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽകഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിന്റെ മറുവശത്ത് വികാരിയച്ചനെകൊണ്ട് ഒപ്പ് ഇടീച്ചതിനുശേഷം അതിരൂപതയിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതിരൂപതയിൽ നിന്ന് തന്ന അംഗത്വ ഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജനനത്തീയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്നപേര്. അംഗത്വം സ്വീകരിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

**4. അതിരൂപതാതല അൽഫോൻസാക്വിസ്സ്**
**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.
2) ഒരുമേഖലയിൽ നിന്ന് 3 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന 3 പേരുടെയും മാർക്കുകൾ കൂട്ടി ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന മേഖലയെ വിജയികളായി പ്രഖ്യാപിക്കുന്നതാണ്. ഉത്തരം പരസ്പരം ചർച്ചചെയ്ത് എഴുതാവുന്നതാണ്.
3) ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും നിർബന്ധമായും ഗ്രൂപ്പിൽ ഉണ്ടായിരിക്കണം.
4) ഓഗസ്റ്റ് 20 തീയതിക്കുള്ളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമിന്റെ പേരുകൾ അതിരൂപതയിൽ തരേണ്ടതാണ്.
5) പഠനഭാഗം: **വി. അൽഫോൻസ ആത്മീയതയുടെ അനശ്വരദീപ്തി** എന്ന പുസ്തകത്തിൽ **'നിലത്തുവീണ ഗോതമ്പുമണി'** എന്ന തലക്കെട്ട് മുതൽ **'കർത്താവിന്റെ ഉള്ളംകൈയിൽ'** എന്ന തലക്കെട്ട് ഉൾപ്പെടെയുള്ള ഭാഗവും **'നവമാലിക' 7, 8, 9** അദ്ധ്യായങ്ങളിൽ നിന്നുമാണ് ചോദ്യങ്ങൾ.

6) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമിന് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.
7) ഒന്നാം സ്ഥാനം നേടുന്ന ടീമിനെ മിഷൻ തീർത്ഥയാത്രയ്ക്ക് കൊണ്ടു പോകുന്നതായിരിക്കും.
8) അതിരൂപതാതല മത്സരം ഓഗസ്റ്റ് 28-ാം തീയതി നടത്തപ്പെടുന്നതായി രിക്കും. സമയവും സ്ഥലവും പിന്നീട് അറിയിക്കുന്നതായിരിക്കും.
9) കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57 കാണുക.

**5. ഡോക്ടേഴ്സ് ഡേ**

ജൂലൈ ഒന്ന് ഡോക്ടേഴ്സ് ഡേ ആണല്ലോ. അന്നേ ദിവസം ആതുര ശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഡോക്ടേഴ്സിനെ മേഖലാ - ശാഖാ തലങ്ങളിൽ ആദരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപതാതല ഡോക്ടേഴ്സ് ഡേ ആഘോഷം ചെമ്പേരി വിമല ഹോസ്പിറ്റലിൽ വച്ച് നടത്തെപ്പെടുന്നതാണ്.

**6. അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും**

അതിരൂപതാതല അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും ജൂലൈ 2-ാം തീയതി കള്ളാർ ശാഖയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിലും അന്നേ ദിനം അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും, അസാധാരണ സമ്മേളനവും, പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തുമല്ലോ.

**7. വി. അൽഫോൻസാമ്മയുടെ തിരുനാളും, വൈസ് ഡയറക്ടേഴ്സ് ദിനവും**

അതിരൂപതാതല വി. അൽഫോൻസാമ്മയുടെ തിരുനാളും, വൈസ് ഡയറക്ടേഴ്സ് ദിനവും കരുവഞ്ചാൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിലും അന്നേ ദിനം തിരുനാൾ ആഘോഷിക്കുവാനും, ശാഖാ - മേഖലാ വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുവാനും ശ്രദ്ധിക്കുമല്ലോ അതോടൊപ്പം അന്നേദിനം അസാധാരണ സമ്മേളനവും, പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തുമല്ലോ. അന്നേ ദിനം അതിരൂപതയുടെ നേതൃത്വത്തിൽ ശാഖാ - മേഖലാ വൈസ്ഡയറക്ടേഴ്സിന് ഓൺലൈൻ സംഗമം ഉണ്ടായിരിക്കും. അന്നത്തെ പ്രോഗ്രാമുകളെക്കുറിച്ച് പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**8. വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം**

വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ ദിനം ജൂലൈ 12-ാം തീയതി ആണല്ലോ അന്നേദിനം മിഷൻലീഗ് അംഗങ്ങൾ കുടുംബദിനാചരണമായി ആചരിക്കുകയാണല്ലോ. അന്നേദിവസമോ തൊട്ടടുത്ത ഞായറാഴ്ചയോ ശാഖകളിലും, മേഖലകളിലും വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാളും കുടുംബദിനാചരണം നടത്തുവാൻ വേണ്ട ക്രമീ

കരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതാതല ആചരണം ജൂലൈ 9-ാം തീയതി നടുവിൽ ശാഖയിൽ വച്ച് നടത്തുന്നതായിരിക്കും.

### 9. അതിരൂപതാ സാഹിത്യ മത്സരങ്ങൾ

ഈ വർഷത്തെ അതിരൂപതാ സാഹിത്യ മത്സരങ്ങൾ ആഗസ്റ്റ് 27 ഞായറാഴ്ച നാല് റീജിയണുകളിൽ വെച്ച് നടത്തുന്നതാണ്. അതിന് മുമ്പായി മേഖലാതല സാഹിത്യ മത്സരങ്ങൾ നടത്തി ആഗസ്റ്റ് 12 ന് മുമ്പ് ഒന്നാം സ്ഥാനം ലഭിച്ചവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്നും നൽകുന്ന ഫോമിൽ കൃത്യമായി എഴുതി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മത്സര വിഷയങ്ങൾക്ക്, നിർദ്ദേശങ്ങൾക്ക് മാർഗ്ഗരേഖ പേജ് 53-55 ശ്രദ്ധിക്കുക. മത്സരത്തെ സംബന്ധിച്ച് സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ. സാഹിത്യ മത്സരത്തിന്റെ കൂടെ ആയിരിക്കും ചിത്രരചനാ (ജലഛായം, പെൻസിൽ) മത്സരങ്ങൾ നടത്തപ്പെടുന്നത് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

### 10. അതിരൂപതാ മാനേജിംഗ് കമ്മറ്റി

2023 ജൂലൈ 8 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മറ്റിയും ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തുന്നതാണ്. എല്ലാ മേഖലകളിലെയും ജൂനിയർ - സീനിയർ ഭാരവാഹികൾ മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

### 11. ബെസ്റ്റ് ശാഖാ - മേഖലാ തിരഞ്ഞെടുപ്പ്

ബെസ്റ്റ് ശാഖാ - മേഖലാ നിർണ്ണയത്തിനായി അതിരൂപതാ ഭാരവാഹികൾ ജൂലൈ 10 നും 20 നും ഇടയിൽ തെരഞ്ഞെടുക്കപ്പെട്ട ശാഖകളും മേഖലകളും സന്ദർശിക്കുന്നതായിരിക്കും എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

### 12. ഹൃദ്യമായ സ്വാഗതം

ചെമ്പേരി മേഖല ഡയറക്ടർ ഫാ. അബ്രാഹം കൊച്ചുപുരയ്ക്കൽ, മണിക്കടവ് മേഖല ഡയറക്ടർ ഫാ. ജോസഫ് മഞ്ഞളാംകുന്നേൽ, കാസർഗോഡ് മേഖല ഡയറക്ടർ ഫാ. ആൽബർട്ട് തെക്കേവയലിൽ, പേരാവൂർ മേഖല ഡയറക്ടർ ഫാ. പോൾ കണ്ടത്തിൽ പൈസക്കരി മേഖല ഡയറക്ടർ ഫാ. ഡെന്നീസ് നെല്ലിത്താനത്ത് കാഞ്ഞങ്ങാട് മേഖല വൈസ് ഡയറക്ടർ സി. അലീന എം.എസ്.എം.ഐ, കാസർഗോഡ് മേഖല വൈസ് ഡയറക്ടർ സി. പ്രീതി എസ്.എ.ബി.സ്, പനത്തടി മേഖല വൈസ് ഡയറക്ടർ സി. മേബിൾ എസ്.എ.ബി.എസ്, എടൂർ മേഖല വൈസ് ഡയറക്ടർ സി. റെജീന റോസ് എസ്. എച്ച്., പേരാവൂർ മേഖല വൈസ് ഡയറക്ടർ സി. ലെൻസി എസ്.എച്ച്, മേരിഗിരി മേഖല വൈസ് ഡയറക്ടർ സി. അർപ്പിത എസ്.എസ്.എസ്, ചെമ്പേരി മേഖല വൈസ് ഡയറക്ടർ സി. അലീന എസ്.എം.എസ് എന്നിവർക്ക് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## 13. കാഞ്ഞങ്ങാട് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

കാഞ്ഞങ്ങാട് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ഓഗസ്റ്റ് 5 ന് രാവിലെ 10 മണി മുതൽ 2 മണിവരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. ഓഫീസ് സംബന്ധമായി നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ അന്ന് വാങ്ങാൻ സൗകര്യമുണ്ടായിരിക്കും.

## 14. അതിരൂപതാതല ടെലിക്വിസ് മത്സരം

കുട്ടികളിൽ വചനത്തോടുള്ള ആഭിമുഖ്യം വളർത്തുവാനും ലോഗോസ് പരീക്ഷക്ക് ഒരുങ്ങുവാനും ദൈവവചനം പഠിക്കുവാനുമായി അതിരൂപതയുടെ നേതൃത്വത്തിൽ ഈ മാസം മുതൽ ടെലിക്വിസ് മത്സരം നടത്തപ്പെടുന്നു. മത്സരത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2) ഒരു കുട്ടിയോട് ചോദിക്കുന്ന സമയം 3 മിനുട്ട് ആയിരിക്കും.
3) ഏറ്റവും കുടുതൽ ഉത്തരം പറയുന്ന കുട്ടിക്കായിരിക്കും സമ്മാനം ലഭിക്കുക.
4) റീജിയൺ തിരിച്ചായിരിക്കും മത്സരം നടത്തപ്പെടുക.
5) **പഠനഭാഗം** : വി. ലൂക്കായുടെ സുവിശേഷം 1 മുതൽ 8 വരെയും, ജോഷ്വായുടെ പുസ്തകം 13 മുതൽ 24 വരെയുമുള്ള അദ്ധ്യായങ്ങൾ
6) ഫോൺ വിളിക്കേണ്ട സമയം ഓരോ റീജിയണും തന്നിരിക്കുന്ന ദിവസം 5 മണി മുതൽ 6 മണി വരെ മാത്രം ആയിരിക്കും.
7) മത്സരത്തിൽ പങ്കെടുക്കേണ്ട തീയതിയും, റീജിയണുകളുടെ പേരും, വിളിക്കേണ്ട നമ്പറുകളും ചുവടെ കൊടുക്കുന്നു.

- 02-07-23 ഞായറാഴ്ച : ഇരിട്ടി റീജിയൺ (മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : 9446916439
- 09-07-23 ഞായറാഴ്ച : ചെമ്പേരി റീജിയൺ (ചെമ്പേരി, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : 9495345038.
- 16-07-23 ഞായറാഴ്ച : ആലക്കോട് റീജിയൺ (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : 9048340650.
- 23-07-23 ഞായറാഴ്ച : കാഞ്ഞങ്ങാട് റീജിയൺ (കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട്, മാലോം എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : 9496357819.

## 15. അതിരൂപതാതല ലോഗോ മത്സരം

അതിരൂപതാതലത്തിൽ ഈ വർഷത്തെ മിഷൻലീഗ് ആപ്തവാക്യത്തെ അടിസ്ഥാനമാക്കി ലോഗോമത്സരം നടത്തപ്പെടുന്നു. മത്സരത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) മത്സരത്തിൽ പ്രായപരിധിയില്ല. മിഷൻലീഗ് അംഗത്വകാർഡ് ഉള്ളവർക്ക് മത്സരിക്കാവുന്നതാണ്.
2) പ്രമേയം : **വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്** (മിഷൻലീഗിന്റെ ഈ വർഷത്തെ ആപ്തവാക്യമാണ്. ഈ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ലോഗോ വരയ്ക്കേണ്ടത്)
3) തന്നിരിക്കുന്ന വിഷയം വ്യക്തമായും കൃത്യമായും പ്രകടമാക്കുന്നതായിരിക്കണം. ലോഗോ മറ്റൊന്നിന്റെ കോപ്പി ആകരുത്. പൂർണ്ണമായും സ്വന്തം ആശയവും നിർമ്മിതിയുമായിരിക്കണം.
4) മത്സരം രണ്ട് വിധത്തിലാണ് നടത്തുന്നത്. ഡിജിറ്റലായും, പൂർണ്ണമായും കൈകൊണ്ട് വരച്ചും. ഏതെങ്കിലും ഒന്നിൽമാത്രമേ പങ്കെടുക്കാവൂ.
5) ലോഗോയുടെ അർത്ഥതലം 5 വാക്യത്തിൽ കൂടാതെ വിവരിച്ചിരിക്കണം.
6) ഒരു ശാഖയിൽ നിന്നും രണ്ടുമത്സരത്തിലും ഓരോ എൻട്രികൾ വീതമാണ് രൂപതയ്ക്ക് നൽകേണ്ടത്.
7) ജൂലൈ 25 ന് മുമ്പ് PDF ഫോർമാറ്റായ് ഇവിടെ തന്നിരിക്കുന്ന നമ്പറിൽ അയച്ചുതരിക. 9495097312
8) **ഡിജിറ്റൽ ലോഗോ നിർമ്മാണം :** (Canvas size : 1080px X 1080px, Resolution : 300PPI, Colur mode: CMYK)

- ലോഗോ സ്ക്വയർ ഷെയ്പ്പിനുള്ളിൽ വെള്ള ബാക്ക്ഗ്രൗണ്ടിലാണ് നിർമ്മിക്കേണ്ടത്. ലോഗോ നിർമ്മിക്കാൻ ഏത് മൊബൈൽ ആപ്പ് വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. വാട്ടർമാർക്ക് ഇമേജുകൾ ഉപയോഗിക്കാൻ പാടില്ല.

9) **ലോഗോ പൂർണ്ണമായും കൈകൊണ്ട് വരയ്ക്കുന്നവർ ശ്രദ്ധിക്കേണ്ടത്:**

- ഒരു A4 ഷീറ്റിൽ 11 ഇഞ്ച് എന്ന അളവിനുള്ളിലായിരിക്കണം ലോഗോ വരയ്ക്കേണ്ടത്. വരകൾ, കളർ ഷെയ്ഡുകൾ, സിംബലുകൾ എന്നിവ ലോഗോയിൽ ഉൾപ്പെടുത്താം. സ്കെച്ച് പെൻ, കളർ പെൻസിലുകൾ, പേനകൾ എന്നിവ ഉപയോഗിക്കാം.

10) ലോഗോ മത്സരത്തിൽ പങ്കെടുക്കുന്നവർ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺനമ്പർ, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**16. അഭിനന്ദനങ്ങൾ ... പ്രാർത്ഥനകൾ...**

എ ഡി എസ് യു ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ .... പ്രാർത്ഥനകൾ...

**17. ഹൃദ്യമായ നന്ദി :** കർമ്മനിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തിലൂടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് മേഖലയിൽ ശുശ്രൂഷചെയ്ത് സ്ഥലം മാറിപ്പോകുന്ന പൈസക്കരി മേഖലാ ഡയറക്ടർ ജിസ് കളപ്പുരയ്ക്കൽ അച്ചനും, തോമാപുരം മേഖല വൈസ് ഡയറക്ടർ സി. ആൻസി ടോം എസ്.ഡി, കഞ്ഞങ്ങാട് മേഖലാ വൈസ് ഡയറക്ടർ സി. കൃപ സി.എം.സിക്കും അതിരൂപതാകുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും..

**18. നമ്മുടെ അച്ചൻ, സ്നേഹമുള്ള സിസ്റ്റർ, മിഷൻഗ്രാമം**

അതിരൂപതയിലെ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അഗതിമന്ദിരത്തിനും മിഷൻഗ്രാമത്തിനും വേണ്ടി പ്രാർത്ഥിക്കാനുള്ള ലിസ്റ്റ് എല്ലാ ശാഖകൾക്കും മേഖലകൾക്കും ലഭിച്ചുകാണും എന്ന് കരുതുന്നു. അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും ഓർത്ത് പ്രാർത്ഥിക്കുവാനായി ഓരോ ശാഖയ്ക്കും നൽകിയിരിക്കുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഫോണിൽ വിളിച്ചും കത്തുകളെഴുതിയും അവർക്കായി പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിയിക്കുകയും ഫീസ്റ്റ് ഡേ, ബർത്ത്ഡേ, വിയാനി ഡേ, ഓർഡിനേഷൻ ഡേ തുടങ്ങിയ അവസരങ്ങളിൽ ആശംസകൾ അർപ്പിക്കുകയും ചെയ്യാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

ശാഖകൾക്ക് പ്രാർത്ഥിക്കുവാൻ ലഭിച്ചിരിക്കുന്ന വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ, മിഷൻഗ്രാമങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുവാനും ശ്രദ്ധിക്കണേ. മിഷൻ ഗ്രാമങ്ങളുബന്ധപ്പെട്ട് അവരുമായി സൗഹൃദം നിലനിർത്തുവാൻ പരിശ്രമിക്കുകയും വേണം. ഏതെങ്കിലും ശാഖകൾക്ക് മിഷൻഗ്രാമങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

**19. അഭിനന്ദനങ്ങൾ :** വിശ്വാസപരിശീലനത്തിൽ 12-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് ചെറുപുഷ്പ മിഷൻലീഗ് നൽകി വരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പൗരോഹിത്യ സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ് കരസ്ഥമാക്കിയ ആലക്കോട് ശാഖയിലെ അന്നമരിയ മുളവനയ്ക്കും അതോടൊപ്പം എം റ്റി സി ഉണർവ്വ് ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളിൽ നിന്ന് 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് വാങ്ങുന്ന കുട്ടികൾക്ക് നൽകുന്ന പോണാട്ട് ജോസഫ് - ഏലിക്കുട്ടി മെമ്മോറിയൽ എക്സലന്റ് അവാർഡ് കരസ്ഥമാക്കിയ കൊച്ചുകൂട്ടുകാർക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**20. നല്ലിടയൻ പദ്ധതി :** നല്ലിടയൻ പദ്ധതിയുടെ ഭാഗമായി ആലക്കോട് മേഖല ഉദയഗിരി ശാഖയിലെ ജെയ്സൺ ചീങ്കല്ലേൽ എന്ന വ്യക്തിക്ക് ആടിനെ നൽകി. ആലക്കോട് മേഖലയ്ക്ക് അതിരൂപതാകുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**21. ആദരാഞ്ജലികൾ**

ഒളിമങ്ങാത്ത സ്നേഹവായ്പ്പോടെ ഈ ഭൂമിയിൽ തങ്ങളെ ദൈവം ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട അബ്രാഹം ഒറ്റപ്ലാക്കൽ അച്ചന്റെയും, ജോൺ വടക്കുംമൂല അച്ചന്റെയും ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഭാരതക്രൈസ്തവർക്ക് ലോകത്തിന്റെ പ്രകാശമായ യേശുനാഥനെ ചൂണ്ടിക്കാണിച്ചുതന്ന വി. തോമാശ്ലീഹായുടെയും വിശാലമായ രാജവീഥികളെ ഉപേക്ഷിച്ച് ഇടുങ്ങിയ വഴികളിലൂടെ യാത്രചെയ്ത് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയ ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ ഈ മാസം നാം ആഘോഷിക്കുമ്പോൾ ഈ വിശുദ്ധരുടെ ജീവിത മാതൃക നമുക്കെന്നും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഈ വർഷം തിരുബാലസഖ്യം സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കൊച്ചുകൂട്ടുകാർക്കും തിരുബാലസഖ്യം പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ദുക്റാന
അനുസ്മരിക്കുന്ന വിശുദ്ധർ : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ, വി. മരിയഗൊരേത്തി
പ്രാർത്ഥനാനിയോഗം : രോഗികൾക്കുവേണ്ടി
സുകൃതംജപം : എന്റെ കർത്താവേ, എന്റെ ദൈവമേ
വചനം : വഴിയും സത്യവും ജീവനും ഞാനാകുന്നു. (വി. യോഹ14 :6)
പ്രവൃത്തി : വി. തോമാശ്ലീഹാ, വി. അൽഫോൻസാമ്മ, വി. മരിയ ഗൊരേത്തി എന്നിവരുടെ ജീവചരിത്രം മാതാപിതാക്കളുടെ സഹായത്തോടെ പഠിക്കുന്നു.
മന:പാഠമാക്കുക : അഞ്ച് സുകൃതജപം അധ്യാപകരുടെ സഹായത്തോടെ പഠിക്കുക.
എയ്ഞ്ചൽസ് വോയ്സ് : പ്രസംഗമത്സരം (അതിരൂപതാതലം)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 ശനി : ഡോക്ടേഴ്സ് ഡേ

03 തിങ്കൾ : ദുക്റാന തിരുനാൾ, ബാഡ്ജ് ധരിച്ച് ദിവ്യബലിയിൽ പങ്കെടുക്കുക, ഡോക്യുമെന്ററി കാണുക. പൊതു മീറ്റിംഗ് കൂടുക.

06 വ്യാഴം : വി. മരിയാഗൊരേത്തിയുടെ തിരുനാൾ

16 ഞായർ : കർമ്മല മാതാവിന്റെ തിരുനാൾ, അംഗത്വ സ്വീകരണം

28 വെള്ളി : വി. അൽഫോൻസാമ്മയുടെ തിരുനാൾ, ബാഡ്ജ് ധരിച്ച് ദിവ്യബലിയിൽ പങ്കെടുക്കുക, ഡോക്യുമെന്ററി കാണുക. പൊതു മീറ്റിംഗ് കൂടുക.

**2. ഈശോയെപ്പോലെ വളരാം ...... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക് ബുക്ക് എല്ലാ കൂട്ടുകാരുടെയും കൈകളിൽ എത്തിക്കാണുമല്ലോ. ഇനിയും കിട്ടാത്തവർക്ക് എത്രയും വേഗം എത്തിച്ചുകൊടുക്കുവാൻ ബഹു. ഡയറക്ടർ അച്ചൻമാരും ആനിമെറ്റേഴ്സും സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ. അടുത്ത മാസം മുതൽ (ഓഗസ്റ്റ്) ആണ് ഒന്നാം അധ്യായത്തിൽ കൊടുത്തിരിക്കുന്ന നിറംകൊടുക്കാമോ? വഴികാട്ടാമോ? എന്നിവ കളർ ചെയ്ത് പൂർത്തിയാക്കി അതിരൂപതയിലേക്ക് അയച്ചുതരേണ്ടത് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**3. അതിരൂപതാതല പ്രസംഗ മത്സരം**

വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി പ്രസംഗമത്സരം നടത്തുന്നു. ശാഖയിൽ ജൂലൈ മാസം മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിയുടെയും, പെൺകുട്ടിയുടെയും പ്രസംഗം വീഡിയോ ആയി അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം മെയിൽ ചെയ്യേണ്ടതാണ്. പ്രസംഗം പറയുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. പ്രസംഗം പറയേണ്ട സമയം 4 മിനിറ്റ്. പ്രസംഗം പറയുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന Email അക്കൗണ്ടിലേക്ക് അയക്കുക. അയക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 5. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതാണ്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വ്യത്യസ്ഥ വിഷയമാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**വിഷയം :** വിശ്വാസികളുടെ പിതാവ് വി. തോമാശ്ലീഹാ (ആൺകുട്ടികൾക്ക്)
സഹനത്തിന്റെ പുണ്യപുഷ്പം വി. അൽഫോൻസാമ്മ (പെൺകുട്ടികൾക്ക്)

**4. അംഗത്വസ്വീകരണം :** ജൂലൈ 16 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതിരൂപതയിൽ നിന്ന് തന്ന അംഗത്വ ഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജനനത്തീയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്നപേര്. അംഗത്വം സ്വീകരിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

ഉണ്ണീശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ...

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**

*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷിക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജൂലൈ മാസത്തിലേക്ക് പ്രവേശിക്കുകയാണല്ലോ സഭാദിനവും യുവജനദിന പ്രവർത്തനങ്ങളും ഭംഗിയാക്കാൻ ശ്രദ്ധിക്കുമല്ലോ. യൂണിറ്റ്, ഫൊറോന തലങ്ങളിലുള്ള ഇലക്ഷനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## മണ്ണിലൂടെ പരിസ്ഥിതി ദിനാചരണം

അതിരൂപത കെസിവൈഎം-ന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം നടത്തി. ഇരട്ടി എക്കോ പാർക്കിൽ വച്ച് മഹാ ചിത്രകാരൻ മനോജ് അച്ചനെ അനുസ്മരിച്ച് പ്രഭാഷണവും പ്രസംഗവും നടത്തി. നേതൃത്വം കൊടുത്ത നെല്ലിക്കാംപൊയിൽ പ്രസിഡന്റ് എബിൻ വടക്കേൽ, ഫാ. എഡ്‌വിൻ കോയിപ്പുറം, ഫൊറോനയിലെ യുവജനങ്ങൾ എല്ലാവർക്കും നന്ദി.

## പുതിയ ഡയറക്ടർ അച്ചന്മാർക്ക് സ്വാഗതം

വിവിധ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി ചാർജെടുത്ത അച്ചന്മാർക്ക് ഹൃദ്യമായ സ്വാഗതം. പേരാവൂർ - ഫാ. സെബാൻ ഇടയാടിയിൽ, എടൂർ - ഫാ. എബിൻ മടപ്പാൻതോട്ടത്തിൽ, മണിക്കടവ് - ഫാ. ജെയിസ് കുരിശുംമൂട്ടിൽ, തളിപ്പറമ്പ് - ഫാ. ലൂക്കോസ് മറ്റപ്പള്ളിൽ, വായാട്ടുപറമ്പ് - ഫാ. ഗിഫ്റ്റിൻ മണ്ണൂർ, മേരിഗിരി - ഫാ. അനിൽ മാങ്ങാട്ട്, പൈസക്കരി - ഫാ. ജസ്ബിൻ ചെരിയംകുന്നേൽ, മലോം - ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ, കാസർഗോഡ് - ഫാ. ഷിൻസ് കുടിലിൽ ഏവർക്കും യുവജന കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

## അഗ്നിശലഭങ്ങൾ

ലഹരിക്ക് എതിരെ തെരുവുനാടകം 17-ാം സ്റ്റേജ് തോമാപുരം, മണ്ഡപം, കണ്ണിവയൽ എന്നീ ഇടവകകളിൽ നടത്തപ്പെട്ടു ലഹരി വിരുദ്ധ സന്ദേശ യാത്രയ്ക്ക് നേതൃത്വം കൊടുത്തവരെയും പങ്കാളികളായവരെയും നന്ദി യോടെ അനുസ്മരിക്കുന്നു.

## കല്ലുമ്മക്കായ - തീരം ക്യാമ്പ്

2022-23 സമിതിയുടെ തീരദേശ ക്യാമ്പ് കല്ലുമ്മക്കായ 2022-23 കാഞ്ഞങ്ങാട് ഫൊറോനയിൽ പേരിയറ്റടുക്കം സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കാഞ്ഞങ്ങാട് ഫൊറോന ആതിഥേയത്വം വഹിച്ചു. ബേക്കൽ ബീച്ചിൽ കടലിനെ അറിയാൻ പരിപാടികളും ഗെയിംസും ജപമാലയുമൊക്കെ സംഘടിപ്പിച്ചു. സഹകരിച്ച എല്ലാവർക്കും നേതൃത്വം നൽകിയവർക്കും കാഞ്ഞങ്ങാട് ഫൊറോന പ്രസിഡന്റ് ജീവൻ സജിയ്ക്കും, ഫൊറോന ഡയറക്ടർ ഫാ. പ്രിയേഷ് കളരിമുറിയിൽ, ഫൊറോന സമിതി അംഗങ്ങൾ, യുവജന നേതാക്കൾ എല്ലാവർക്കും നന്ദി.

## അന്തർദേശീയ ചായദിനം

അതിരൂപതയുടെ നേതൃത്വത്തിൽ അന്തർദേശീയ ചായദിനം ചെമ്പേരി ഫെറോനയിലെ പൊട്ടൻപ്ലാവ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ചെമ്പേരി ഫൊറോന പ്രസിഡന്റ് ടെന്നി വേങ്ങത്താനം, ഫൊറോന ഡയറക്ടർ ഫാ. വിപിൻ ആനചാരിയിൽ, ഫൊറോന, യൂണിറ്റ് തലങ്ങളിലെ ഭാരവാഹികൾ എല്ലാവർക്കും, മനോഹരമായി എല്ലാം ക്രമീകരിച്ച യുവജന സഹോദര ങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## മഹാ യുവജന ദിനാഘോഷം ചെറുപുഴ

2022-23 സമിതിയുടെ യുവജന ദിനാഘോഷം ചെറുപുഴയിൽ വച്ച് നടത്തപ്പെട്ടു ചെറുപുഴ പുതിയ സ്റ്റാന്റിൽ നിന്നും ആരംഭിച്ച മഹാറാലി കാക്കയഞ്ചാൽ പാരീഷ് ഓഡിറ്റോറിയത്തിൽ സമാപിച്ചു. ആർച്ചു ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. കാസർഗോഡ് എം പി രാജാമോഹൻ ഉണ്ണിത്താൻ മുഖ്യാതിഥിതിയായിരുന്നു. അതിരൂപത പ്രസിഡണ്ട്, ഡയറക്ടർ, അതിരൂപത, ഫൊറോന ഭാരവാഹികൾ നേതൃത്വം കൊടുത്തു. ചെറുപുഴ, തോമാപുരം ഫൊറോനകൾ സംയുക്തമായിട്ടാണ് സംഗമം നടത്തിയത്. മറ്റ് ഫൊറോനകളിൽ നിന്നുമായി രണ്ടായിരത്തോളം യുവജനങ്ങൾ പങ്കെടുത്തു. നേതൃത്വം നൽകിയവർക്കും സഹകരിച്ച് യുവജന ദിനാഘോഷം ഭംഗിയാക്കിയവർക്കും അതിരൂപത സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

## +2 Full A+ കിട്ടിയവർക്ക് ആദരം

+2 പരീക്ഷയിൽ മുഴുവൻ A+ കിട്ടിയ യുവജനങ്ങളെ ആദരിച്ചു.

തളിപ്പറമ്പിൽ വച്ച് നടന്ന അനുമോദന ചടങ്ങ് വികാരി ജനറാൾ ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. നൂറോളം യുവ പ്രതിഭകളെ ആദരിച്ചു.

## തോമസ് മൂർ ദിനാഘോഷം

കെസിവൈഎം-ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ അനുസ്മരണം തളിപ്പറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ആതിഥേയത്വം വഹിച്ച തളിപ്പറമ്പ് ഫൊറോനയ്ക്ക്, യുവജന നേതാക്കൾക്ക്, ഡയറക്ടർ, ആനിമേറ്റേഴ്സ് എല്ലാവർക്കും നന്ദി.

## ബൈക്ക് റാലി നടത്തി

തോമാപുരം ചെറുപുഴ ഫൊറോനകളുടെ നേതൃത്വത്തിൽ നടത്തുന്ന യുവജന ദിനാഘോഷത്തിന് ഒരുക്കമായി യുവജന ദിനത്തോട് അനുബന്ധിച്ച് ബൈക്ക് റാലി നടത്തി. തോമാപുരത്ത് നിന്ന് ആരംഭിച്ച റാലി ചെറുപുഴയിൽ സമാപിച്ചു.

## യു ക്യാറ്റ് പഠന പരമ്പര

അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം പനത്തടി, എടൂർ, നെല്ലിക്കാംപൊയിൽ ഫൊറോനകളിലെ യുവജനങ്ങൾ പങ്കെടുത്തു. ശാലോം ടെലിവിഷനിൽ ലൈവ് ആയി സംപ്രേഷണം നടത്തും.

## മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം

കലാപം മൂലം കഷ്ടതയനുഭവിക്കുന്ന മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യമറിയിച്ച് പ്രതിഷേധ റാലി നടത്തി. ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ടോം ഓലിക്കരോട്ട് പ്രതിഷേധ റാലി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിരൂപത പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ, അതിരൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, യുവജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ഹൃദ്യമായ നന്ദി

യുവജനങ്ങൾക്കും, ഊർജ്ജവും പ്രചോദനവും പകർന്ന് ഫൊറോന ഡയറക്ടർ അച്ചൻമാരായി സേവനം ചെയ്ത ഫാ. ജോമിഷ് നുറമ്മാക്കൽ, ഫാ. പീറ്റർ കൊച്ചുവീട്ടിൽ, ഫാ. സന്തോഷ് നെടുംങ്ങാട്ട്, ഫാ. ബിബിൻ ഇലഞ്ഞിപറമ്പിൽ, ഫാ. ഷെറിൻ പ്രവർത്തുംമലയിൽ, ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ, വിപിൻ വലിയനിരപ്പിൽ OFM, ഫാ. അലക്സ് നിരപ്പേൽ, ഫാ. ജയ്സൺ വാഴക്കാട്ട്, എല്ലാവർക്കും യുവജന കുടുംബ ത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**2022-23 വർഷത്തേയ്ക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന തിനുള്ള ഇലക്ഷൻ വിജ്ഞാപനം താഴെ കൊടുക്കുന്നു.**

## ഇലക്ഷൻ വിജ്ഞാപനം

കെസിവൈഎം യുവജന പ്രസ്ഥാനത്തെ 2023-24 വർഷത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്ത

രായ പുതിയ നേതൃത്വനിരയെ യുണിറ്റുതലത്തിൽ ജൂലൈ 15 മുതൽ ഓഗസ്റ്റ് 15 വരെയും ഫൊറോന തലത്തിൽ ഓഗസ്റ്റ് 27 ന് മുൻപും തിരഞ്ഞെടുക്കേതാണ്. ഫൊറോനയിൽ തിരഞ്ഞെടുക്കുന്ന ഭാരവാഹികളുടെ ലിസ്റ്റ് സെപ്റ്റംബർ 3-ാം തീയതിക്കുള്ളിൽ അതിരൂപതയിൽ നിന്നു നൽകു ഫോമിൽ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ തലശ്ശേരി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

ഓഗസ്റ്റ് 27 ന് മുൻപ് യൂണിറ്റുകളുടെ അഫിലിയേഷൻ പൂർത്തിയാക്കണം. യൂണിറ്റ് അഫിലിയേഷൻ ഫീസ് യൂണിറ്റ് പ്രസിഡന്റ് വഴി ഫൊറോന പ്രസിഡന്റിനെ ഏൽപ്പിക്കണം. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമെ ഇലക്ഷനിലും മൽസരങ്ങളിലും പങ്കെടുക്കാൻ സാധിക്കുകയുള്ളു. I D Card നിർബന്ധമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾക്ക് ഐ ഡി കാർഡ് ആഗസ്റ്റ് 25-ാം തീയതി വരെ അതിരൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇടവകാ തലത്തിൽ ഡയറക്ടറും, സിസ്റ്റർ ആനിമേറ്ററും, അൽമായ ആനിമേറ്ററും കൂടാതെ 18 നും 35 നും ഇടയിൽ പ്രായമുള്ള 7 പേരെയാണ് തെരഞ്ഞെടുക്കേണ്ടത്. സെപ്തംബർ 3 ന് ശേഷം വരുന്ന ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ സെനറ്റിൽ പങ്കെടുപ്പിക്കാൻ സാധിക്കില്ല.

## യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ

(1) ഡയറക്ടർ, (2) ആനിമേറ്റർ, (3) അൽമായ ആനിമേറ്റർ (4) പ്രസിഡന്റ്, (5) വൈസ് പ്രസിഡന്റ് (6) ജനറൽ സെക്രട്ടറി, (7) സെക്രട്ടറി, (8) ട്രഷറർ, 2 കൗൺസിലർമാർ (9) യുവതി, (10) യുവാവ്.

എന്നിവർ അടങ്ങുന്ന 10 പേരാണ് ഇടവകാ സമിതി. ഇത് യൂണിറ്റ് സമിതി എന്നറിയപ്പെടും. യുവതീ യുവാക്കന്മാർക്ക് ഏത് ഭാരവാഹിത്വത്തിലേക്കും തിരഞ്ഞെടുക്കപ്പെടാവുന്നതാണ്. എന്നാൽ 3 പേരെങ്കിലും ഇരുകൂട്ടരുടെയും ഭാഗത്തുനിന്ന് പ്രതിനിധികളായിട്ടു തിരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ഫൊറോന തലത്തിൽ ഡയറക്ടറും ആനിമേറ്റേഴ്സും ഉൾപ്പെടെ 10 അംഗങ്ങളായിരിക്കും ഫൊറോന എക്സിക്യൂട്ടീവിൽ ഉണ്ടായിരിക്കുക.

## ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ

(1) ഡയറക്ടർ, (2) ആനിമേറ്റർ, (3) അൽമായ ആനിമേറ്റർ (4) പ്രസിഡന്റ്, (5) വൈസ് പ്രസിഡന്റ്, (6) ജനറൽ സെക്രട്ടറി (7) സെക്രട്ടറി, (8) ട്രഷറർ, (9) 2 കൗൺസിലർമാർ (1) യുവതി, (1) യുവാവ്

എന്നിവരായിരിക്കും ഫൊറോന ഭാരവാഹികൾ. സമിതിയിൽ 3 പേർ നിർബന്ധമായും യുവതികളായിരിക്കണം.

## തിരഞ്ഞെടുപ്പു സംബന്ധമായ ചില നിർദ്ദേശങ്ങൾ

1. യൂണിറ്റ് ഫൊറോന തലങ്ങളിൽ കൗൺസിലർമാരായി തെരഞ്ഞെടുക്ക

പ്പെടുന്നവർ മുൻകാല കെസിവൈഎം പ്രവർത്തന പരിചയം ഉള്ളവർ ആയിരിക്കണം.

2. അതാതു വർഷം യൂണിറ്റിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമെ ഫൊറോന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാൻ അവകാശമുള്ളു.
3. ഫൊറോന തലത്തിൽ അതാതു വർഷം തിരഞ്ഞെടുക്കപ്പെട്ടവർക്കുമാത്രമെ രൂപതാ തലത്തിൽ മത്സരിക്കാൻ അവകാശമുള്ളു.
4. നിലവിലുള്ള ഭാരവാഹികൾക്ക് അടുത്ത തിരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ ഭാരവാഹികൾ സ്ഥാനം ഏൽക്കുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരാവുന്നതാണ്.
5. അതിരൂപത ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുന്നവർ അതാതു വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട സെനറ്റ് അംഗങ്ങളായിരിക്കണം. (അതിരൂപതാ സിൻഡിക്കേറ്റ്, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ, അതിരൂപതാ ഭാരവാഹികളായ പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ട്രഷർ, കൗൺസിലർമാർ എന്നിവർ അടങ്ങുന്നതാണ് അതിരൂപതാ സെനറ്റ്)
6. അതിരൂപത ഭാരവാഹികളായി മത്സരിക്കുന്നവർക്ക് 2 രൂപത സെനറ്റിൽ പങ്കെടുത്ത പരിചയം ഉണ്ടായിരിക്കണം.
7. ഫൊറോനയിൽ നിന്നും വരുന്ന കൗൺസിലർമാർ ഉൾപ്പെടെയുള്ള 9 ഫൊറോന ഭാരവാഹികൾക്കും അതിരൂപതാ ഇലക്ഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് മത്സരിക്കാവുന്നതാണ്.
8. കൗൺസിലർമാരിൽ ഒരാൾ യുവതിയും ഒരാൾ യൂവാവും ആയിരിക്കണം. ഇവർക്ക് പതിനെട്ട് വയസ്സ് തികഞ്ഞിരിക്കണം. ഇവർ ഒരു വർഷമെങ്കിലും അതിരൂപതാ ഭാരവാഹിത്വം വഹിച്ചവരായിരിക്കണം. കൗൺസിലർ പോസ്റ്റിലേക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് മുൻകാല ഭാരവാഹികളായ യുവതികൾ ഇല്ലാത്തപക്ഷം സെനറ്റ് പരിചയമുള്ള യുവതികൾക്ക് മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതായിരിക്കും.
9. അതിരൂപതയിൽ നിന്നുള്ള സംസ്ഥാന അംഗം, സംസ്ഥാന ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ സംസ്ഥാന ഭാരവാഹിത്വ കാലാവധി തീരുമ്പോൾ അതിരൂപതാ ഭാരവാഹിത്വം നഷ്ടപ്പെടുന്നതായിരിക്കും.
10. തുടർച്ചയായി രണ്ടു പ്രാവശ്യം അതിരൂപത ഭാരവാഹിയായി തുടർന്ന് ഒരാൾക്ക് ഒരു വർഷത്തെ ഇടവേളയ്ക്കുശേഷമേ വീണ്ടും മത്സരിക്കാൻ അവകാശമുള്ളു.
11. അഫിലിയേഷൻ, മറ്റു കുടിശികകൾ എന്നിവ അടച്ചു തീർക്കുന്ന ഇടവകകളിൽ നിന്നുള്ള യുവജനങ്ങൾക്ക് മാത്രമെ ഇലക്ഷനിൽ മത്സരിക്കാൻ അവകാശം ഉണ്ടായിരിക്കുകയുള്ളു.
12. സംഘടനയുടെ ഏതെങ്കിലും തലത്തിൽ ഭാരവാഹി/ അംഗം ശിക്ഷണ നടപടിക്ക് വിധേയമായാൽ അയാൾക്ക് 3 വർഷത്തേക്ക് യൂണിറ്റ്,

ഫൊറോന, അതിരൂപതാ തലത്തിൽ ഭാരവാഹിയായിരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

13. അതിരൂപതാ ഭാരവാഹികളായി ഒന്നിലധികം പേർ ഒരു ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. വനിത ഭാരവാഹികൾക്ക് ഇത് ബാധകമല്ല.
14. മേൽപ്പറഞ്ഞ യോഗ്യതയുള്ള മത്സരാർത്ഥികൾ ഇല്ലാതെ വന്നാൽ യുക്തമായ തീരുമാനമെടുക്കുവാൻ സെനറ്റിന് അധികാരം ഉണ്ടായിരിക്കും.

സെനറ്റിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ (പുരുഷൻ, വനിത) അതിരൂപത കൗൺസിലർ എന്ന് അറിയപ്പെടും. സംസ്ഥാന പ്രതിനിധികളായി അതിരൂപതയിൽ നിന്നും പോകേണ്ട ഭാരവാഹികളെ അതാത് വർഷം വരുന്ന അതിരൂപത സമിതി തെരഞ്ഞെടുക്കും. ഇത്തരത്തിൽ തെരഞ്ഞെടുക്കുമ്പോൾ ഒരു ഫൊറോനയിൽ നിന്നും ഒരു പ്രതിനിധി മാത്രമേ ഉണ്ടാകാൻ പാടുള്ളു.

## Ex-officio അംഗങ്ങൾ

Ex-officio അംഗങ്ങൾ സെനറ്റിൽ ക്ഷണിക്കപ്പെട്ട അതിഥികൾ മാത്രമായിരിക്കും. അവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനും, വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുന്നതല്ല.

## പ്രായപരിധി

പ്രായപരിധി മറ്റൊരു നിർദ്ദേശം മേൽഘടകങ്ങളിൽ നിന്നും ഉണ്ടാകുതുവരെ 35 വയസ്സ് ആയിത്തന്നെ തുടരുന്നതായിരിക്കും. ഒരു അംഗം ഏതെങ്കിലും തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ 35 വയസ്സ് ആയിരിക്കുകയും ആ പ്രവർത്തന വർഷം പൂർത്തിയാകുന്നതിനുമുമ്പ് 36 വയസ്സാകുകയും ചെയ്താൽ അദ്ദേഹത്തിന് തൽസ്ഥാനത്ത് പ്രവർത്തന വർഷം പൂർത്തിയാകുംവരെ തുടരുവാൻ അവകാശമുണ്ടായിരിക്കും.

## എക്സ്പ്ലോറ 2 k23 - ഇലക്ഷൻ സെനറ്റ്

2023 – 24 പ്രവർത്തന വർഷത്തേക്കുള്ള കെസിവൈഎം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് എക്സ്പ്ലോറ 2k23 സെപ്റ്റംബർ 10–ാം തീയതി നടത്തുവാൻ തീരുമാനിച്ചു. 19 ഫൊറോനകളിൽ നിന്നുള്ള ഫൊറോന ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എക്സ്പ്ലോറ ഇലക്ഷൻ സെനറ്റിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമെ ഇലക്ഷനിൽ തിരഞ്ഞെടുക്കപ്പെടുവാനും വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുകയുള്ളു. മത്സരാർത്ഥികൾ അംഗത്വ കാർഡും, ഇടവക വികാരി, ഫൊറോന ഡയറക്ടർ എന്നിവരുടെ ശുപാർശ കത്തും കൊണ്ടുവരേണ്ടതാണ്.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

## I. സ്വാഗതം

അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ പുതിയ ഡയറക്ടർ ആയി നിയമിതനായിരിക്കുന്ന ബഹു. ജോർജ് കോവാട്ട് അച്ചന് ഹൃദ്യമായ സ്വാഗതം. കുടുംബ പ്രേഷിത രംഗത്ത് പരിചയ സമ്പന്നനും, പഢിതനും, പ്രചോദന സാന്നിധ്യവുമായി നിലകൊള്ളുന്ന ജോബി അച്ചൻ കുടുംബപ്രേഷിതരംഗത്ത് നമുക്ക് ഒരനുഗ്രഹമാണ്. ജൂലൈ മാസം 10-ാം തീയതി മുതൽ ഡയറക്ടർ സ്ഥാനം ഏറ്റെടുക്കുന്ന അച്ചന്റെ ഭാവിപ്രവർത്തനങ്ങൾ ദൈവാനുഗ്രഹ സമ്പന്നമാകട്ടെയെന്ന് പ്രാർത്ഥിക്കുകയും വിജയാശംസകൾ നേരുകയും ചെയ്യുന്നു.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

**MPC 2023**

| | |
|---|---|
| July 20 - 22 | (Thursday, Saturday) Padannakkad |
| August 17-19 | (Thursday, Saturday) Thalassery |
| September 21-23 | (Thursday, Saturday) Padannakkad |
| October 19-21 | (Thursday, Saturday) Thalassery |
| November 16-18 | (Thursday, Saturday) Padannakkad |
| December 14-16 | (Thursday, Saturday) Thalassery |

**Time Schedule :**

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.

- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

## III. മാതൃവേദി

### a) പ്രവർത്തനവർഷ ഉദ്ഘാടനം

2023-24 മാതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 4 ഞായറാഴ്ച ചെമ്പന്തൊട്ടി സെന്റ് ജോർജ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത മീറ്റിംഗിൽ അതിരൂപതാ ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്, റീജന്റ് ബ്രദർ സോബിൻ കാവുകാട്ട്, രൂപത പ്രസിഡന്റ് ശ്രീമതി ഷീബ തെക്കേടത്ത് എന്നിവർ ആശംസകളർപ്പിക്കുകയും ഫൊറോന ഇടവകാതലത്തിൽ അവാർഡ് ജേതാക്കളെ ആദരിക്കുകയും ചെയ്തു.

### b) പ്രവർത്തന മാർഗ്ഗരേഖ - ജൂലൈ 2023

**ജൂലൈ 3** : ദുക്റാനതിരുനാൾ ദിനം - വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത്, പൊതു ദിവ്യകാരുണ്യം സ്വീകരിച്ച് വിശ്വാസ അനുഭവം ഒരാളുമായി പങ്കുവയ്ക്കുക.

**ജൂലൈ 16** : കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് 2020 ജനുവരി ഒന്നിനു ശേഷം വിവാഹിതരായവരെ ഇടവകാതലത്തിൽ ഒരുമിച്ച് ചേർത്ത് അനുയോജ്യമായ പ്രോഗ്രാം നടത്തി ആദരിക്കുക.

**ജൂലൈ 26** :
- വി. അന്ന - ജോവാക്കീം തിരുനാൾ - വൃദ്ധ ദമ്പതിമാരെ ആദരിക്കുക.
- കാർഗിൽ ദിനം - പട്ടാളക്കാരെ ആദരിക്കുക.

**ജൂലൈ 28** : അൽഫോൻസ തിരുനാൾ - ദിനാചരണവുമായി ബന്ധപ്പെട്ട് വൃദ്ധസദനങ്ങൾ സന്ദർശിച്ച് വിവിധ ശുശ്രൂഷകൾ, ഭക്ഷണം, വസ്ത്രം മുതലായവ നൽകുക.

**ജൂലൈ 30** : സൗഹൃദ ദിനം - കുറഞ്ഞത് 10 പേർക്കെങ്കിലും സൗഹൃദ ഗ്രീറ്റിംഗ്സ് വാട്ട്സ് ആപ്പിലൂടെ കൈമാറുക.

യൂണിറ്റ് ഡയറക്ടർ - ആനിമേറ്റർ എന്നിവരെ സന്ദർശിച്ച് ലഘു സൗഹൃദ സമ്മാനം നൽകുക.

**c) അതിരൂപത എക്സിക്യൂട്ടീവ്**

ജൂൺ 16-ാം തീയതി ഡയറക്ടർ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ നേതൃത്വത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈനായി നടന്നു. പ്രസ്തുത മീറ്റിംഗിൽ മാതൃവേദിയുടെ ജൂലൈ മാസത്തെ പുതിയ കർമ്മപദ്ധതിക്ക് രൂപം കൊടുക്കുകയും, യൂണിറ്റുകളെ കൂടുതൽ ചലനാത്മകമാക്കുവാൻ യൂണിറ്റുകൾ സന്ദർശിക്കുവാനും തീരുമാനിച്ചു.

**d) സ്വാഗതം**

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖലാ ആനിമേറ്ററായി ചാർജ്ജെടുത്തിരിക്കുന്ന സി. ഗ്ലാഡിസ് എം.എസ്.എം.ഐ (മണിക്കടവ് മേഖല), സി.ഗ്രേസ് ചെല്ലംകോട്ട് എസ്.എച്ച് (പേരാവൂർ മേഖല) എന്നീ സിസ്റ്റേഴ്സിന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## IV. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com
Contact No : 6235445544.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
വികാരി ജനറാൾ ആന്റ് ഡയറക്ടർ
ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**വിന്നേഴ്സ് ഡേ**

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ എസ്.എസ്.എൽസി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാലയങ്ങൾക്കുള്ള പുരസ്കാരവും മുഴുവൻ വിഷയങ്ങൾക്ക് എ.പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുള്ള ഉപഹാരങ്ങളും ചെറുപുഴ, ഇരിട്ടി, ചെമ്പേരി എന്നീ മൂന്നു റീജിയണുകളിലായി സംഘടിപ്പിച്ച സമ്മേളനങ്ങളിൽ നൽകി.

നൂറു ശതമാനം വിജയം നേടിയ സ്കൂളുകൾ, ഏറ്റവും കൂടുതൽ എ പ്ലസ് നേടിയ വിദ്യാലയം മുഴുവൻ മാർക്കും നേടിയ വിദ്യാർത്ഥികൾ, ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഏറ്റവും കൂടുതൽ വിജയം നേടിയ ബ്രാഞ്ചുകൾ ഉള്ള സ്കൂളുകൾക്കുള്ള സമ്മാനങ്ങളും സമ്മേളനങ്ങളിൽ വിതരണം ചെയ്തു.

**ചെറുപുഴ :-** ചെറുപുഴ മേഖല വിജയോത്സവം ചെറുപുഴ സെന്റ് മേരീസ് പാരിഷ് ഹാളിൽ 14-06-2023 രാവിലെ 9 മണിക്ക് നടത്തിയ സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ സ്വാഗതം ആശംസിച്ചു. മോൺ. മാത്യു ഇളംതുരുത്തിപടവിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റിട്ട. ഹയർസെക്കണ്ടറി വിഭാഗം മേധാവി ശ്രീ. ശിവൻ വി.എൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ജോസ് വെട്ടിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ചെറുപുഴ റീജിയണിലെ അഞ്ച് ഹയർസെക്കണ്ടറി സ്കൂളുകളിലെയും ഏഴ് ഹൈസ്കൂളുകളിലെയും വിജയികൾക്ക് അനുമോദനം നൽകി.

**ഇരിട്ടി :-** ഇരിട്ടി മേഖലവിജയോത്സവം ഇരിട്ടി സെന്റ് ജോസഫ്സ് പാരിഷ് ഹാളിൽ 16-06-2023 ന് രാവിലെ 9 മണിക്ക് നടത്തിയ സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ സ്വാഗതം ആശംസിച്ചു. മുൻ കോർപ്പറേറ്റ് മാനേജറും ഇപ്പോഴത്തെ വികാരി ജനറലുമായ മോൺ. ഫാ. ആന്റണി മുതുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. പേരാവൂർ നിയോജക മണ്ഡലം എംഎൽഎ അഡ്വ.

സണ്ണി ജോസഫ് പ്രസ്തുത ചടങ്ങ് ഉദ്ഘാടനം ചെയ്തു, ഏഴ് ഹയർസെക്കണ്ടറി സ്കൂളുകളിലെയും എട്ട് ഹൈസ്കൂളിലെയും വിജയികൾക്ക് ഉപഹാരങ്ങൾ നൽകി.

**ചെമ്പേരി :-** ചെമ്പേരി മേഖല വിജയോത്സവം നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് പാരിഷ് ഹാളിൽ 16-06-2023 ന് ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് നടത്തി. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷത വഹിച്ച യോഗത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ ആമുഖ ഭാഷണം നടത്തി. ഇരിക്കൂർ നിയോജകമണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫ് ഉദ്ഘാടനം ചെയ്തു. എരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ടെസ്സി ഇമ്മാനുവേൽ വിജയികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മൂന്ന് ഹയർസെക്കണ്ടറി സ്കൂളുകളിലെയും എട്ട് ഹൈസ്കൂളുകളിലെയും വിജയികൾക്ക് ഉപഹാരങ്ങൾ നൽകി.

## മെയിന്റനൻസ് ഗ്രാന്റ്

മുൻവർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിലും ഈ വർഷവും മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ നൽകണം. പ്രൊപ്പോസൽ നൽകുമ്പോൾ പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ കൊടുക്കുന്നു. വിശദമായ കാര്യങ്ങൾ കെ.ഇ.ആർ. അധ്യായം XXVIII ൽ വ്യക്തമാക്കിയിട്ടുണ്ട്:

1) ഓഗസ്റ്റ് 10-ാം തീയതിക്ക് മുമ്പായി മെയിനന്റനൻസ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയാറാക്കി കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കണം.
2) പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട രേഖകൾ:

| | |
|---|---|
| A.Maintenance Grant Application (Form 28) | - 4 എണ്ണം വീതം |
| B.Expenture Statement (Form -29) | - 4 എണ്ണം വീതം |
| C.Property Statement - (Form -10) | - 2 എണ്ണം വീതം |
| D.Audit Certififcate | - 4 എണ്ണം വീതം |

3) ഫോമുകൾ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്ന് മുൻവർഷങ്ങളിൽ ഇ-മെയിൽ ചെയ്തു തന്നതാണ്. പഴയ ഇ-മെയിൽ ശ്രദ്ധിക്കുക.
4) കെ.ഇ.ആർ പ്രകാരം 3500 രൂപയിലധികം ഗ്രാന്റ് ലഭിച്ച വിദ്യാലയങ്ങൾ മുൻവർഷത്തെ Expenture Statement ഓഡിറ്റു ചെയ്യണം. ഈ നിർദേശത്തിന് ഭേദഗതി വന്നിട്ടില്ല. ഓഡിറ്റ് ചെയ്യാതെ അപേക്ഷ കൊണ്ടുവരരുത്.
5) മുൻവർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിച്ചിട്ടില്ലെങ്കിൽ അത് കൃത്യമായി ലഭ്യമാക്കാൻ പ്രധാന അധ്യാപകർ പരിശ്രമിക്കണം. കോർപ്പറേറ്റ് ഓഫീസിൽ നിന്ന് റിമൈൻഡർ ലെറ്ററുകൾ വാങ്ങിച്ച് വിദ്യാഭ്യാസ ഓഫീസിൽ കൊടുക്കണം.

## പ്ലസ്ടു റിസൾട്ട്

| സ്കൂളിന്റെ പേര് | സയൻസ് | | | കൊമേഴ്സ് | | | ഹ്യുമാനിറ്റീസ് | | |
|---|---|---|---|---|---|---|---|---|---|
| | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം |
| അങ്ങാടിക്കടവ് | 59 | 59 | 100 | 58 | 57 | 98.27 | 48 | 44 | 91.66 |
| ചെമ്പേരി | 120 | 114 | 95 | 58 | 56 | 96.55 | 40 | 22 | 55 |
| കൊളക്കാട് | 117 | 112 | 96 | Nil | Nil | Nil | 58 | 43 | 74 |
| തോമാപുരം | 177 | 159 | 89.26 | 35 | 35 | 100 | 36 | 30 | 83.33 |
| വെളിമാനം | 60 | 58 | 96.67 | 58 | 53 | 91.37 | 59 | 40 | 67.79 |
| വെള്ളരിക്കുണ്ട് | 119 | 107 | 89.92 | Nil | Nil | Nil | 48 | 44 | 91.67 |
| മേരിഗിരി | 59 | 58 | 98.3 | 52 | 37 | 72 | Nil | Nil | Nil |
| പേരാവൂർ | 57 | 57 | 100 | 56 | 52 | 92.85 | Nil | Nil | Nil |
| മണിക്കടവ് | 61 | 59 | 96.72 | 60 | 53 | 88.33 | Nil | Nil | Nil |
| കുന്നോത്ത് | 58 | 58 | 100 | 58 | 57 | 98.3 | Nil | Nil | Nil |
| പാലാവയൽ | 58 | 57 | 98.20 | 47 | 43 | 91.40 | Nil | Nil | Nil |

| കിളിയന്തറ | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| ബയോളജി സയൻസ് | 58 | 54 | 93.10 |
| കമ്പ്യൂട്ടർ സയൻസ് | 57 | 51 | 89.5 |
| കൊമേഴ്സ് (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) | 53 | 50 | 94.3 |
| **പെരുമ്പടവ്** | | | |
| ബയോളജി സയൻസ് | 60 | 59 | 98.30 |
| കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 55 | 49 | 89 |
| **എടൂർ** | | | |
| സയൻസ് | 179 | 177 | 98.80 |
| കമ്പ്യൂട്ടർ സയൻസ് | 57 | 57 | 100 |
| കമ്പ്യൂട്ടർ കൊമേഴ്സ് | 52 | 52 | 100 |
| കൊമേഴ്സ് പൊളിറ്റിക്സ് | 52 | 51 | 98.07 |
| **വായാട്ടുപറമ്പ** | | | |
| സയൻസ് | 58 | 54 | 93.10 |
| കമ്പ്യൂട്ടർ സയൻസ് | 60 | 53 | 88.3 |
| കൊമേഴ്സ് (പൊളിറ്റിക്കൽ സയൻസ്) | 54 | 50 | 92.5 |
| ഹ്യുമാനിറ്റീസ് | 58 | 44 | 75.8 |

പ്ലസ്ടു പരീക്ഷ എഴുതി ഉന്നതവിജയം നേടിയ എല്ലാ വിദ്യാർത്ഥിക ളെയും സ്കൂളുകളെയും അഭിനന്ദിക്കുന്നു. ഇതിനായി അധ്വാനിച്ച പ്രധാ നാധ്യാപകർ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്

## കൂത്തുപറമ്പ്

### നിർമലഗിരി കോളേജിന് റാങ്ക് തിളക്കം

മലയാളം ബിരുദ പരീക്ഷയിൽ യൂണിവേഴ്സിറ്റിയിൽ ഒന്നും രണ്ടും ഏഴും സ്ഥാനങ്ങളും 10 A ഗ്രേഡും വിജയ ശതമാനത്തിൽ (85.71) യൂണിവേഴ്സിറ്റിയിൽ രണ്ടാം സ്ഥാനവും നിർമലഗിരി കോളേജിനാണ്.

- ഹോം സയൻസിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും 13 A ഗ്രേഡും നിർമലഗിരി കോളേജിന് സ്വന്തം.
- വിജയ ശതമാനത്തിൽ ഹിസ്റ്ററി ഡിപ്പാർട്ട്മെന്റും മികച്ച നേട്ടമാണ് കൈവരിച്ചത്. രണ്ടും മൂന്നും റാങ്കുകളും യൂണിവേഴ്സിറ്റിയിൽ 87.52 ശതമാനം വിജയവും 4 A ഗ്രേഡുംനേടി.
- ഇംഗ്ലീഷ് വിഭാഗം രണ്ടും നാലും റാങ്കും 73.81 ശതമാനം വിജയവും 9 എഗ്രേഡും നേടി.
- ഇക്കണോമിക് സിൽ 75% വിജയവുമായി യൂണിവേഴ്സിറ്റിയിൽ ഏറ്റവും കൂടുതൽ വിജയ ശതമാനവും 8 A ഗ്രേഡും നിർമലഗിരി കോളേജ് നേടി.
- ബി.കോം വിഭാഗം 8 A+ ഗ്രേഡും 13 A ഗ്രേഡും കൈവരിച്ചു.
- മാത്തമാറ്റിക്സിന് രണ്ടാം റാങ്കും യൂണിവേഴ്സിറ്റി 77.5 വിജയ ശതമാ നവും 12 A പ്ലസും 10 A ഗ്രേഡും കരസ്ഥമാക്കി.
- കെമിസ്ട്രി വിഭാഗം 91 വിജയ ശതമാനത്തോടെ യൂണിവേഴ്സിറ്റി യിൽ രണ്ടാം സ്ഥാനത്തുണ്ട്. 17 A+ ഉം 13 A ഗ്രേഡും നേടി.
- സുവോളജി വിഭാഗത്തിൽ മൂന്നാം റാങ്കും 6 A+ ഉം 18 A ഗ്രേഡും ഉണ്ട്.
- ഫിസിക്സ് വിഭാഗം 17 A ഗ്രേഡു കരസ്ഥമാക്കി.
- ബോട്ടണി വിഭാഗത്തിൽ 4 A+ ഉം 16 A ഗ്രേഡും നേടി.

തുടർവർഷങ്ങളിലെ പോലെ തന്നെ മിന്നുന്ന പ്രകടനം ഈ വർഷവും നിർമലഗിരിക്ക് കാഴ്ചവയ്ക്കാനായത് മികവുള്ള

അധ്യാപകരും മികച്ച ഭൗതിക സൗകര്യങ്ങളുമാണെന്ന് കോളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേലും ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയും കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി.യും പറഞ്ഞു.

## പരിസ്ഥിതി ദിനാഘോഷം

പരിസ്ഥിതി ദിനത്തിൽ നാഷണൽ സർവീസ് സ്കീം വോളന്റിയേഴ്സ് ക്യാമ്പസ് ശുചീകരണം പ്രകൃതി സംരക്ഷണ പ്രതിജ്ഞ, ചർച്ച എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികൾ. പ്രോഗ്രാം ഓഫീസർമാരായ ഡോ. ജെയ്സൺ ജോസഫിന്റെയും ദീപ്തി ലിസ്ബത്തിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ് പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് മത്സരം സംഘടിപ്പിച്ചു. ചിത്രരചന, കവിതാരചന  പ്രസംഗ മത്സരം എന്നിവ അസി. പ്രൊഫസർമാരായ സിസ്റ്റർ ഡോ. മഞ്ജു ഒ.എസ് (വകുപ്പധ്യക്ഷ), സിസ്റ്റർ സുജ മോൾ ജോസഫ്, രേഷ്മാ ടോം എന്നിവർ മേൽനോട്ടം വഹിച്ചു.

## എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ അഭിമാന നേട്ടമായി നിർമലഗിരി കോളേജ്

കേന്ദ്ര മാനവ വിഭവശേഷി വകുപ്പിനു കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ കോളേജ് വിഭാഗത്തിൽ കൂത്തുപറമ്പ് നിർമലഗിരി കോളേജ് 101-150 റാങ്ക് ബാൻടിൽ ഉൾപ്പെട്ടു. വർഷം തോറും രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അവയുടെ അക്കാദമിക നിലവാരവും ഗവേഷണമികവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളുടെ പങ്കാളിത്തവും ഭൗതീക സൗകര്യങ്ങളുടേയും അടിസ്ഥാനത്തിൽ വിലയിരുത്തിയാണ് ഈ അംഗീകാരം നൽകുന്നത്.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ റാങ്ക് ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന്റെ കീഴിൽ വിദ്യാഭ്യാസ മന്ത്രാലയം സ്വീകരിച്ച മാനദണ്ഡമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (എൻഐആർഎഫ്). കണ്ണൂർ സർവകലാശാലയുടെ കീഴിൽ 2018 മുതൽ തുടർച്ചയായി എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ ഇടം നേടുന്ന കോളേജാണ് നിർമലഗിരി.

യു.ജി.സിയുടെ നാലാമത് നാക് റീ അക്രഡിറ്റേഷനുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിർമലഗിരി കോളേജ് ഉത്തര മലബാറിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് തനതു മുദ്രപതിപ്പിക്കുന്ന കലാലയമാണ്. ഈ വർഷം കേരളത്തിൽ നിന്നുള്ള 14 കോളേജുകളാണ് 100 റാങ്കിനുള്ളി ലും 12 കോളേജുകൾ 101 - 150 ബാന്റിലും 16 കോളേജുകൾ 151 - 200 ബാന്റിലും ഇടം നേടിയിട്ടുണ്ട്.

## ഫാ. ജോൺ വടക്കുംമൂല അനുസ്മരണം

ഫാ. ജോൺ വടക്കുംമൂല അനുസ്മരണയോഗത്തിൽ അനുശോചന പ്രമേയം പ്രിൻസിപ്പൽ ഡോ. ടി.കെ. സെബാസ്റ്റ്യൻ അവതരിപ്പിച്ചു. അനുശോചനമേയത്തിനുശേഷം നടന്ന ഫാ. ജോൺ വടക്കുംമൂല അനുസ്മരണയോഗം

സജീവ് ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. കുട്ടികളിലൂടെ കുടുംബ ങ്ങളിലേക്കും കുടുംബങ്ങളിലൂടെ ഗ്രാമങ്ങളിലേക്കും എത്തിയ കർമ്മയോഗി യായിരുന്നു കഴിഞ്ഞ ദിവസം അന്തരിച്ച റവ. ഫാ. ജോൺ വടക്കുംമൂലയിൽ എന്ന് മുൻ കോളേജ് ചെയർമാൻ കൂടിയായ അഡ്വ. സജീവ് ജോസഫ് എംഎൽഎ പറഞ്ഞു. എല്ലാവരെയും ഒരേപോലെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന സവിശേഷ വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹമെന്നും നിർമ്മലഗിരി ദേശത്തിന്റെയും കോളേജിന്റെയും സമഗ്ര വികസനത്തിനുവേണ്ടി അക്ഷീണം പ്രയത്നിച്ച മഹാവ്യക്തിത്വത്തിന് ഉടമയായിരുന്നു ജോണച്ചൻ എന്നും അദ്ദേഹത്തോട് നിർമലഗിരി സമൂഹം എന്നും കടപ്പെട്ടിരിക്കുന്നുവെന്നും അനുസ്മരണ യോഗത്തിൽ പങ്കെടുത്ത് സജീവ് ജോസഫ് എംഎൽഎ പറഞ്ഞു. കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ മുൻ പ്രിൻസിപ്പൽമാരായ ഫാ. ജോസഫ് ലാസർ, ഡോ. ഔസേപ്പച്ചൻ കെ.വി., റിട്ടയേർഡ് അധ്യാപകരായ വൽസലാ കുര്യാക്കോസ്, ഡോ. ജോൺ ജോസഫ് എന്നിവരും അലുംമ്നി അസോസിയേഷൻ പ്രസിഡണ്ട് ശ്രീ. മമ്പറം ദിവാകരൻ റിട്ടയേർഡ് അനധ്യാപക പ്രതിനിധി ശ്രീ. ജോസഫ് പോൾ, കോളേജ് സൂപ്രണ്ട് ശ്രീമതി മോളി ജോസഫ്, ക്രിസ്തുരാജ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്ററും മുൻ വിദ്യാർത്ഥിയുമായ സിസ്റ്റർ സിൻസി മരിയ, മുൻ വിദ്യാർത്ഥികളായ സിറിയക് ജോസഫ് (നിർമലഗിരി കമ്പ്യൂട്ടർ സെന്റർ) റോണി കെ. ചെറിയാൻ (റിട്ട. റെയിൽവേ പോലീസ്) എന്നിവർ ജോണച്ചനെ അനുസ്മരിച്ച് സംസാരിച്ചു. സമ്മേളനത്തിൽ ജോണച്ചന്റെ സഹോദരൻ ടോം വടക്കുംമൂലയിലും മുഴുവൻ അധ്യാപകരും അനധ്യാപ കരും റിട്ടയേർഡ് അധ്യാപകരും അനധ്യാപകരും മുൻ വിദ്യാർത്ഥികളും പങ്കെടുത്തു.

**വായനദിനാഘോഷം :**വായനദിനാഘോഷത്തിന്റെ ഭാഗമായി മലയാള വിഭാഗം കേരളത്തി ലെ കോളേജ് വിദ്യാർത്ഥികൾക്കായി വായന-എഴുത്ത് - നവോത്ഥാനം എന്ന വിഷയത്തിൽ ലേഖന മത്സരം സംഘടിപ്പിച്ചു. മലയാളം വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകങ്ങളെ ഡോ. ദീപ മാത്യു പരിചയപ്പെടുത്തി. എൻ എസ് എസ് വായനാദിനത്തിൽ ക്വിസ് മത്സരം, ആസ്വാദനക്കുറിപ്പ് മത്സരം എന്നിവ സംഘടിപ്പിച്ചു. ഹിസ്റ്ററി വിഭാഗം വായനദിനത്തിൽ സൗഹൃദ ഗ്രന്ഥാലയ ത്തിന് വിദ്യാർത്ഥികൾ പുസ്തകം കൈമാറി. ചടങ്ങ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ഓരോ വിദ്യാർത്ഥിയും 3 പുസ്തകങ്ങളാണ് നൽകിയത്. കൂടാതെ വിവിധ ഡിപ്പാർട്ടുമെന്റുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മത്സരങ്ങളും സംഘടിപ്പിച്ചു. പരിപാടികൾക്ക് ഡോ. സി. മഞ്ജു ഒ. എസ്, സി. സുജ മോൾ ജോസഫ്, രേഷ്മാ ടോം എന്നിവർ നേതൃത്വം നൽകി.

**ഓറിയന്റേഷൻ ക്ലാസ് :** നിർമലഗിരി കോളജ്സ്റ്റാഫ് അംഗങ്ങൾക്കുവേണ്ടി നിർമലഗിരി കോളജ് മാനേജ്മെന്റും ഐക്യു എസിയും സംയുക്തമായി

ഏകദിന ഓറിയ ന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ച തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പും കോളജ് രക്ഷാധികാരിയും ആയ മാർ ജോസഫ് പാംപ്ലാനി ദേശീയ വിദ്യാഭ്യാസനയം ഉയർത്തുന്ന വെല്ലു വിളികളെയും അവസരങ്ങളെയും പറ്റി നമ്മൾ ബോധവാന്മാരായിരിക്കണ മെന്നു അഭിപ്രായപ്പെട്ടു. മാർ തെയോഫി ലോസ് ട്രെയിനിങ് കോളജ് പ്രിൻസിപ്പാൾ ഡോ. ജോജു ജോൺ ക്ലാസുകൾക്ക് നേതൃത്വം നൽകി. നിർമ്മലഗിരി കോളജ് പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. ടി.കെ. സെബാസ്റ്റ്യൻ, മാനേജർ മോൺ. ആന്റണി മുത്തുകുന്നേൽ, IQAC കോഓർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജേക്കബ്, നിർമലഗിരി ആർട്സ് ആൻഡ് സയൻസ് അക്കാദമി പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ എന്നിവർ സംസാരിച്ചു.

## ആർട്ട് ബൈ ചിൽഡ്രൻ പ്രോഗ്രാം പാലത്തുവയൽ സ്കൂളിലെ വിദ്യാർ ത്ഥികളെ ശാക്തീകരിക്കുന്നു

നിർമലഗിരി കോളേജിന്റെ ദത്തു ഗ്രാമമായ പെരുവ കോളനിയിലെ പാലത്തുവയൽ സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രശസ്ത ചിത്രകാര നും ശില്പിയുമായ ബ്ലെയ്സ് ജോസഫ് ഏകദിന ശിൽപശാല നടത്തി. കേരളത്തിലെ കൊച്ചി ബിനാലെ ഫൗണ്ടേഷനിലെ ആർട്ട് ബൈ ചിൽഡ്രൻ (എബിസി) പ്രോഗ്രാം മാനേജറാണ് ബ്ലെയ്സ് ജോസഫ്. നിർമ്മലഗിരി കോളേജിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ ഉദ്യമത്തിന്റെ ഉദ്ദേശ്യം സർഗ്ഗാത്മകതയും കലാപരമായ ആവിഷ്കാരവും വളർത്തിയെടുത്ത് വിദ്യാർത്ഥികളെ ശാക്തീകരിക്കുക എന്നതാണ്. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ചിന്ത വികസിപ്പിക്കുന്നതിനും കലയോടുള്ള താല്പര്യം വളർത്തുന്നതിനും ലക്ഷ്യമിട്ടുള്ള ശിൽപശാല ക്ലേ മോഡലിംഗിലും വിവിധ കലാരൂപങ്ങളും പരിശീലിച്ചു. ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഫിനിത ജോസ്, ഫിസിക്സ് വിഭാഗം അസി. പ്രൊഫസർ ഡോ. ദീപു തോമസ് ചരിത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സി. സുജാമോൾ ജോസഫ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. നിർമലഗിരി കോളേജിലെ ഇംഗ്ലീഷ്, ഹിസ്റ്ററി, മലയാളം വിഭാഗങ്ങളിൽനിന്നുള്ള 14 വിദ്യാർത്ഥി കളും പരിപാടിയിൽ പങ്കെടുത്തു. പരിശീലന സെഷനുകളിൽ ഉടനീളം വിദ്യാർത്ഥികൾ ഉത്സാഹവും കഴിവും പ്രകടിപ്പിച്ചു. ശിൽപശാല യ്ക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്.

**അന്താരാഷ്ട്ര യോഗാ ദിനം :** അന്താരാഷ്ട്രയോഗാദിനം എൻ.സി.സി. എൻഎസ്എസ് സംഘടനകൾ സമുചിതമായി ആചരിച്ചു. യോഗാദിന ത്തിന്റെ ഭാഗമായുള്ള പരിപാടികൾ പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. Physical Education Department HOD അസി. പ്രൊഫ. ഷിനിൽ കുര്യാക്കോസ് യോഗാ ക്ലാസ് നയിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്

**1. IELTS, OET, UKVI**

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. **Ph: 8281750777, 8281730777**

ഓൺലൈൻ ആയി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക

www.sanjoseacademy.in

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് ഇരിട്ടിയിൽ**

സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് ഇരിട്ടിയിൽ ആരംഭിച്ചിരിക്കുന്നു. ഇരിട്ടി തന്തോട് പള്ളിയോട് ചേർന്നുള്ള ബിൽഡിങ്ങിൽ ആണ് പുതിയ ബ്രാഞ്ച് ആരംഭിച്ചിരിക്കുന്നത്. ജർമൻ ഭാഷയുടെ എ വൺ ലെവൽ ആണ് ജൂലൈ 14ന് ആരംഭിക്കുന്നത്. ആദ്യം ബാച്ചിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാണ്. ആകെ 25 സീറ്റുകൾ മാത്രമാണ് ഉള്ളത് അപ്ലൈ ചെയ്യാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

**www.sanjoseacademy.in Mob : 85472 27325**

ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ വെള്ളരിക്കുണ്ട് സെ ജൂഡ് കോളേജിൽ എല്ലാ മാസവും ആരംഭിക്കുന്നു.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8281 730 777**

ജർമൻ ഭാഷയുടെ പുതിയ ബാച്ച് ജൂലൈ 1ന് വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ പ്രോഗ്രാമുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സോണി വടശ്ശേരിൽ**

*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്**

https://vjec.ac.in./scholaship/ എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾ ത്തന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.

SCAN TO APPLY

| MAR. JOSEPH PAMPLANY EDUCATIONAL SCHOLARSHIP | | | |
|---|---|---|---|
| SCHOLARSHIP | | | Total Marks Scored In Plus One Physics, Mathematics, Chemistry Exams |
| Platinum | ₹ 2,65,400/- | Tution Fee 8650/- മാത്രം | 95% & Above Marks |
| Daimond | ₹ 1,50,000/- | Tution Fee പകുതി മാത്രം 37500/- | 90% & Above Marks |
| Golden | ₹ 60,000/- | Yearly 15000/- | 85% & Above Marks |
| Silver | ₹ 40,000/- | Yearly 10000/- | 80% & Above Marks |

KEAM പരീക്ഷ പാസ്സാകുന്ന കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് ലഭ്യമാവുക. എല്ലാ ബ്രാഞ്ചുകളിലും സ്കോളർഷിപ്പുകൾ ലഭ്യമാണ്. എന്നാൽ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, സൈബർ സെക്യൂരിറ്റി സയൻസ് & ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ്, കമ്പ്യൂട്ടർ സയൻസ് & സൈബർ സെക്യൂരിറ്റി കമ്പ്യൂട്ടർ സയൻസ് & ബിസിനസ്സ് സിസ്റ്റം എന്നീ ബ്രാഞ്ചുകളിൽ മാത്രം 95% മാർക്കിൽ കൂടുതലുള്ള 10 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്ലസ് ടു റിസൾട്ട് വന്നു കഴിഞ്ഞാൽ സ്കോളർഷിപ്പിന് പ്ലസ് ടു മാർക്ക് ആയിരിക്കും ബാധകം.

| KEAM RANK SCHOLARSHIP 2023 | |
|---|---|
| KEAM Rank 1- 5000 | : Scholarship : Entire College Fee |
| Rank 5001- 8000 | : Scholarship : 2,65,400/- (66,350x4 year) |
| | Tution Fee = Government Fee only |
| Rank 8001 - 10000 | : Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | : Scholarship : 20,000/- (5000x4 year) |

Web : www.vjec.ac.in Email: admission@vjec.ac.in

## പ്ലേസ്മെന്റ് വാർത്തകൾ April 2023

പ്രമുഖ Edutech കമ്പനിയായ ബൈജൂസ് ലേണിംഗ് ആപ്പ് വിമൽ ജ്യോതിയിലെ കുട്ടികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായി. ജൂൺ ആദ്യവാരത്തോടെ സെലക്ഷൻ പ്രോസസ് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ബാംഗളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന അപ്ലൈഡ് മെറ്റീരിയൽസ് എന്ന കമ്പനി വിമൽജ്യോതിയിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുകയുണ്ടായി. കമ്പ്യൂട്ടർ സയൻസ് അവസാനവർഷ വിദ്യാർത്ഥിയായ **Mr. Ranjul Arimudi** ക്ക് 10,55,000/ രൂപ വാർഷിക ശമ്പളത്തിൽ ജോലി ലഭിച്ചു.

പ്രമുഖ ഓട്ടോമേഷൻ കമ്പനിയായ ഇൻഡസ്ട്രിയൽ പ്രോസസ് ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി അവരുടെ ബാംഗളൂർ പീനിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ വിവിധ ഒഴിവുകളിലേക്ക് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുകയുണ്ടായി. ഈ അധ്യയനവർഷത്തിൽ ബിടെക് പഠനം പൂർത്തിയാക്കുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർത്ഥികൾക്ക് ആയിരുന്നു പങ്കെടുക്കാൻ അവസരം ഉണ്ടായിരുന്നത്. പതിനഞ്ചോളം കുട്ടികളെ അടുത്ത റൗണ്ടിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. സെലക്ഷൻ പ്രോസസ് മെയ് മാസം അവസാനത്തോടെ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

കേരള ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള നോളജ് ഇക്കണോമി മിഷന്റെയും ICT അക്കാദമിയുടെയും BNI യുടെയും സംയുക്ത ആഭിമുഖ്യത്തിൽ വിമൽജ്യോതിയിൽ വച്ച് മെയ് 20ന് Mega Job Fair സംഘടിപ്പിച്ചു. 13 കമ്പനികളും 180 ഓളം കുട്ടികളും ഈ ജോബ് ഫെയറിൽ പങ്കെടുക്കുകയുണ്ടായി. 111 കുട്ടികൾ വിവിധ തസ്തികകളിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. സെലക്ഷൻ പ്രോസസ് ജൂലൈ പകുതിയോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## എം.ബി.എ. വാർത്തകൾ

## വിമൽ ജ്യോതിയിൽ സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാം

കമ്പനികളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുവാനും ബിസിനസിന്റെ പ്രായോഗികമായ അറിവുകൾ നേടുവാനുമായി വിമൽജ്യോതി എംബിഎ കോളേജിലെ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികൾ പത്ത് ദിവസത്തെ സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുക്കുകയുണ്ടായി.

ഈ പ്രോഗ്രാമുമായി സഹകരിച്ച ടി എസ് എസ് എസ് തലശ്ശേരി, സെന്റ് ജോസഫ് ഹോസ്പിറ്റൽ കരുവഞ്ചാൽ, ഗ്ലോബൽ എച്ച് ആർ സൊല്യൂഷൻസ് കണ്ണൂർ തുടങ്ങി വിവിധങ്ങളായ കമ്പനികളിൽ വിദ്യാർത്ഥികൾ ഇന്റേൺ ഷിപ്പുകൾ നടത്തുകയും കമ്പനികളുടെ പ്രവർത്തനങ്ങളെ പറ്റിയും മാർക്കറ്റിംഗിനെപ്പറ്റിയും കൂടുതൽ പ്രായോഗികമായ അറിവുകൾ നേടുകയും ചെയ്തു. കോളേജിലെ എംബിഎ നാലാം സെമസ്റ്റർ വിദ്യാർത്ഥികൾ കേരള ത്തിലും പുറത്തുമുള്ള വിവിധങ്ങളായ കമ്പനികളിൽ പ്രോജക്ട് ചെയ്യാനായി പുറപ്പെട്ടു. 45 ദിവസം നീണ്ടുനിൽക്കുന്ന അവരുടെ പ്രോജക്ട് വർക്ക് ജൂൺ ആദ്യവാരം അവസാനിക്കും.

### യാത്രയയപ്പ് സമ്മേളനം നടത്തി

വിമൽജ്യോതി എംപിയെ കോളേജിലെ 2021-23 ബാച്ച് വിദ്യാർത്ഥി കൾക്കുള്ള യാത്രയയപ്പ് സമ്മേളനം കോളേജിന്റെ ബർസാർ ഫാദർ ലാസർ വരമ്പത്ത് ഉദ്ഘാടനം ചെയ്തു. ഒന്നാം വർഷ വിദ്യാർത്ഥികളുടെ നേതൃത്വ ത്തിൽ സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനത്തിൽ കോളേജിന്റെ പ്രിൻസിപ്പൽ ഫാ. ജിനു വടക്കേമുളഞ്ഞനാൽ ഫാ. സോണി വടശ്ശേരിയും അഡ്മിനി സ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്തും സംസാരിക്കുകയുണ്ടായി. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കലാപരിപാടികളും സംഘടിപ്പിച്ചു.

### എം.ബി.എ. അഡ്മിഷൻ തുടരുന്നു

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപന മായ വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റെസീർ ച്ചിൽ 202325 വർഷത്തേക്കുള്ള എം ബി എ പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദ പഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 70 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 90 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എംബിഎ പഠനം പൂർത്തിയാക്കാവുന്നതാണ്.

എം ബി എ പ്രവേശന പരീക്ഷയായ കെ മാറ്റ് എഴുതുന്ന വിദ്യാർത്ഥി കൾക്ക് മെയ് 18 മുതൽ ഓൺലൈൻ വഴി സൗജന്യമായി പരിശീലനവും നൽകുന്നുണ്ട്.

**കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറു കളിൽ ബന്ധപ്പെടുക. 9497517396, 9656786719, 8111918367**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# ലെ അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

**ആശ്വാസ തണൽ പദ്ധതി**

കത്തോലിക്ക സമുദായത്തിലെ ഭവനരഹിതരായ സാധുക്കൾക്ക് സംരക്ഷണം നൽകുന്നതിനായി കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ കാരുണ്യമുഖമായ 'ഹാർട്ട് ലിംഗ്സ്' ആവിഷ്കരിച്ച 'ആശ്വാസ തണൽ' പദ്ധതിയുടെ രൂപത തല ഉദ്ഘാടനം 05-06-2023 ന് പേരാവൂർ സെന്റ് ജോസഫ് പാരിഷ് ഹാളിൽ വെച്ച് അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ചെങ്ങോം ഇടവകയിലെ ബാബു മുഞ്ഞനാട്ട് എന്ന നല്ല ഹൃദയത്തിനുടമയാണ് അഞ്ച് കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി 27 സെന്റ് സ്ഥലം ദാനമായി നൽകിയത്. തദവസരത്തിൽ പേരാവൂർ സെന്റ് ജോസഫ് പള്ളി ട്രസ്റ്റി ശ്രീ. ടോമി പൊട്ടങ്കൽ 20 കുടുംബങ്ങൾക്ക് വീട് വെച്ച് നൽകുന്നതിനായി ഒരു ഏക്കർ വസ്തു ദാനം ചെയ്യുന്നതായി അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ അറിയിച്ചു. ചടങ്ങിൽ അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു.

മുഖ്യപ്രഭാഷണത്തിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ സമുദായ അംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉൽക്കർഷത്തിനുവേണ്ടി സുമനസ്സുകളുടെ കൂട്ടായ പ്രയത്നത്തിന്റെ ആവശ്യകതയെകുറിച്ച് സംസാരിച്ചു. സംഘടന വിഭാവനം ചെയ്ത ആശ്വാസ കിരൺ പദ്ധതിയുടെ ഭാഗമായി കേരള കടാശ്വാസ കമ്മീഷൻ മുമ്പാകെ കർഷകരുടെ അപേക്ഷകൾ നൽകുവാൻ ഉതകുന്ന ബോധവൽക്കരണവും പ്രായോഗിക നടപടികളും എടുത്തു പറയേണ്ടതാണ്.

ഫൊറോന വികാരിയും ആർച്ച് പ്രീസ്റ്റുമായ ഡോക്ടർ തോമസ് കൊച്ചുകരോട്ട് അനുഗ്രഹ പ്രഭാഷണവും ഫൊറോന ഡയറക്ടർ ഫാദർ തോമസ് പട്ടാംകുളം സാധുക്കൾക്കുള്ള ധനസഹായ വിതരണവും നടത്തി.

അതിരൂപത 'ഹാർട്ട് ലിംഗ്സ്' കോ-ഓർഡിനേറ്റർ ജിമ്മി ഐത്തമറ്റം, അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ബാബു മുഞ്ഞനാട്ട്, അഡ്വക്കറ്റ് ഷീജ സെബാസ്റ്റ്യൻ, ജോർജ് കാനാട്ട്, ഫാദർ ബോസ്കോ പുറത്തെമുതുകാട്ടിൽ, സുരേഷ് ജോർജ്, ഡേവിസ് ആലങ്ങാടൻ, കിഷോർ ചൂരനോലിൽഎന്നിവർ പ്രസംഗിച്ചു.

## കലാലയസംരക്ഷണ സമിതി

ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംരക്ഷണമേകാൻ കലാലയ സംരക്ഷണ സമിതികൾ രൂപീകരിക്കും. സമീപകാലത്ത് ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തകർക്കുവാൻ തല്പരകക്ഷികൾ നടത്തുന്ന ഗൂഢ നീക്കങ്ങൾക്ക് എതിരെ കത്തോലിക്ക സമുദായത്തിന്റെ സ്ഥാപനങ്ങൾക്ക് സംരക്ഷണം നൽകുവാൻ വേണ്ടി സംരക്ഷണ സമിതികൾ രൂപീകരിക്കുവാൻ വേണ്ട നടപടികൾക്ക് നേതൃത്വം നൽകുവാൻ കത്തോലിക്കാ കോൺഗ്രസ് തീരുമാനിച്ചു.

## മണിപ്പൂരിൽ പീഡിപ്പിക്കപ്പെടുന്ന ജനങ്ങൾക്ക് ഐക്യദാർഢ്യവുമായി കത്തോലിക്ക കോൺഗ്രസ്:

കഴിഞ്ഞ ഒന്നര മാസത്തോളമായി മണിപ്പൂരിൽ പീഡിപ്പിക്കപ്പെടുന്ന സഭാ മക്കൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഹ്വാനപ്രകാരം 18-06-2023 ന് തലശ്ശേരി അതിരൂപതയിലെ ഇടവകകളിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഐക്യദാർഢ്യ പ്രതിജ്ഞയും, പ്രാർത്ഥനാ യജ്ഞവും പ്രതിഷേധയോഗവും നടന്നു.

മണിപ്പൂരിൽ പീഡിപ്പിക്കപ്പെടുന്നവർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ ഐക്യദാർഢ്യ പ്രതിജ്ഞയുടെ തലശ്ശേരി അതിരൂപത തല ഉദ്ഘാടനം അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതയിലെ പേരാവൂർ മേഖലയിൽ ജോർജ് കാനാട്ടും, കുന്നോത്ത് മേഖലയിൽ ബെന്നി പുതിയാമ്പുറവും, പൈസക്കരി മേഖലയിൽ ബേബി നെട്ടനാനിയും, ചെമ്പേരി മേഖലയിൽ ജിമ്മി ഐത്തമറ്റവും, ചെമ്പന്തൊട്ടി മേഖലയിൽ ജോർജ് വലിയ മുറത്താങ്കൽ, വായാട്ടുപറമ്പിൽ ജയ്സൺ അട്ടാറമാക്കൽ, ചെറുപുഴയിൽ സിബി ജാതികുളം, മുളപ്രയിൽ ഫിലിപ്പ് വെളിയത്ത്, തോമാപുരത്ത് ഷിജിത്ത് തോമസ്, കുന്നംകൈ സാജു പടിഞ്ഞാറയിൽ, പനത്തടിയിൽ ജോണി തോലമ്പുഴ, പയ്യന്നൂരിൽ ജോർജ് കരിയിൽപടുപ്പിൽ, പിയൂസ് പറേടം, മേരിഗിരിയിൽ തോമസ് ഒഴുകയിൽ എന്നിവർ നേതൃത്വം നൽകി.

## പുതിയ യൂണിറ്റ് രൂപീകരണം

ആലക്കോട് ഫൊറോനയിലെ അരിവിളഞ്ഞപൊയിൽ സെന്റ് തോമസ് പള്ളിയിൽ കത്തോലിക്ക കോൺഗ്രസിന്റെ പുതിയ യൂണിറ്റ് രൂപീകരിച്ചു പ്രവർത്തനങ്ങൾ സജീവമാക്കി. അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം പുതിയതായി രൂപീകരിച്ച യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

# ഓവർസീസ് അപ്ഡേറ്റ്സ്

തലശ്ശേരി അതിരൂപതയിൽനിന്നും വിദേശരാജ്യങ്ങളിൽ അജപാലനശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരെ സംബന്ധിച്ചുള്ള വാർത്തകളാണ് ഓവർസീസ് അപ്പ്ഡേറ്റ്സ് എന്ന പേരിൽ ഇവിടെ നൽകുന്നത്. ജർമ്മിനി, ഓസ്ട്രിയ, ഇംഗ്ലണ്ട്, അയർലണ്ട്, അമേരിക്ക, ഇറ്റലി, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നമ്മുടെ അതിരൂപതയിൽനിന്നും ബഹു. വൈദികർ ജോലി ചെയ്യുന്നുണ്ട്. അവരുടെ പ്രവർത്തനങ്ങളെ ഓർമ്മിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും ഓവർസീസ് അപ്പഡേറ്റ്സ് ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

**വള്ളിത്തോട് ടൗണിൽ പ്രതിഷേധം!**

കത്തോലിക്ക കോൺഗ്രസ് കിളിയന്തറ ഇടവക യൂണിറ്റിന്റെ നേതൃത്വത്തിൽ വള്ളിത്തോടിൽ 20-06-2023 ൽ മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യ റാലിയും ക്രൈസ്തവ വേട്ടയ്ക്കെതിരെ പ്രതിഷേധ യോഗവും നടത്തി. കിളിയന്തറ ഇടവക വികാരി ബഹുമാനപ്പെട്ട ഫാദർ തോമസ് തയ്യിൽ ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് പ്രസിഡണ്ട് ഷിബു കുന്നപ്പള്ളി അധ്യക്ഷത വഹിച്ചു.

**അഭിനന്ദനങ്ങൾ!**

യൂത്ത് കൗൺസിൽ അതിരൂപത ജനറൽ കോഡിനേറ്റർ ആയി തളിപ്പറമ്പ് ഇടവക അംഗം ശ്രീ കിഷോർ ചൂരനോ ലിയെ അതിരൂപത എക്സിക്യൂട്ടീവ് യോഗം തെരഞ്ഞെടുത്തു. കിഷോറിന് അഭിനന്ദനങ്ങൾ ആശംസകൾ!

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

## അതിരൂപതാ ഗാതറിംഗ് 2023: Zeillern, Austria

ജർമ്മനി, ഓസ്ട്രിയ എന്നീ രാജ്യങ്ങളിലെ വിവിധ രൂപതക ളിൽ ജോലി ചെയ്യുന്ന തലശ്ശേരി അതിരൂപതാ വൈദികരുടെ ഗാതറിംഗ് ജൂൺ 18 മുതൽ 20 വരെ തീയതികളിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ ഓസ്ട്രിയയിലെ Zeillern-ൽ വച്ച് നടന്നു. ഒന്നുചേർന്നുള്ള വി. കുർബാന അർപ്പണങ്ങളും ഷെയറിങ്ങുകളും, ജൂബിലി-ജന്മദിന ആശംസകളും പിക്നിക്കും അതിരൂപത വിശേഷങ്ങൾ പങ്കുവയ്ക്കലും എല്ലാം ഗാതറിംഗിനെ മനോഹരമാക്കി.

അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ Zeillern ദേവാലയത്തിൽ വച്ച് അർപ്പിക്കപ്പെട്ട കുർബാനയിൽ പങ്കുചേരാൻ ഓസ്ട്രിയ ക്കാരായ ധാരാളം ആളുകൾ, പ്രത്യേകിച്ച് Zeillern ഇടവകാംഗങ്ങൾ, എത്തിച്ചേർന്നു. ഗാതറിംഗിനിടെ ഈ വർഷം പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ബഹു. സെബാസ്റ്റ്യൻ അമ്മിയാനിക്കൽ അച്ചനെയും ബഹു. സാഫി പൗവ്വത്തിൽ അച്ചനെയും അൻപതാം ജന്മദിനം ആഘോഷി ക്കുന്ന ബഹു. ജോൺസൺ തോട്ടത്തിൽ അച്ചനെയും അനുമോദിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. Erzberg ഇരുമ്പ് ഖനിയിലേക്ക് ഒരുമിച്ച് വിനോദയാത്ര നടത്തി. തലശ്ശേരി അതിരൂപത വൈദിക കൂട്ടായ്മ യിൽനിന്ന് മരണംമൂലം വേർപിരിഞ്ഞ ബഹു. ജോൺ വടക്കുംമൂല അച്ചനു വേണ്ടിയും ബഹു. മനോജ് ഒറ്റപ്ലാക്കൽ അച്ചനുവേണ്ടിയും വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. ബഹു. അമ്മിയാനിക്കൽ അച്ചന്റെ നിര്യാ തനായ പിതാവിനെയും വിശുദ്ധ കുർബാനയിൽ പ്രത്യേകം അനുസ്മരി ച്ചു. Zeillern നഗരത്തിലെ മേയറും ഓസ്ട്രിയക്കാരായ ധാരാളം വൈദികരും വിവിധ രൂപത - കോൺഗ്രിഗേ ഷനുകളിൽ അംഗങ്ങളായ മലയാളി വൈദികരും ഗാതറിംഗിനിടെ അഭിവന്ദ്യ പിതാവിനെയും അച്ചന്മാരെയും പരിചയപ്പെടാനും ആശംസകൾ അറിയിക്കാനും എത്തി.

ഗാതറിംഗിന്റെ വിജയത്തിനുവേണ്ടി എല്ലാ കാര്യങ്ങളും ക്രമീകരിച്ചത് ബഹു. അമ്മിയാനിക്കൽ സെബാസ്റ്റ്യന്റെ നേതൃത്വത്തിലുള്ള ഓസ്ട്രിയയിലെ അച്ചന്മാരും പ്രത്യേകിച്ച് Zeillern ഇടവക വികാരിയായ ബഹു. ജെയിംസ് അരീപ്പറമ്പിൽ അച്ചനുംകൂടിയായിരുന്നു. അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യ ത്തിൽകൂടിയ ഗാതറിംഗ് കൂട്ടായ്മയുടെയും സന്തോഷത്തിന്റെയും അവസ രമായിരുന്നു.

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

## TSSS SAJEEVAM ANTI-DRUG CAMPAIGN

സമൂഹത്തെയും പുതുതലമുറയേയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ലഹരിക്കെതിരെ TSSS നെല്ലിക്കാംപൊയിൽ മേഖലയുടെ ആഭിമുഖ്യത്തിൽ SHG മെമ്പർമാർക്കായി ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. ആധുനിക കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്ന ലഹരി വിപത്തുകൾക്കെതിരെ ജനകീയ പ്രതിരോധം തീർക്കുന്നതിന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന സജീവം ആന്റി ഡ്രഗ് ക്യാമ്പയിന്റെ ഭാഗമായാണ് നെല്ലിക്കാംപൊയിൽ മേഖലയിൽ ഇത്തരത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചത്. TSSS റീജിയണൽ ഡയറക്ടർ ഫാ. ജോസഫ് കുരിശുംമൂട്ടിൽ ക്ലാസിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സിവിൽ എക്സൈസ് ഓഫീസർ ശ്രീ. സാജേഷ് ടി.കെ. മുഖ്യാതിഥിയായിരുന്നു. TSSS പ്രോഗ്രാം മാനേജർ ശ്രീമതി മേഴ്സി ജേക്കബ്, TSSS നെല്ലിക്കാംപൊയിൽ മേഖലാ പ്രസിഡണ്ട് ശ്രീ. ജോസഫ് എം.സ്., മേഖലാ സെക്രട്ടറി ശ്രീ. മാത്യു വാണിയകിഴക്കേൽ തുടങ്ങിയവരും 75-ഓളം SHG മെമ്പർമാരും ബോധവൽക്കരണ ക്ലാസിൽ സംബന്ധിച്ചു.

സജീവം ആന്റി ഡ്രഗ് ക്യാമ്പയിന്റെ ഭാഗമായി പേരാവൂർ മേഖലയിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. TSSS മേഖലാ പ്രസിഡണ്ട് ശ്രീ. ഗ്രെയ്സൺ മുള്ളാനിക്കൽ ക്ലാസിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ബാബു ഫ്രാൻസിസ് പ്രസ്തുത ക്ലാസിന് നേതൃത്വം നൽകി. TSSS പ്രോഗ്രാം മാനേജർ ശ്രീമതി ഉഷ ദിനേശൻ, 75-ഓളം SHG മെമ്പർമാർ തുടങ്ങിയവർ ബോധവൽക്കരണ ക്ലാസിൽ സംബന്ധിച്ചു.

## ലഹരിക്കെതിരെ പ്രതിരോധം തീർത്ത് കണ്ണൂർ ചൈൽഡ്‌ലൈനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും

അനുദിനം വർദ്ധിച്ചുവരുന്ന മയക്കുമരുന്നുകളുടെയും മറ്റു ലഹരി പദാർത്ഥങ്ങളുടെയും കരാളഹസ്തങ്ങളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്ന സ്കൂൾ/കോളേജ് വിദ്യാർത്ഥികളേയും യുവതലമുറയേയും ലഹരിവിമുക്ത സമൂഹത്തിലേക്ക് കൈപിടിച്ചു നടത്തുന്നതിനായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ ജില്ലാ ചൈൽഡ്‌ലൈനുമായി സഹകരിച്ച് തലശ്ശേരിയിൽ ഏകാന്ത നാടകവും ഫ്ളാഷ് മോബും സംഘടിപ്പിച്ചു. SAJEEVAM Anti Drug Campaign-ന്റെ ഭാഗമായാണ് 'ലഹരിക്കെതിരെ കൈകോർക്കാം' പരിപാടി തലശ്ശേരിയിൽ പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിച്ചത്. യുവതലമുറയുടെ ആരോഗ്യത്തിനും ലഹരിവിരുദ്ധ സമൂഹത്തെ വാർത്തെടുക്കുന്നതിനും പൊതുസമൂഹത്തിന്റെ പിന്തുണ തേടികൊണ്ട് നടത്തിയ പരിപാടിയിൽ കണ്ണൂർ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി മെമ്പർ ശ്രീ. വത്സൻ കുമ്പളപ്രവൻ അധ്യക്ഷത വഹിച്ചു. പ്രസ്തുത ചടങ്ങിന്റെ ഔദ്യോഗിക ഉദ്ഘാടനകർമ്മം തലശ്ശേരി സബ് ഇൻസ്പെക്ടർ ശ്രീ. സാജേഷ് സി. ജോസ് നിർവ്വഹിച്ചു. തലശ്ശേരി എക്സൈസ് പ്രിവെന്റീവ് ഓഫീസർ ശ്രീ. പ്രദീപൻ പി. പി., ചൈൽഡ്‌ലൈൻ കോർഡിനേറ്റർ ശ്രീമതി ബീന, ചൈൽഡ്‌ലൈൻ ടീം ലീഡർ ശ്രീ. ഹരികുമാർ ബി.പി. എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.

## ബ്രില്ല്യന്റ് സ്റ്റഡി സെന്റർ - തലശ്ശേരി

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന മാതാ ട്രെയിനിംഗ് സെന്ററിൽ ബ്രില്ല്യന്റ് സ്റ്റഡി സെന്ററിന്റെ കോച്ചിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചു. മികച്ച കരിയർ തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച കോച്ചിംഗ് നൽകി വരുന്ന ബ്രില്ല്യന്റ് സ്റ്റഡി സെന്റർ പാലായുടെ തലശ്ശേരിയിലെ സെന്ററാണ് മാതാ ട്രെയിനിംഗ് സെന്ററിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. ഇതോടനുബന്ധിച്ച് കെട്ടിടം നവീകരിക്കുകയും ആവശ്യമായ സജ്ജീകരണങ്ങൾ തലശ്ശേരി അതിരൂപതയുടെ സഹകരണത്തോടെ TSSS-ന്റെ നേതൃത്വത്തിൽ ഒരുക്കുകയും ചെയ്തു.

## TSSS സ്റ്റാഫ് മീറ്റിംഗ്

2023 ജൂൺ മാസത്തിലെ TSSS സ്റ്റാഫ് മീറ്റിംഗ് തലശ്ശേരിയിൽ വച്ച് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, TSSS കേന്ദ്ര ഓഫീസ് സ്റ്റാഫ് അംഗങ്ങൾ, ഫീൽഡ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ സംബന്ധിച്ച മീറ്റിംഗിൽ കഴിഞ്ഞ മാസം TSSS-ന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ജൂൺ മാസം നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ സംരംഭമായി പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ മലയോര ജനതയ്ക്കായി സമർപ്പിച്ചു. ഇരിട്ടി - കടത്തുംകടവിൽ പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടർ മാരുടെയും ടീം അംഗങ്ങളുടെയും സേവനങ്ങളാണ് ഒരുക്കിയിരി ക്കുന്നത്. നിർധനരായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ, ഇടവകാ വികാരിയച്ചന്മാർ മുഖേനയോ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദ മാക്കുവാൻ ശ്രമിക്കുമല്ലോ.

## ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സാമ്പത്തിക ഇടപാടു കൾ കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ ഫൊറോനകളിലും ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണ മായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻ നമ്പർകൂടി ചേർക്കേണ്ടതാണ്. അതിനാൽ

പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## പ്രത്യേക അറിയിപ്പ്

2023 മാർച്ച് 31-ഓടു കൂടി ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്നതിനാലും, 2022-23 വർഷത്തെ സാമ്പത്തിക ഇടപാടുകളുടെ ഓഡിറ്റ് നടത്തേണ്ടതിനാലും, എല്ലാ ഫൊറോനകളിൽനിന്നുമുള്ള ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകളും, സാമ്പത്തിക സഹായങ്ങൾ ലഭിച്ചതിന്റെയും, നൽകിയതിന്റെയും വിവരങ്ങളും, ബാങ്ക് സ്റ്റേറ്റ്മെന്റുകളും +917034532294 എന്ന വാട്സ്ആപ്പ് നമ്പറിലോ, tsssacc@gmail.com എന്ന മെയിൽ ഐഡിയിലോ അയയ്ക്കുവാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം മാർച്ച് മാസം വരെ കഴിഞ്ഞ ബിൽബുക്കുകളും റെസീപ്റ്റ് ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയും തിരിച്ചേൽപ്പിക്കേണ്ടതാണ്.

കൂടാതെ, ഏതെങ്കിലും ഫൊറോനകളിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ചെക്ക് ബുക്കുകൾ, കൂപ്പൺ, റെസീപ്റ്റ് എന്നിവ തീർന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം തലശ്ശേരി കേന്ദ്ര ഓഫീസിൽ അറിയിക്കുകയാണെങ്കിൽ അവ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തുന്നതായിരിക്കും. പ്രിയ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാരുടെയും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള അച്ചന്മാരുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

## കറിപൗഡർ യൂണിറ്റ് ഉദ്ഘാടനം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രഥമ വ്യവസായ സംരംഭമായ കറിപൗഡർ യൂണിറ്റ് 2023 ജൂലൈ മാസത്തിൽ കുന്നോത്ത് പ്രവർത്തനമാരംഭിക്കുന്നു. മായങ്ങളും കീടനാശിനികളും മറ്റു അസംസ്കൃത വസ്തുക്കളും ചേർത്ത് മനുഷ്യന്റെ ആരോഗ്യത്തിന് പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കാർഷിക ഉൽപന്നങ്ങളെ പാടെ ഉപേക്ഷിച്ചുകൊണ്ട് ഏറ്റവും ശുദ്ധവും ആരോഗ്യകരവുമായ ഭക്ഷണപദാർത്ഥങ്ങളെ ജനങ്ങളിലേക്കെത്തിക്കുക എന്ന വലിയ ഉത്തരവാദിത്വമാണ് ബയോ മൗണ്ടൻ കമ്പനി ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

കർഷകരിൽ നിന്നും കാർഷിക ഉൽപന്നങ്ങൾ നേരിട്ട് സംഭരിച്ച്, അവയുടെ ഗുണഫലങ്ങൾക്ക് യാതൊരുവിധ കോട്ടങ്ങളും വരാത്ത രീതിയിൽ വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റികൊണ്ട് ജനങ്ങളിലേക്കെത്തിക്കുന്ന ആശയവും സംവിധാനങ്ങളുമാണ് കമ്പനി മുന്നോട്ടുവയ്ക്കുന്നത്. വിശാലമായ സൗകര്യങ്ങളൊരുക്കി ഏറ്റവും ആധുനിക മെഷീനറികളുടെ സഹായത്തോടെയാണ് ഈ സംരംഭം ഇവിടെ പ്രവർത്തനമാരംഭിക്കുക. കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന ഉൽപന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് ഏറ്റവും ഗുണമേന്മയോടുകൂടിയ പതിനാറോളം കറിമസാലകളാണ് പ്രാരംഭഘ

ട്ടത്തിൽ ഇവിടെ തയ്യാറാക്കപ്പെടുന്നത്. തുടർന്നും വിവിധ മൂല്യവർദ്ധിത ഉൽപ ന്നങ്ങൾ തയ്യാറാക്കി ജനങ്ങളിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തന ങ്ങളും ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. കൂടാതെ കർ ഷകർക്ക് സ്വന്തമായി തങ്ങളുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രസ്തുത സ്ഥാപനത്തിനോടുചേർന്ന് ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആ രംഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങളും നടത്തി വരുന്നു. ഇതിനായുള്ള അപേക്ഷ ബന്ധപ്പെട്ട മേഖലകളിൽ സമർപ്പിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ പാർ ക്ക് സാധ്യമാകുന്നതോടുകൂടി കർഷകർക്ക് ആവശ്യമായ എല്ലാ സേവന ങ്ങളും ഇവിടെ ലഭ്യമാക്കുവാനും അവരുടെ പുരോഗതിയും ഉന്നമനവും പ്രാവർത്തികമാക്കുവാനും സാധിക്കുന്നു.

## ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിന്റെ എം.ബി.എ. വിഭാഗവുമായി സഹകരിച്ച് ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. പത്ത് ദിവസങ്ങളോളം നീണ്ടുനിന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ 12-ഓളം വിദ്യാർത്ഥികൾ പങ്കെടു ക്കുകയും, മാർക്കറ്റിംഗ്, അഡ്വർടൈസിംഗ് തുടങ്ങിയ വിവിധ മേഖലയിലേ ക്ക് ആവശ്യമായ ട്രെയിനിംഗുകൾ വിദഗ്ധരുടെ നേതൃത്വത്തിൽ വിദ്യാർ ത്ഥികൾക്ക് നൽകുകയും ചെയ്തു.

## COMPETITION LAW & COMPLIANCE Advocasy Programme

കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ സഹകരണത്തോടെ കണ്ണൂർ ജില്ല വ്യവസായ വകുപ്പ് സംഘടിപ്പിച്ച COMPETITION LAW & COMPLIANCE Advocasy Programme-ൽ ബയോ മൗണ്ടൻ പ്രതിനിധികളായി മാ നേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, സ്റ്റാഫ് അംഗം സ്റ്റെഫിൻ എ ന്നിവർ പങ്കെടുത്തു.

## സെമിനാർ സംഘടിപ്പിച്ചു

ബയോ മൗണ്ടൻ കമ്പനിയുടെ നേതൃത്വത്തിൽ അങ്ങാടിക്കടവ് ഇടവ കയിൽ കാർഷിക സെമിനാർ സംഘടിപ്പിച്ചു. ഇടവകകളിലും യൂണിറ്റുക ളിലും ബയോ മൗണ്ടൻ കൂട്ടായ്മ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറി ച്ചും, കമ്പനിയുടെ രൂപീകരണത്തോടെ കർഷകർക്കും കാർഷിക മേഖല യ്ക്കും ഉണ്ടാവുന്ന മാറ്റങ്ങളെക്കുറിച്ചും ഗുണങ്ങളെക്കുറിച്ചും സെമിനാറിൽ വിശദീകരിച്ചു. സെമിനാറിനുശേഷം ബയോ മൗണ്ടൻ കൂട്ടായ്മയിൽ അം ഗങ്ങളാവാൻ താൽപര്യമുള്ളവരെ ഉൾപ്പെടുത്തി ബയോ മൗണ്ടൻ യൂണിറ്റ് ആരംഭിച്ചു.

## യൂണിറ്റ് രൂപീകരണം

കച്ചേരിക്കടവ് ഇടവകയിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ പുതിയ യൂണിറ്റ് ആരംഭിക്കുകയും ബയോ മൗണ്ടൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി ചടങ്ങിൽ സംബന്ധിക്കുകയും ചെയ്തു.

## വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾ

* കൊച്ചിയിൽ വച്ച് നടന്ന ദ്വിദിന ട്രെയിനിംഗ് ആയ മില്ലറ്റ് ഉത്സവത്തിൽ ബയോ മൗണ്ടൻ പ്രതിനിധികൾ പങ്കെടുത്തു.
* ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നബാർഡിന്റെ നേതൃത്വത്തിൽ മംഗലാപുരത്ത് വച്ച് സംഘടിപ്പിച്ച മൂന്ന് ദിവസത്തെ Micro Entreprenurship ട്രെയിനിംഗിൽ ബയോ മൗണ്ടൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി, ഡയറക്ടർ ബോർഡ് മെമ്പർ ശ്രീ. പി.ടി. ജോസ് എന്നിവർ പങ്കെടുത്തു.
* സ്പൈസസ് ബോർഡിന്റെ നേതൃത്വത്തിൽ തൊടുപുഴയിൽ വച്ച് സംഘടിപ്പിച്ച Good Agriculture Production ദ്വിദിന ട്രെയിനിംഗ് പ്രോഗ്രാമിൽ ബയോ മൗണ്ടൻ പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

# ഡി പോൾ കെയർ സെന്റർ
## കോടിയേരി

**ക്യാൻസർ രോഗികൾക്കുവേണ്ടി**

മലബാർ ക്യാൻസർ സെന്ററിൽ വരുന്ന രോഗികൾക്ക് ഹോസ്പിറ്റലിനോട് ചേർന്ന് താമസിച്ച് ചികിത്സ നടത്തുന്നതിനും വിശ്രമിക്കുന്നതിനും വേണ്ടി വിൻസെൻഷ്യൻ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപനമാണ് ഡി പോൾ കെയർ സെന്റർ.

**രോഗികൾക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾ**

- ശുചിത്വത്തിനും സുരക്ഷിതത്വത്തിനും ഓരോ രോഗിക്കും ഓരോ മുറികൾ.
- ഒരു മുറിയിൽ 2 ബെഡ്, മേശ, കസേര, അലമാരി, സ്റ്റാന്റ് ടോയ്‌ലറ്റ് സൗകര്യം.
- രോഗിക്ക് ഒന്നിൽ കൂടുതൽ ശുശ്രൂഷകരുടെ ആവശ്യമുണ്ടെങ്കിൽ 3 ബെഡ് മുറിയോ അല്ലെങ്കിൽ മറ്റൊരു മുറിയോ നല്കുന്നു.
- 3 നേരം സൗജന്യ ഭക്ഷണം
- രോഗിക്ക് ഭക്ഷണപാനീയങ്ങൾ സ്വന്തമായി പാചകം ചെയ്ത് വേണ്ട സമയത്ത് കൊടുക്കുന്നതിനുള്ള സൗകര്യം.
- താമസിക്കുന്ന മുറിയോട് ചേർന്ന് വസ്ത്രം കഴുകി ഉണക്കുന്നതിനുള്ള സൗകര്യം.
- ആസ്പത്രിയിലേയ്ക്കോ വീട്ടിലേയ്ക്കോ പോകുന്നതിനുള്ള വാഹന സൗകര്യം.
- ആത്മീയ ആവശ്യങ്ങൾക്ക് പ്രാർത്ഥനാ മുറിയും കൗൺസിലിംഗും ലഭ്യമാണ്.
- മുറിക്ക് വെളിയിൽ വിശ്രമത്തിനും വ്യായാമത്തിനും മുറിയോട് ചേർന്ന് ലൂർദ്ദ് പാർക്കും ഷട്ടിൽ കോർട്ടും ഉപയോഗപ്രദമാണ്.
- ഡി. പോൾ സെന്ററിന്റെ മുൻവശത്തുള്ള തലശ്ശേരി ഗവൺമെന്റ് ആയുർവേദ ആസ്പത്രിയും എതിർവശത്തുള്ള ഇന്ദിരഗാന്ധി ജനറൽ ആസ്പത്രിയും ഇവിടെ വരുന്നവർക്ക് സൗകര്യപ്രദമാണ്.

**ചികിത്സ, താമസസൗകര്യം ആവശ്യമുള്ള എല്ലാവർക്കും സ്വാഗതം.**

*ഡയറക്ടർ ഡി പോൾ കെയർ സെന്റർ, തലശ്ശേരി*
*ഫോൺ : 0490 2358783, 2994496, 9061801496*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മെയ് 2023

30 വെണ്ണക്കല്ല് ഇടവകയിൽ പുതുതായി പണികഴിപ്പിച്ച കല്ലറകളുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. തുടർന്ന് ചന്ദനക്കാംപാറയിൽ നവീകരിച്ച ബാസ്കറ്റ്ബോൾ കോർട്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

21 ഇടവകാ ജൂബിലിയോടനുബന്ധിച്ച് ഇടത്തൊട്ടി ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം എ.കെ. സി.സിയുടെ നേതൃത്വത്തിൽ വായാട്ടുപറമ്പിൽവച്ച് നടത്തിയ കാർഷിക കടാശ്വാസ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ഒറ്റത്തൈ ഇടവകാ ദൈവാലയത്തിൽവച്ച് ആൻജുവൽ കാരക്കാട്ടിന് മാമ്മോദീസാ നൽകി. വൈകുന്നേരം മാവുംചാൽ ഇടവക പാലക്കയംതട്ടിൽ നിർമ്മിച്ച കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

22 രാവിലെ ലിസ്സിഗിരി ഇടവകാ ദൈവാലയത്തിൽവച്ച് ഡൊമിനിക്കൻ സഭാംഗമായ ഡീക്കൻ കുര്യാക്കോസ് കൂട്ടിയാനിക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം വൊക്കേഷനിസ്റ്റ് സന്യാസ സഭയുടെ ബാലേശുഗിരിയിലെ ഭവനം വെഞ്ചരിച്ചു. തുടർന്ന് പാലാവയൽ ഇടവകാംഗവും തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ശ്രീ. ജോർജ്ജ് തയ്യിലിന്റെ മാതാവ് അന്നമ്മ തയ്യിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

23 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് മൂന്നാംവർഷ തിയോളജി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി. ഉച്ചയ്ക്കുശേഷം തലശ്ശേരി സാൻജോസ് സ്കൂളിലെ അധ്യാപകരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം വായാട്ടുപറമ്പ് ഇടവകാംഗമായ ലീലാമ്മ സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

24 രാവിലെ രണ്ടാംവർഷ ഫിലോസഫി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

25-26 ഖത്തർ സെന്റ് മേരീസ് ഇടവകാ ദൈവാലയം കൂദാശ ചെയ്തതിന്റെ വാർഷികത്തിന് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ദീപിക ദിനപത്രത്തിന്റെ വിവിധ മീറ്റിംഗുകളിൽ അധ്യക്ഷത വഹിച്ചു.

27 ബഹു. ജോസഫ് കരിനാട്ട് അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഉദയഗിരി ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം കണ്ണൂരിൽ ചികിത്സയിലായിരുന്ന അഭിവന്ദ്യ ജോർജ്ജ് ഞറളക്കാട്ട് പിതാവിനെയും ബഹു. ആന്റണി തെക്കേമുറിയച്ചനെയും സന്ദർശിച്ചു. വൈകുന്നേരം മാഹിയിൽവച്ച് സംഘടിപ്പിച്ച ദീപികയുടെ വാർഷിക പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

28 ഇടുക്കി രൂപതയിലെ മതാധ്യാപകരുടെ കൺവെൻഷനിൽ ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം പാലാ നീലൂർ ഇടവകാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

29 വടകരയിൽവച്ച് കാറപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന വൈദികരെ സന്ദർശിച്ചു. അപകടത്തെ തുടർന്ന് മരണപ്പെട്ട ബഹു. അബ്രാഹം ഒറ്റപ്ലാക്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടത്തിയശേഷം എടൂർ സ്വഭവനത്തിലേക്കുള്ള യാത്രയിൽ പങ്കുചേർന്നു. എടൂർ ഇടവകയിൽ മരണപ്പെട്ടപോൾ മരോട്ടുകാവിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 വാഹനാപകടത്തിൽ പരിക്കേറ്റ വൈദികരെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം ബഹു. അബ്രാഹം ഒറ്റപ്ലാക്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷ എടൂർ ഫൊറോനാ ദൈവാലയത്തിൽ നടത്തി.

31 പാലാവയൽ ഇടവകാ ദൈവാലയത്തിൽവച്ച് പൗരോഹിത്യ ജൂബിലിയുടെ നിറവിലുള്ള ഫാ. ജോണി ഇടക്കര അച്ചന്റെ ജൂബിലി കുർബ്ബാനയിൽ സന്ദേശം നൽകി.

## ജൂൺ 2023

01 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

02 കാലിച്ചാമരം ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ജോൺ വടക്കുംമൂലയിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

03 തളിപ്പറമ്പ് ഫൊറോനാ ദൈവാലയത്തിൽവച്ച് മിഷൻ ലീഗിന്റെ 2023 പ്രവർത്തന വർഷ ഉദ്ഘാടനം നിർവ്വഹിച്ചു.

04 മണിക്കടവ് ഇടവകാംഗമായ ജോസഫ് പറകൊട്ടിയേലിന്റെ മൃതസം

സ്കാര ശുശ്രൂഷയിലെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കണ്ണൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

05 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കേളകം സെന്റ് ജോസഫ് ദൈവാലയത്തിൽവച്ച് മെൽബിൻ പടിഞ്ഞാറെയിലിന്റെയും അനീറ്റ ആഞ്ഞിലിത്തോപ്പിലിന്റെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് പേരാവൂരിൽവച്ച് എ.കെ.സി.സിയുടെ നേതൃത്വത്തിൽ നടത്തിയ ഭവനരഹിതർക്ക് വീട് നിർമ്മിക്കാൻ ഭൂമി നൽകുന്ന ‘‘ആശ്വാസ തണൽ’’ പദ്ധതി ഉദ്ഘാടനം ചെയ്തു. രാത്രിയോടെ വായാട്ടുപറമ്പിലെത്തി അന്നമ്മ തോമസ് മന്നാടിയേലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

06 അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

07-08 കെ.സി.ബി.സി മീറ്റിംഗിൽ പങ്കെടുത്തു.

09 നവീകരിച്ച മാതാസെന്ററിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂളിൽ അക്കാദമിക് വർഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കുന്നോത്ത് മേജർ സെമിനാരിയിൽ പുതുതായി എത്തിയ പ്രൊഫസർമാരുമായി അഭിമുഖം നടത്തി.

10 രാവിലെ നിർമ്മലഗിരി കോളേജിൽ അധ്യാപകർക്കായി നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് തലശ്ശേരിയിൽവച്ച് ചേർന്ന മതാധ്യാപക കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം മട്ടന്നൂരിൽവച്ച് വൈസ്മെൻ ക്ലബ്ബിന്റെ റീജിയണൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് കുന്നോത്ത് മേജർ സെമിനാരിയിൽ സന്ദർശനം നടത്തി.

11 ചികിത്സയിലായിരിക്കുന്ന ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചനെയും ഫാ. ആന്റണി തെക്കേമുറി അച്ചനെയും സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം വായാട്ടുപറമ്പിൽവച്ച് വിദ്യാർത്ഥികൾക്കായി നടത്തിയ ദിശാദർശൻ കരിയർ ഗൈഡൻസ് പ്രോഗ്രാമിന് സന്ദേശം നൽകി.

12-16 സീറോമലബാർ സഭാ സിനഡിൽ പങ്കെടുത്തു.

17-24 യൂറോപ്യൻ രാജ്യങ്ങളിൽ സേവനം ചെയ്യുന്ന വൈദികരെ സന്ദർശിച്ചു.

JULY 2023

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 10.30 am | - | Manippara: Marriage |
| | 04.00 pm | - | Nelliyadukkom: Alter Blessing |
| 02 | | - | Punnakkunnu: Pastoral Visit |
| 03 | 09.00 am | - | Kaneeladukkom: Parish Jubilee |
| | 03.00 pm | - | Paisakary: Parish Jubilee |
| 04-06 | | - | Refresher Course: Batch I |
| 07 | | - | Bangalore: Colloquium |
| 08 | 10.00 am | - | Thalassery: Vocation Bureau Meeting |
| | 04.00 pm | - | Koluvally: Betrothal |
| 09 | | - | Pastoral Visit: Santhinagar |
| | 04.00 pm | - | Nirmalagiri: Baptism |
| 10-12 | | - | Refresher Course: Batch II |
| 13 | | - | Visitors Day |
| 14-27 | | - | Holy Land |
| 28 | 09.30 am | - | Kolayad: Parish Feast |
| 29 | 10-01 pm | - | Vellarikkundu: Parish Council Meeting |
| | 02-05 pm | - | Thomapuram: Parish Council Meeting |
| 30 | | - | Pastoral Visit: Payyannur |
| 31 | 10.00 am | - | Major Superiors Meeting |



**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മെയ് 2023

23 കോഴിച്ചാൽ ഇടവകയിൽ വച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ കുട്ടികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ്, വായാട്ടുപറമ്പ് ഇടവകയിൽ നിര്യാതയായ ലീലാമ്മ പുത്തൻപുരയിലിന്റെ വീട്ടിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

24 നെല്ലിക്കാംപൊയിൽ ഫോറോന ദേവാലയത്തിൽ വച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ കുട്ടികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചയ്ക്ക് മണിപ്പാറ ഇടവകാംഗമായ ആഞ്ഞിലിത്തോപ്പിൽ അനീറ്റയുടെയും മെൽബിന്റെയും മനസമ്മതം നടത്തി. ഉച്ചകഴിഞ്ഞ്, പേരട്ട ഇടവകയിൽ വച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ കുട്ടികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

25 കല്ലുവയൽ ഇടവകയിൽ ബഹു. സി. കൃപ SABS ന്റെ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ച കഴിഞ്ഞ്, ബഹു. ബേബി കരിന്തോളിലച്ചന്റെ വല്യമ്മ - അന്നമ്മ നടുത്തോട്ടത്തിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

### ജൂൺ 2023

08. വാഹനാപകടത്തിൽ മരണപ്പെട്ട ബഹു. മനോജ് ഒറ്റപ്ലാക്കലച്ചനുവേണ്ടി എടൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് വി. കുർബാന അർപ്പിക്കുകയും സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലുകയും ചെയ്തു.

12 – 16 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോമലബാർ മെത്രാൻ സിനഡ് സമ്മേളനത്തിൽ പങ്കെടുത്തു.

17 വൈകുന്നേരം, കരിമണ്ണൂർ സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട കോതമംഗലം രൂപത ദിനാഘോഷത്തിൽ മുഖ്യാതിഥിയായി.

19 രാവിലെ ആരക്കുഴ സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് ബഹു. ലൂക്ക് ഞറളക്കാട്ടച്ചനുവേണ്ടി വി. കുർബാന അർപ്പിച്ചു.

JULY 2023

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 9:00 am | - | House Blessing C/o YMCA, Kunnoth |
| 03 | | - | Feast Mass, Kolakkad |
| 11 | 3:00 pm | - | YMCA Meeting, Karuvanchal |
| 16 | 8:45 am | - | Feast Mass, Peravoor OCD Ashram |
| 22 | 10:30 am | - | Jubilee, Madathill |
| 25 | 10:00 am | - | Vocation Bureau Meeting, Kakkanad |
| 27 | 4:30 pm | - | Feast Mass, Kolayad |
| 28 | 10:00 am | - | Feast Mass, Ettupara |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### മെയ് 2023

22 മേരിഗിരി ഇടവകയിൽ വച്ച് നടന്ന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

24 വെള്ളരിക്കുണ്ടിൽ വച്ച് നടന്ന ഏഞ്ചൽസ് മീറ്റിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

25 മാനടുകത്ത് വച്ച് നടന്ന ഏഞ്ചൽസ് മീറ്റിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

27 ഉദയഗിരി ഇടവകയിൽ വച്ച് നടന്ന ഫാ. ജോസഫ് കരിനാട്ടിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയിൽ സഹകാർമികത്വം വഹിച്ചു.

28 പൂളപ്പാടം ഇടവകയിൽ ചെമ്പകത്തിനാൽ മാത്യുവിന്റെ ജ്ഞാനസ്നാന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

29 ഫാദർ അബ്രാഹം ഒറ്റപ്ലാക്കലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളുടെ ഒന്നാം ഭാഗത്തിന് കത്തീഡ്രൽ പള്ളിയിൽ സഹകാർമ്മികത്വം വഹിച്ചു.

30 എടൂരിൽ വച്ച് നടന്ന ഫാദർ അബ്രാഹം ഒറ്റപ്ലാക്കലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് സഹകാർമ്മികത്വം വഹിച്ചു.

### ജൂൺ 2023

01 കാലിച്ചാനടുക്കം ഇടവകയിൽ വച്ച് നടന്ന ഫാദർ ജോൺ വടക്കുംമൂലയിലിന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ ഒന്നാം ഭാഗത്തിന് മുഖ്യ കാർമികത്വം വഹിച്ചു.

03 പാലാ കാഞ്ഞിരത്താനം ഇടവകയിൽ വച്ച് കളശ്ശേരി ഇമ്മാനുവൽ -ആൻ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

06 കാപ്പാട് ഇടവകയിലെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

07 കുഴിക്കാട്ടുശ്ശേരിയിൽ വച്ച് നടന്ന വിശുദ്ധ മറിയം ത്രേസ്യായുടെ തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായുള്ള വിശുദ്ധ കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

10 നെടുംപുറഞ്ചാൽ ഇടവകയിൽ ജോൺസൺ പുതുകുളങ്ങരയുടെ പുതിയ ഭവനം ആശീർവദിച്ചു.

12-16 മൗണ്ട് സെൻറ് തോമസിൽ വച്ച് നടന്ന സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

19 ചെറുപുഴ ഇടവകയിൽ വച്ച് മുണ്ടാമറ്റത്തിൽ ആൽബർട്ട് - അമല ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

20 കിളിയന്തറ S.A.B.S പ്രോവിൻഷ്യൽ ഹൗസിൽ വച്ച് മരണപ്പെട്ട സിസ്റ്റർ തെരേസ ആറു പാറയുടെ മൃതസംസ്കാര ശുശ്രൂഷകളുടെ ഒന്നാം ഭാഗത്തിന് മുഖ്യ കാർമികത്വം വഹിച്ചു. വൈകിട്ട് പേരാവൂർ ഇടവകയിൽ വച്ച് മരണപ്പെട്ട മണിക്കത്താഴെ ടോമിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

# ആദരാഞ്ജലികൾ



റവ. ഫാ. അബ്രാഹം (മനോജ്) ഒറ്റപ്ലാക്കൽ

ജനനം 19.03.1985 | മരണം 29.05.2023



റവ. ഫാ. ജോൺ വടക്കുംമൂല

ജനനം 29.03.1939 | മരണം 31.05.2023

RNI Reg. No. 5910 Date of Publication: 28/06/2023
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24

## ജൂലൈ 28 വി. അൽഫോൻസാമ്മ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.